41 സൂറത്ത് 'ഹാമീം സജദഃ' سورة فصّلت

സൂറത്തു 'ഫുസ്സ്വിലത്ത്' എന്നും ഇതിനു പേരുണ്ട്.
മക്കായിൽ അവതരിച്ചത് വചനങ്ങൾ 54 വിഭാഗം (റുകൂഅ്) 6

ഇമാം ബൈഹഖീ, ഹാകിം (ﷺ) മുതലായ പല ഹദീസുപണ്ഡിതൻമാരും നിവേദനം ചെയ്തിട്ടുള്ള ഒരു സംഭവമാണ് ചുവടെ ചേർക്കുന്നത്:–

ഒരിക്കൽ ഖുറൈശികൾ ഒരു യോഗം ചേർന്ന് ഇങ്ങിനെ പ്രസ്താവിക്കുകയുണ്ടായി: ''നമുക്കിടയിൽ ഭിന്നിപ്പും ഛിദ്രവും ഉണ്ടാക്കുകയും, നമ്മുടെ മതത്തെ ആക്ഷേപിക്കുകയും ചെയ്യുന്ന ഈ മനുഷ്യന്റെ (നബിയുടെ) അടുക്കൽ ചെന്ന് ജാലവിദ്യ, പ്രശ്നവിദ്യ, കവിത ആദിയായവയിൽ സമർത്ഥനായ ഒരാൾ അവനുമായി ഒരു സംഭാഷണം നടത്തി അവനെ അതിൽനിന്ന് പിൻമാറ്റുവാൻ സാധിക്കുമോ എന്ന് നോക്കട്ടെ.'' ഇതിനായി ഉത്ത്ബത്തുബ്നു റബീഅഃയെ (عتبة بن ربيعة) അവർ പറഞ്ഞയച്ചു. ഉത്തബത്തു നബി (ﷺ) യുടെ അടുക്കൽ ചെന്ന് ഇങ്ങിനെ പറഞ്ഞു: ''മുഹമ്മദേ, നീയോ (നിന്റെ പിതാവായ) അബ്ദുല്ലയോ ഉത്തമൻ?'' തിരുമേനി മൗനമവലംബിച്ചു. വീണ്ടും ഉത്ത്ബത്ത്: ''അല്ലെങ്കിൽ നീയോ (നിന്റെ പിതാമഹൻ) അബ്ദുൽ മുത്വലിബോ ഉത്തമൻ?'' തിരുമേനി ഉത്തരം പറഞ്ഞില്ല. ഉത്ത്ബത്തു തുടർന്നു: ''ഇവരെല്ലാം നിന്നെക്കാൾ ഉത്തമൻമാരായിരുന്നുവെങ്കിൽ, നീ കുറ്റപ്പെടുത്തുന്ന ഈ ദൈവങ്ങളെ (വിഗ്രഹങ്ങളെ) അവരും ആരാധിച്ചു വന്നിരുന്നു. അവരെക്കാൾ ഉത്തമൻ നീയാണെന്നു പറയുന്നുവെങ്കിൽ നീയൊന്നു സംസാരിക്കൂ, ഞങ്ങൾ കേൾക്കട്ടെ!''

ഉത്ത്ബത്തു തുടർന്നു: ''അല്ലാഹുവാണ് സത്യം! ഈ ജനതയിൽ നിന്നെക്കാൾ ലക്ഷണംകെട്ടവൻ മറ്റൊരാളും ഉണ്ടായിട്ടില്ല ഞങ്ങളുടെ ഐക്യം നീ ശിഥിലമാക്കി: ഞങ്ങളുടെ കാര്യങ്ങൾ നീ താറുമാറാക്കി: മതത്തെ നീ കുറ്റപ്പെടുത്തി; അറബികളുടെ മുമ്പിൽ ഞങ്ങളെ അപമാനിച്ചു. ഹേ, മനുഷ്യാ! നിനക്കു (സാമ്പത്തികമായ) വല്ല ആവശ്യവുമാണുള്ളതെങ്കിൽ,ഞങ്ങൾ നിനക്ക് ധനം ശേഖരിച്ചുതന്ന് നിന്നെ ഖുറൈശികളിൽ വലിയ ഒരു ധനികനാക്കിത്തരാം. വിവാഹമാണാവശ്യമെങ്കിൽ, നീ ഇഷ്ടപ്പെടുന്ന സ്ത്രീയെ നിനക്കു വിവാഹം ചെയ്തു തരാം. വേണമെങ്കിൽ പത്തുപേരെ വിവാഹം കഴിച്ചുതരാം.''

നബി (ﷺ)ചോദിച്ചു: ''താങ്കൾ പറഞ്ഞു കഴിഞ്ഞുവോ?'' ഉത്ത്ബത്ത്: ''അതെ'', ''എന്നാൽ കേൾക്കൂ'' എന്നു പറഞ്ഞു കൊണ്ട് തിരുമേനി 'ഹാമീം സജദഃയുടെ 'ബിസ്മില്ലാഹി' മുതൽ 13-ാം വചനം തീരുന്നതുവരെ (من بسم الله – الى قوله : مثل صاعقة عاد وثمود) ഉത്ത്ബത്തിനെ ഓതി കേൾപ്പിച്ചു.''

കൈകൾ പിന്നോക്കം കെട്ടിനിന്നു അതെല്ലാം കേട്ട ഉത്ത്ബത്ത് നബി (ﷺ) യോട് അപേക്ഷിച്ചു: ''മതി! മതി!!'' ഉത്ത്ബത്തിന്റെ വന്നപ്പോഴത്തെ മുഖഭാവം മാറി. ഖുറൈശികളുടെ സദസ്സിലേക്കല്ല, നേരെ സ്വന്തം വീട്ടിലേക്കായിരുന്നു, അയാൾ മടങ്ങിപ്പോയത്.

ഉത്ത്ബത്തു മതം മാറിപ്പോയോ എന്നു പോലും ഖുറൈശികൾ സംശയിച്ചു. അബൂ ജഹ്ൽ മുതലായവർ അയാളെ വീട്ടിൽ ചെന്നു കണ്ടു. അയാൾ അവരോടിങ്ങനെ പറഞ്ഞു: ''മുഹമ്മദിൽ നിന്നു ഞാൻ ചിലതെല്ലാം കേൾക്കുകയുണ്ടായി, അതു ജാലമല്ല, പ്രശ്നവുമല്ല, കവിതയുമല്ല. അതുപോലുള്ള വാക്കുകൾ ഞാൻ കേട്ടിട്ടില്ല. അവസാനം അവൻ 'ആദു-ഥമൂദി 'മേതുപോലെയുള്ള ശിക്ഷയെക്കുറിച്ചു നമ്മെ താക്കീതും ചെയ്കയുണ്ടായി. അപ്പോൾ, ഞാനവന്റെ വായക്കുപിടിച്ച് കേണപേക്ഷിച്ചു. എന്നിട്ടാണ് അവനത് നിറുത്തിയത്. നിങ്ങൾക്കറിയാമല്ലോ, മുഹമ്മദ് കളവു പറയാറില്ലെന്ന്. അതുകൊണ്ട് നമുക്ക് വല്ല ശിക്ഷയും ബാധിച്ചേക്കുമോ എന്നു ഞാൻ ഭയപ്പെട്ടുപോയി!''

ഒരു നിവേദനത്തിൽ ഉത്ത്ബത്തിൻെറ മറുപടിയിൽ ഇപ്രകാരവും കാണാം: ''മുഹമ്മദിനെയും, അവൻെറ കാര്യത്തെയും നിങ്ങൾ വിട്ടേക്കുക. നിശ്ചയമായും അവന്നൊരു ഭാവിയുണ്ട്. ഞാൻ ഇപ്പറയുന്നത് നിങ്ങൾ അനുസരിക്കണം. വേറെ ഏതു വാക്ക് നിങ്ങൾ നിരസിച്ചാലും വിരോധമില്ല. അറബികൾ മുഹമ്മദിനെ അപായപ്പെടുത്തിയെങ്കിൽ നിങ്ങൾക്ക് അവൻെറ ശല്യം നീങ്ങുമല്ലോ. അതല്ല, അവന് പ്രതാപം വർദ്ധിക്കുകയാണെങ്കിൽ, അതു നിങ്ങളുടെ-ഖുറൈശികളുടെ-യും പ്രതാപമായിരിക്കും.'' ഉത്ത്ബത്തിനെ അമ്പരിപ്പിച്ച ആ സൂക്തങ്ങളെ മനസ്സിരുത്തി വായിക്കുമ്പോൾ അറിയാം അവയിലടങ്ങിയ ആശയങ്ങളുടെ ഗൗരവം.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ١

1 'ഹാ-മീം.'

حمٓ ١

2 പരമകാരുണികനും, കരുണാനിധിയുമായുള്ളവനിൽ നിന്നുള്ള അവതാരണമാണ് (ഇത്).

تَنزِيلٞ مِّنَ ٱلرَّحۡمَٰنِ ٱلرَّحِيمِ ٢

3 അറബിഭാഷയിലുള്ള ഒരു 'ഖുർആൻ' [പാരായണഗ്രന്ഥം] എന്ന നിലയിൽ 'ആയത്ത്' [സൂക്തം]കൾ വിശദീകരിക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥം, അറിയുന്ന ജനങ്ങൾക്കു വേണ്ടി!-

كِتَٰبٞ فُصِّلَتۡ ءَايَٰتُهُۥ قُرۡءَانًا عَرَبِيّٗا لِّقَوۡمٖ يَعۡلَمُونَ ٣

4 സന്തോഷവാർത്ത അറിയിക്കുന്നതും, താക്കീത് നൽകുന്നതുമായിക്കൊണ്ട്. എന്നാൽ, അവരിൽ അധികമാളും (അവഗണിച്ച്) തിരിഞ്ഞുകളഞ്ഞു. അങ്ങനെ, അവർ (ചെവി കൊടുത്ത്) കേൾക്കുന്നില്ല.

بَشِيرٗا وَنَذِيرٗا فَأَعۡرَضَ أَكۡثَرُهُمۡ فَهُمۡ لَا يَسۡمَعُونَ ٤

---

1 **حـم** ഹാ- മീം. 2 **تـنـزِيلٌ** അവതരിപ്പിക്കൽ. **من الرحمن** പരമകാരുണികനിൽ നിന്നുള്ള. **الرحيم** കരുണാനിധിയായ. 3 **كتاب** ഒരു ഗ്രന്ഥം(വേദഗ്രന്ഥം). **فُصلت** വിശദീകരിക്കപ്പെട്ടിട്ടുണ്ട്, വേർതിരിച്ചു പറയപ്പെട്ട. **آياته** അതിൻെറ ആയത്തുകൾ. **قُرآنا** ഒരു ഖുർആൻ (പാരായണഗ്രന്ഥം) ആയിക്കൊണ്ട്. **عربِيا** അറബിയിലുള്ള. **لقَومٍ** ഒരു ജനതക്കുവേണ്ടി. **يعلمونَ** അറിയുന്ന. 4 **بشِيرا** സന്തോഷവാത്ത അറിയിക്കുന്നതായി. **ونذيرا** താക്കീത് നൽകുന്നതും. **فَأَعرض** എന്നാൽ (എന്നിട്ട്) തിരിഞ്ഞ് കളഞ്ഞു, അവഗണിച്ച്. **أَكْثَرهم** അവരിലധികവും. **فَهم** അങ്ങനെ അവർ. **لاَ يسمعونَ** കേൾക്കുന്നില്ല, ചെവി കൊടുക്കുന്നില്ല.

ബാഹ്യവും, ആന്തരീകവുമായ എല്ലാതരം കാരുണ്യങ്ങളുടെയും പരമകേന്ദ്രമായ അല്ലാഹു അവൻെറ അടിയാൻമാരുടെ ശാശ്വത നൻമക്കുവേണ്ടി അവതരിപ്പിച്ച അനുഗൃഹീത ഗ്രന്ഥമത്രെ വിശുദ്ധ ഖുർആൻ. നിഷ്പ്രയാസം പാരായണം ചെയ്വാനും, ഗ്രഹിച്ചു മനസ്സിലാക്കുവാനും വേണ്ടി അതിലെ സൂക്തങ്ങൾ ഓരോന്നും വെവ്വേറെ പിരിച്ച് വേർതിരിച്ചും, അതാതിലെ ആശയങ്ങൾ വിശദീകരിച്ചുംകൊണ്ട് അറബിഭാഷയിലുള്ള ഒരു നിത്യപാരായണ ഗ്രന്ഥമായിട്ടാണ് അത് അവതരിപ്പിക്കുന്നത്. കാര്യങ്ങൾ ഗ്രഹിക്കുന്ന--വസ്തുതകളെപ്പറ്റി ആലോചിക്കുന്ന-ആളുകൾക്ക് അത് പ്രയോജനപ്പെടാതിരിക്കുകയില്ല. സത്യത്തിൽ വിശ്വസിക്കുന്നവർക്ക് അതു സന്തോഷവാർത്തയും, അവിശ്വസിക്കുന്നവർക്ക് അത് താക്കീതും നൽകുന്നു.

'വിവരിക്കപ്പെട്ടു, വേർതിരിക്കപ്പെട്ടു' എന്നൊക്കെ അർത്ഥം വരാവുന്ന വാക്കാണ് فصلت (ഫുസ്-സ്വിലത്ത്.) അതുകൊണ്ട് രണ്ടുതരത്തിലുള്ള വ്യാഖ്യാനങ്ങൾ അതിന് നൽകപ്പെട്ടു കാണാം. 1) ഖുർആന്റെ ആയത്തുകളാകുന്ന വചനങ്ങൾ-അല്ലെങ്കിൽ (*) അദ്ധ്യായങ്ങൾ-ഓരോന്നിനും സൗകര്യപൂർവ്വം പ്രത്യേക തരത്തിലുള്ള പ്രാരംഭവും സമാപനവുംനൽകിക്കൊണ്ട് ഹൃദ്യവും, ആകർഷണീയവുമായ ശൈലിയിലാണ് ഖുർആൻ ഉള്ളത്. 2) ഖുർആനിലെ ഓരോ വചനവും, ഓരോ അദ്ധ്യായവും, അതതിലെ ആശയങ്ങൾ ജനങ്ങൾക്ക് വേണ്ടതുപോലെ ഗ്രഹിക്കുമാറ് സമർത്ഥമായ രീതിയിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. വാസ്തവത്തിൽ, ഈ രണ്ടു വ്യാഖ്യാനവും ഖുർആനെ സംബന്ധിച്ചിടത്തോളം തികച്ചും യഥാർത്ഥവുമാണ്. പക്ഷേ, എന്നിട്ടും ജനങ്ങളിൽ മിക്കവരും അതിന്റെ നേരെ അവഗണനയാണ് കാണിക്കുന്നത്. മാത്രമല്ല;-

5 അവർ പറയുകയും ചെയ്യുന്നു: ''(മുഹമ്മദേ) നീ യാതൊന്നിലേക്ക് ഞങ്ങളെ ക്ഷണിക്കുന്നുവോ അതിനെക്കുറിച്ച് ഞങ്ങളുടെ ഹൃദയങ്ങൾ (ഒരു തരം) മൂടികളിലാണുള്ളത്; ഞങ്ങളുടെ കാതുകളിലുമുണ്ട് (ഒരു തരം) കട്ടി. ഞങ്ങളുടെയും നിന്റെയും ഇടക്ക് (യോജിക്കാത്തവണ്ണം) ഒരു മറയുമുണ്ട്. ആകയാൽ (നീ കണ്ടത്) നീ പ്രവർത്തിച്ചു കൊള്ളുക; നിശ്ചയമായും ഞങ്ങൾ (കണ്ടത് ഞങ്ങളും) പ്രവർത്തിക്കുന്നവരാണ്!''

وَقَالُوا۟ قُلُوبُنَا فِىٓ أَكِنَّةٍ مِّمَّا تَدْعُونَآ إِلَيْهِ وَفِىٓ ءَاذَانِنَا وَقْرٌ وَمِنۢ بَيْنِنَا وَبَيْنِكَ حِجَابٌ فَٱعْمَلْ إِنَّنَا عَـٰمِلُونَ ﴿٥﴾

---

5 وَقَالُوا അവർ പറയുകയും ചെയ്തു (ചെയ്യുന്നു). قُلُوبنا ഞങ്ങളുടെ ഹൃദയങ്ങൾ. في أكنة (ചില) മൂടികളിലാണ്. مما യാതൊന്നിനെപ്പറ്റി. تدعونا നീ ഞങ്ങളെ ക്ഷണിക്കുന്നു. إليه അതിലേക്ക്. وفي آذَانِنا ഞങ്ങളുടെ കാതുകളിലുമുണ്ട്. وقر ഒരു കട്ടി, ഭാരം. ومن بيننا ഞങ്ങളുടെ ഇടയിലുണ്ട്. وبينك നിന്റെ ഇടയിലും. حجاب ഒരു മറ (തടസ്സം). فَاعمَلْ ആകയാൽ പ്രവർത്തിച്ചുകൊള്ളുക. إننا നിശ്ചയമായും ഞങ്ങൾ. عاملُونَ പ്രവർത്തിക്കുന്നവരാണ്.

ഞങ്ങൾ സത്യം ചെവിക്കൊള്ളുവാൻ ഒരിക്കലും തയ്യാറില്ലെന്നും, നാം തമ്മിൽ യോജിച്ചു പോകുക സാധ്യമല്ലെന്നും നിസ്സങ്കോചം ദുരഭിമാനം കൊള്ളുവാൻ അവർ ധൃഷ്ടരായിരിക്കുകയാണ്. എന്നിട്ടും, സൗമ്യമായ രീതിയിൽ അവരോട് മറുപടി പറയുവാൻ അല്ലാഹു നബി (ﷺ)യെ ഉപദേശിക്കുന്നു:-

6 (നബിയേ) പറയുക: ''ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രം; നിങ്ങളുടെ ഇലാഹ് [ആരാധ്യൻ] ഒരേ ഒരു ഇലാഹാണെന്ന് എനിക്ക് 'വഹ്‌യു' [ഉൽബോധനം] നൽകപ്പെടുന്നു. ആകയാൽ, നിങ്ങൾ അവങ്കലേക്ക് ചൊവ്വായി നിലകൊള്ളുവിൻ; അവനോട് പാപമോചനം തേടുകയും ചെയ്യുവിൻ.'' ബഹുദൈവവിശ്വാസികൾക്കു നാശം

قُلْ إِنَّمَآ أَنَا۠ بَشَرٌ مِّثْلُكُمْ يُوحَىٰٓ إِلَىَّ أَنَّمَآ إِلَـٰهُكُمْ إِلَـٰهٌ وَٰحِدٌ فَٱسْتَقِيمُوٓا۟ إِلَيْهِ وَٱسْتَغْفِرُوهُ ۗ وَوَيْلٌ لِّلْمُشْرِكِينَ ﴿٦﴾

---

* ഖുർആൻ സൂക്തങ്ങൾക്കും അദ്ധ്യായങ്ങൾക്കും 'ആയത്തു'കൾ എന്നു പറയാമെന്ന് കഴിഞ്ഞ അദ്ധ്യായത്തിൽ വെച്ചു നാം കണ്ടുവല്ലോ.

7 ‘സക്കാത്ത്’ കൊടുക്കാത്തവർ; പരലോകത്തെക്കുറിച്ചാകട്ടെ, അവർ അവിശ്വാസികളുമാണ്. (അങ്ങിനെയുള്ള മുശ്‌രിക്കുകൾക്ക് നാശം.)

ٱلَّذِينَ لَا يُؤْتُونَ ٱلزَّكَوٰةَ وَهُم بِٱلْـَٔاخِرَةِ هُمْ كَـٰفِرُونَ ﴿٧﴾

---

6 **قُلْ** പറയുക. **إنما أنا** നിശ്ചയമായും ഞാൻ. **بشر** ഒരു മനുഷ്യൻ (മാത്രം). **مثلكم** നിങ്ങളെപ്പോലുള്ള. **يوحى إلي** എനിക്ക് വഹ്‌യു നൽകപ്പെടുന്നു. **أنما إلهكم** നിങ്ങളുടെ ഇലാഹാണെന്ന്. **إلـه واحد** ഏകനായ (ഒരേ) ഇലാഹു. **فاستقيموا** അതുകൊണ്ട് നിങ്ങൾ ചൊവ്വായി (നേരെ) നിലകൊള്ളുവിൻ. **إليه** അവങ്കലേക്ക്. **واستغفروه** അവനോട് പാപമോചനം (പൊറുക്കൽ) തേടുകയും ചെയ്‌വിൻ. **وويلٌ** കഷ്ടം, നാശം. **للمشركين** മുശ്‌രിക്കുകൾക്കാണ്. 7 **الذين لا يؤتونَ** കൊടുക്കാത്തവരായ. **الزكاةَ** സകാത്ത്, ധർമ്മം. **وهم** അവർ, അവരാകട്ടെ. **بالآخرة** പരലോകത്തെപ്പറ്റി. **هم** അവർ. **كافرونَ** അവിശ്വാസികളാണ് (താനും).

മാനുഷികമായ പ്രകൃതിയിൽ ഞാനും നിങ്ങളെപ്പോലെയുള്ള ഒരുവൻതന്നെ. എങ്കിലും, അല്ലാഹുവിൽനിന്നു ദൗത്യസന്ദേശങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രവാചകനും, ആരാധ്യൻ അല്ലാഹു മാത്രമാണെന്ന തത്വം പ്രബോധനം ചെയ്‌വാൻ നിയുക്തനായവനുമത്രെ ഞാൻ. അതുകൊണ്ടാണ് ഞാൻ നിങ്ങളെ അതിലേക്ക് വിട്ടുവീഴ്ചകൂടാതെ ക്ഷണിച്ചുകൊണ്ടിരുന്നതും, ആ അടിസ്ഥാനതത്വത്തിൽ നീക്കുപോക്ക് വരുത്തുവാൻ തയ്യാറില്ലാത്തതും എന്നു സാരം.

മുശ്‌രിക്കുകളുടെ സ്വഭാവങ്ങളായി രണ്ടു കാര്യങ്ങൾ അല്ലാഹു ഇവിടെ എടുത്തുപറഞ്ഞിരിക്കുന്നു. ഒന്ന് അവർ ‘സകാത്തു’ കൊടുക്കുന്നില്ലെന്നും, മറ്റൊന്ന് അവർ പരലോകത്തിൽ വിശ്വസിക്കാത്തവരാണെന്നും. പരലോകത്തിൽ-അഥവാ മരണാനന്തരജീവിതത്തിലും, പ്രതിഫലത്തിലും-വിശ്വസിക്കാത്തവരാണ് മുശ്‌രിക്കുകൾ എന്നു വ്യക്തം തന്നെ. എന്നാൽ, ‘സകാത്തു കൊടുക്കാത്തവർ (الذين لا يؤتون الزكوة) എന്ന വിശേഷണം പ്രത്യേകം ശ്രദ്ധാർഹമാണ്. സക്കാത്തിന് അല്ലാഹു കൽപിക്കുന്ന പ്രാധാന്യം എന്തു മാത്രമുണ്ടെന്ന് ഇതിൽ നിന്നു മനസ്സിലാക്കേണ്ടതുണ്ട്. പരലോകത്തിൽ വിശ്വസിക്കാത്തതും സക്കാത്തു കൊടുക്കാത്തതുമാണ് മുശ്‌രിക്കുകളുടെ നാശഹേതു എന്നു വരുമ്പോൾ, ഇസ്‌ലാമിൽ സകാത്തിന്റെ സ്ഥാനം കേവലം ഒരു നിർബ്ബന്ധകർമ്മം എന്നതിലും എത്രയോ ഉയർന്നതാണെന്ന് വ്യക്തമാണല്ലോ. അതകൊണ്ടു തന്നെയായിരുന്നു നബി (ﷺ) തിരുമേനിയുടെ വിയോഗാനന്തരം ചില അറബിഗോത്രങ്ങൾ സകാത്തു കൊടുപ്പാൻ വിസമ്മതിച്ചപ്പോൾ അബൂബക്കർ (رضي الله عنه) അവരോട് പരസ്യമായി യുദ്ധം നടത്തിയതും.

ഇസ്‌ലാമിൽ നിലവിലുള്ള സകാത്തുനിയമം നടപ്പിലായത് ഹിജ്റ രണ്ടാംകൊല്ലത്തിലാണ്. ഈ അദ്ധ്യായമാകട്ടെ, മക്കീ കാലഘട്ടത്തിൽ അവതരിച്ചതുമാകുന്നു. അതുകൊണ്ട് ഇവിടെ ‘സകാത്തു’കൊണ്ടുദ്ദേശ്യം മതത്തിലെ സാങ്കേതികാർത്ഥത്തിലുള്ള നിർബ്ബന്ധധർമ്മം അല്ലെന്നും, (‘പരിശുദ്ധി, ആത്മീയ ശുദ്ധത’ മുതലായ) ഭാഷാർത്ഥത്തിലുള്ള സകാത്തോ, അല്ലെങ്കിൽ പൊതുവിലുള്ള ദാനധർമ്മങ്ങളോ ആണെന്നുമത്രെ ചില മഹാൻമാരുടെ അഭിപ്രായം. പക്ഷേ-ഇബനുകഥീർ (رحمه الله) മുതലായവർ സൂചിപ്പിച്ചിട്ടുള്ളതുപോലെ-നിലവിലുള്ള സകാത്തുനിയമം വരുന്നതിന്മുമ്പ്-പ്രവാചകത്വത്തിന്റെ ആദ്യഘട്ടങ്ങളിൽ-മറ്റൊരു തരത്തിലുള്ള സകാത്ത് നിർബ്ബന്ധമുണ്ടായിരുന്നുവെന്നാണ് മനസ്സിലാക്കേണ്ടത്. വിളവുകൾ കൊയ്തെടുക്കുന്ന അവസരത്തിൽ അതിന്റെ കടമ കൊടുത്തു തീർക്കേണ്ടതാണ്. (وآتوا حقه يوم حصاده – الانعام : ١٤١) എന്നു മക്കീ സൂറത്തുകളിലൊന്നായ സൂ: അൻആമിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. കൂടാതെ, കഴിവുള്ളവർ അടിയന്തരഘട്ടങ്ങളിൽ ദരിദ്രൻമാർക്കും പാവപ്പെട്ടവർക്കും സാമ്പത്തികസഹാ

യം നൽകണമെന്നുള്ളത് ഒരു പ്രധാന കടമയായി എല്ലാ കാലത്തും പൊതുവിൽ അംഗീകരിക്കപ്പെട്ടതുമാണ്.

ചുരുക്കിപ്പറഞ്ഞാൽ, ഇന്നു നിലവിലുള്ള സകാത്ത് വിശദാംശത്തിൽ വ്യത്യസ്തമായിരുന്നാലും മറ്റൊരു തരത്തിലുള്ള സകാത്ത് അന്നും നിർബ്ബന്ധമുണ്ടായിരുന്നു. അതു അനുഷ്ഠിക്കാത്തതിന്റെ പേരിലാണ് 'സകാത്തു കൊടുക്കാത്ത മുശ്രിക്കുകൾ' എന്നു അല്ലാഹു ഇവിടെ ആക്ഷേപിച്ചിരിക്കുന്നത് എന്ന് വെക്കുവാനാണ് ന്യായം കാണുന്നത്. 'സകാത്തു കൊടുക്കാത്ത' (لا يؤتون الزكوة) എന്ന പ്രയോഗവും ഇതിനാണ് കൂടുതൽ അനുകൂലമാകുന്നത്.

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ لَهُمْ أَجْرٌ غَيْرُ مَمْنُونٍ ﴿٨﴾

8 നിശ്ചയമായും, വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവരാകട്ടെ, അവർക്ക് മുറിഞ്ഞു പോകാത്ത പ്രതിഫലം ഉണ്ടായിരിക്കും.

വിഭാഗം-2

۞ قُلْ أَئِنَّكُمْ لَتَكْفُرُونَ بِٱلَّذِى خَلَقَ ٱلْأَرْضَ فِى يَوْمَيْنِ وَتَجْعَلُونَ لَهُۥٓ أَندَادًا ۚ ذَٰلِكَ رَبُّ ٱلْعَٰلَمِينَ ﴿٩﴾

9 (നബിയേ) പറയുക: "രണ്ടു ദിവസങ്ങളിലായി ഭൂമിയെ സൃഷ്ടിച്ചുണ്ടാക്കിയവനിൽ അവിശ്വസിക്കുകയും, അവന് സമൻമാരെ ആക്കുകയും തന്നെയാണോ നിങ്ങൾ ചെയ്യുന്നത്?! അതാ (അവനാ)ണ് ലോകരുടെ രക്ഷിതാവ്!"

وَجَعَلَ فِيهَا رَوَٰسِىَ مِن فَوْقِهَا وَبَٰرَكَ فِيهَا وَقَدَّرَ فِيهَآ أَقْوَٰتَهَا فِىٓ أَرْبَعَةِ أَيَّامٍ سَوَآءً لِّلسَّآئِلِينَ ﴿١٠﴾

10 അതിന്റെ [ഭൂമിയുടെ] മുകളിൽകൂടി (ഇളകാതെ) ഉറച്ചു നിൽക്കുന്ന മലകളെയും അവൻ ഉണ്ടാക്കിയിരിക്കുന്നു; അതിൽ (നൻമകൾ വർദ്ധിപ്പിച്ച്) അഭിവൃദ്ധിയുണ്ടാക്കുകയും, അതിലെ ആഹാര വസ്തുക്കൾ അതിൽ (വ്യവസ്ഥ ചെയ്ത്) നിർണയിക്കുകയും ചെയ്തിരിക്കുന്നു; (എല്ലാം കൂടി) നാലു ദിവസങ്ങളിൽ, (അതെ) ചോദിക്കുന്ന (അഥവാ അന്വേഷിക്കുന്ന)വർക്ക് ശരിക്കും (നാലു ദിവസം)!

---

8 **إن الذين** നിശ്ചയമായും യാതൊരുവർ. **آمنوا** വിശ്വസിച്ച. **وعملوا الصالحات** സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്ത. **لهم أجر** അവർക്കുണ്ട് പ്രതിഫലം. **غير ممنون** മുറിക്കപ്പെടാത്ത (മുറിഞ്ഞുപോകാത്ത). 9 **قُلْ** പറയുക. **أإنكم** നിശ്ചയമായും നിങ്ങളാണോ. **لَتكْفُرونَ** അവിശ്വസിക്കുക തന്നെ. **بالذي** യാതൊരുവനിൽ. **خلق الأرض** ഭൂമിയെ സൃഷ്ടിച്ച. **في يومين** രണ്ട് ദിവസങ്ങളിലായി. **وتجعلونَ** നിങ്ങൾ ആക്കുക. **له** അവന് (ഉണ്ടാക്കുക)യും. **أندادا** സമൻമാരെ (പങ്കുകാരെ). **ذلك** അത്, അവനാണ്. **رب العالمين** ലോക(രുടെ) രക്ഷിതാവ്. 10 **وجعلَ فيها** അതിൽ അവൻ ആക്കുകയും ചെയ്തു. **رواسي** ഉറച്ചുനിൽക്കുന്നവയെ (പർവ്വതങ്ങളെ). **من فوقها** അതിന്റെ മുകളിൽകൂടി (ഉപരിഭാഗത്ത്). **وبارك فيها** അതിൽ അവൻ ബർക്കത്ത് (അഭിവൃദ്ധി--നൻമ) ഉണ്ടാക്കുകയും ചെയ്തു. **وقدر فيها** അതിൽ നിർണ്ണയിക്കുക (വ്യവസ്ഥ ചെയ്യുക)യും ചെയ്തു.. **أقواتها** അതിലെ അന്നങ്ങളെ, ആഹാരങ്ങളെ. **في أربعة** നാല്. **أيام** ദിവസങ്ങളിലായി. **سواءً** ശരിക്ക്, ശരിയായി, അനുയോജ്യമായി, തക്കതായി. **للسائلين** ചോദിക്കുന്നവർക്ക് (അന്വേഷിക്കുന്നവർക്ക്, ആവശ്യപ്പെടുന്നവർക്ക്).

ഭൂലോകം സൃഷ്ടിക്കുകയും, അതിൽ മനുഷ്യനും ഇതരജീവികൾക്കും വേണ്ടതെല്ലാം ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്തിട്ടുള്ളത് അല്ലാഹുവാണ്. അതിൽ മറ്റാർക്കും ഒരു പങ്കുമില്ല. എന്നിരിക്കെ, ലോകരക്ഷിതാവായ അവനുപുറമെ മറ്റു ചിലരെ അവന് പങ്കാളികളായി ഗണിക്കുന്നതിൻെറ അർത്ഥശൂന്യത ചൂണ്ടിക്കാട്ടുകയാണ്.

ആകാശഭൂമികളെ സൃഷ്ടിച്ചത് ആറു ദിവസങ്ങളിലായിട്ടാണെന്ന് ഖുർആൻ പലപ്പോഴും ആവർത്തിച്ചു പറയാറുള്ളതാണ്. അതിൻെറ ഒരു വിശദീകരണം ഈ ആയത്തിൽനിന്നും അടുത്ത ആയത്തിൽനിന്നുംകൂടി ലഭിക്കുന്നു. ഭൂമിയെ സൃഷ്ടിച്ചത് രണ്ടു ദിവസംകൊണ്ടാണെന്നും അതിൽ പർവ്വതങ്ങൾ സ്ഥാപിച്ചതും, ആഹാരത്തിനുള്ള വകകളും മറ്റും വ്യവസ്ഥപ്പെടുത്തിയും വേറെ രണ്ടു ദിവസംകൊണ്ടാണെന്നും, അങ്ങിനെ ഭൂമിയുടെ സൃഷ്ടികാര്യങ്ങൾ നാലുദിവസംകൊണ്ടാണ് പൂർത്തിയാക്കിയിരിക്കുന്നതെന്നും ഈ വചനത്തിൽ അല്ലാഹു വ്യക്തമാക്കി. ആകാശത്തിൻെറ കാര്യം പൂർത്തിയാക്കിയത് രണ്ടു ദിവസംകൊണ്ടാണെന്ന് അടുത്ത വചനത്തിലും പറയുന്നുണ്ട്. ഇങ്ങിനെയാണ് ആറുദിവസം പൂർത്തിയാകുന്നതെന്ന് മനസ്സിലാക്കാം. എന്നാൽ, 'ദിവസം' (يوم) എന്നു പറഞ്ഞതിൻെറ ഉദ്ദേശ്യം നമുക്കു പരിചയപ്പെട്ട രാവും പകലും ചേർന്ന ദിവസമായിരിക്കയില്ല. ചില പ്രത്യേക തരത്തിലുള്ള കാലഘട്ടമായിരിക്കുവാനേ നിവൃത്തിയുള്ളു; സു: സജദ: 4-ാം വചനത്തിൻെറ വ്യാഖ്യാനത്തിലും മറ്റും ഇതിനു മുമ്പ് നാം ഇതിനെപ്പറ്റി വിവരിച്ചിട്ടുള്ളത് ഓർക്കുക.

മനുഷ്യരടക്കം ഭൂമിയിലുള്ള കോടാനുകോടി ജീവികൾക്ക് ജനിക്കുവാനും, ജീവിക്കുവാനും, അതതിമേതായ ജീവിതാവശ്യങ്ങൾ നിർവ്വഹിക്കുവാനും ഉപയുക്തമായ വിധത്തിൽ അന്നപാനാദി നൂറുനൂറായിരം കാര്യങ്ങൾ ഇവിടെ നേരത്തെ തന്നെ സജ്ജീകരിച്ചു ക്രമപ്പെടുത്തി വെച്ചിരിക്കുകയാണല്ലോ അല്ലാഹു. وبارك فيها وقدر فيها اقواتها (അതിൽ ബർക്കത്തു-അഭിവൃദ്ധി-ഉണ്ടാക്കുകയും, അതിലെ ആഹാരവസ്തുക്കൾ വ്യവസ്ഥപ്പെടുത്തുകയും ചെയ്തു) എന്നു പറഞ്ഞത് ഇതെല്ലാം ചൂണ്ടിക്കാട്ടുകയാണ് ചെയ്യുന്നത്. ഒരു വിത്തു ഭൂമിയിൽ നിക്ഷേപിച്ചാൽ അതു അനേകം ഇരട്ടിയാക്കി അതു തിരിച്ചുതരുന്നു. അതിൻെറ ഉപരിഭാഗത്തു ഇടതടവില്ലാതെ മനുഷ്യൻ വിവിധ മർദ്ദനപരാക്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. അതെല്ലാം അതു സഹിക്കുന്നു. സഹിക്കുക മാത്രമല്ല, അതിൻെറ ഉള്ളിൽനിന്ന് അതേ മർദ്ദകർക്ക് വേണ്ട ഉൽപന്നങ്ങൾ അത് ഉൽപ്പാദിപ്പിച്ച് കൊടുക്കുകയും ചെയ്യുന്നു. എന്തെല്ലാം മാലിന്യങ്ങളും മ്ലേച്ഛങ്ങളും കൊണ്ടാണ് മനുഷ്യൻ ഭൂമിയെ നിത്യേന അശുദ്ധമാക്കിക്കൊണ്ടിരിക്കുന്നതെന്ന് കയ്യും കണക്കുമില്ല. പക്ഷെ, അതെല്ലാം വളമയും പശിമയുമാക്കി മാറ്റിക്കൊടുക്കുകയാണത് ചെയ്യുന്നത്. ഇതെല്ലാം ഭൂമിയിൽ അല്ലാഹു നൽകിയ എണ്ണമറ്റ ബർക്കത്തുകളിൽ ചിലതത്രെ.

سواء ('സവാഅൻ') എന്നാൽ 'ശരിക്ക്' എന്നും 'സമമായിട്ട്' എന്നും അർത്ഥം വരാം. للسائلين (ലി-സ്സാഇലീൻ) എന്നതിന് 'ചോദിക്കുന്ന-അഥവാ അന്വേഷിക്കുന്ന-വർക്ക്' എന്നും അർത്ഥം. വ്യാകരണപരമായി നോക്കുമ്പോൾ, 'ക്കു'എന്നർത്ഥം കൊടുക്കപ്പെട്ട അവ്യയം (ل) അതിൻെറ തൊട്ടുമുമ്പുള്ള (فى اربعة ايام എന്ന) വാചകവുമായി ബന്ധപ്പെട്ട് നിൽക്കുന്നതായും, മുമ്പ് പറഞ്ഞ (وقدر فيها اقواتها എന്ന) വാചകവുമായി ബന്ധപ്പെട്ടതായും വരാം. അതുകൊണ്ട് ഇവിടെ രണ്ട് പ്രകാരത്തിൽ വ്യാഖ്യാനം നൽകപ്പെടാറുണ്ട്: 1) ലോകസൃഷ്ടിയെക്കുറിച്ച് അന്വേഷിക്കുന്നവർക്ക് ശരിക്കും നാല് ദിവസം. അവർക്ക് അറിയുവാൻ വേണ്ടിയാണ് നാല് ദിവസം എന്ന് പ്രത്യേകം പറഞ്ഞിരിക്കുന്നത് എന്ന് സാരം. سواء എന്ന വാക്കിന് ഇകാരം (الكسرة) കൊടുത്ത് 'സവാഇൻ' എന്നും ഇവിടെ വായിക്കപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് 'ശരിയായ നാല് ദിവസം എന്നേ അതിന് അർത്ഥം വരികയുള്ളു. 2) ചോദിക്കുന്നവർക്കുവേണ്ടി അല്ലാഹു അതിൽ ആഹാര വസ്തുക്കൾ വ്യവസ്ഥപ്പെടുത്തിവെച്ചിരിക്കുന്നു. അഥവാ ആഹാരം അന്വേഷിക്കുന്നവരുടെ ആവശ്യാർത്ഥമാണ് അവ അതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

ثُمَّ ٱسْتَوَىٰٓ إِلَى ٱلسَّمَآءِ وَهِىَ دُخَانٌ فَقَالَ لَهَا وَلِلْأَرْضِ ٱئْتِيَا طَوْعًا أَوْ كَرْهًا قَالَتَآ أَتَيْنَا طَآئِعِينَ ﴿١١﴾

11 പിന്നെ (അതിനുപുറമെ) അവൻ ആകാശത്തിലേക്ക് തിരിഞ്ഞു-അത് ഒരു (തരം) പുകയായിരുന്നു, എന്നിട്ട് അതിനോടും, ഭൂമിയോടും അവൻ പറഞ്ഞു: ''നിങ്ങൾ രണ്ടും അനുസരണപൂർവ്വമോ അല്ലെങ്കിൽ നിർബ്ബന്ധിതമായോ വരുക! '' അവ രണ്ടും പറഞ്ഞു: ''ഞങ്ങൾ അനുസരിച്ചുകൊണ്ടു (തന്നെ ഇതാ) വന്നിരിക്കുന്നു.''

فَقَضَىٰهُنَّ سَبْعَ سَمَٰوَاتٍ فِى يَوْمَيْنِ وَأَوْحَىٰ فِى كُلِّ سَمَآءٍ أَمْرَهَا ۚ وَزَيَّنَّا ٱلسَّمَآءَ ٱلدُّنْيَا بِمَصَٰبِيحَ وَحِفْظًا ۚ ذَٰلِكَ تَقْدِيرُ ٱلْعَزِيزِ ٱلْعَلِيمِ ﴿١٢﴾

12 അങ്ങനെ, അവയെ [ആകാശങ്ങളെ] രണ്ടു ദിവസങ്ങളിലായി അവൻ ഏഴാകാശങ്ങളാക്കി (സൃഷ്ടിപ്പ്) പൂർത്തീകരിച്ചു. എല്ലാ (ഓരോ) ആകാശത്തിലും അതതിൻെറ കാര്യം ബോധനം (നൽകി അറിയിച്ചു) കൊടുക്കുകയും ചെയ്തു. (ഭൂമിയുമായി) അടുത്ത ആകാശത്തെ ചില വിളക്കുകൾകൊണ്ട് നാം അലങ്കരിക്കുകയും ചെയ്തു. ഒരു കാവലും (ആക്കിവെച്ചിരിക്കുന്നു.) സർവ്വജ്ഞനായ പ്രതാപശാലിയായുള്ളവൻ (വ്യവസ്ഥ ചെയ്തു) കണക്കാക്കിയതത്രെ അത് (ഒക്കെയും).

---

11 **ثُمَّ** പിന്നെ (അതിന്നുപുറമെ). **استوى** അവൻ തിരിഞ്ഞു (ചെന്ന്). **إلى السماءِ** ആകാശത്തിലേക്ക്. **وهي** അത്, അതായിരിക്കെ. **دخانٌ** പുകയായിരുന്നു, ഒരു പുക. **فقالَ** എന്നിട്ടവൻ പറഞ്ഞു. **لها** അതിനോട്. **وللأرض** ഭൂമിയോടും. **ائْتِيا** നിങ്ങൾ രും വരുവിൻ. **طوعا** അനുസരണപൂർവ്വം, വഴിപ്പെട്ടുകൊണ്ടു, (സ്വമനസ്സാലെ). **أو كرها** അല്ലെങ്കിൽ നിർബ്ബന്ധിതമായി, (അതൃപ്തിയോടെ). **قالتا** അവ രണ്ടും പറഞ്ഞു. **أتينا** ഞങ്ങൾ വന്നിരിക്കുന്നു. **طائعين** അനുസരിക്കുന്നവരായിട്ട്. 12 **فقضاهن** അങ്ങനെ അവൻ അവയെ പൂർത്തിയാക്കി (ആക്കിത്തീർത്ത്). **سبع سماوات** ഏഴാകാശങ്ങൾ. **في يومين** രണ്ട് ദിവസങ്ങളിൽ. **وأوحى** അവൻ ബോധനം നൽകുകയും ചെയ്തു. **في كُلّ سماءٍ** എല്ലാ ആകാശത്തിലും. **أمرها** അതിൻെറ കാര്യം. **وزينا** നാം അലങ്കരിക്കുക (ഭംഗിയാക്കുക)യും ചെയ്തു. **السماءَ الدنيا** ഏറ്റം അടുത്ത (ഐഹികമായ) ആകാശം. **بمصابيح** ചില വിളക്കുകളാൽ. **وحفْظًا** ഒരു കാവലും. **ذلك** അത്. **تقْدير العزيز** പ്രതാപശാലിയുടെ നിർണ്ണയം (വ്യവസ്ഥ, കണക്കാക്കൽ) ആകുന്നു. **العليم** സർവ്വജ്ഞനായ.

ثم استوى الى السماء (പിന്നെ ആകാശത്തിലേക്ക് തിരിഞ്ഞു) എന്ന് പറഞ്ഞിരിക്കകൊണ്ട് ഭൂമി സൃഷ്ടിച്ചശേഷം പിന്നീടാണ് അല്ലാഹു ആകാശത്തിൻെറ സൃഷ്ടിയിലേക്ക് തിരിഞ്ഞത് എന്ന് ധരിച്ചു കൂടാത്തതാണ്. കാരണം ആകാശത്തെ ഉയർത്തി സ്ഥാപിച്ചതിനെയും, ഇരുട്ടും വെളിച്ചവും ഏർപ്പെടുത്തിയതിനെയും സംബന്ധിച്ച് പ്രസ്താവിച്ചശേഷം, സൂ: നാസിആത്തി' (النازعات)ൽ അല്ലാഹു ഇങ്ങിനെ വ്യക്തമാക്കിയിരിക്കുന്നു: والارض بعد ذلك دحاها - النازعات (അതിന്ശേഷം ഭൂമിയെ അവൻ പരത്തുകയും ചെയ്തു.) നമ്മുടെ വാനശാസ്ത്ര പണ്ഡിതൻമാർക്ക് ഏഴു

ആകാശങ്ങളെപ്പറ്റി സൂക്ഷമമായി ഒന്നും പറയുവാൻ സാധിച്ചിട്ടില്ലെങ്കിലും, ഉപരിലോകത്തെ നക്ഷത്രങ്ങൾക്കാണ് ഭൂമിയെക്കാൾ കൂടുതൽ കാലപ്പഴക്കമെന്നാണ് മൊത്തത്തിൽ അവരുടെയും നിഗമനം. അതുകൊണ്ട് ثم (പിന്നെ) എന്ന പദം ഇവിടെ കാലക്രമം കാണിക്കുവാനുള്ളതല്ല, ഒരു വിഷയത്തിനുശേഷം മറ്റൊരു വിഷയത്തിലേക്കുള്ള പ്രവേശനം കാണിക്കുവാനുള്ളതാണെന്ന് മനസ്സിലാക്കാം.

ആകാശത്തിൻെറ സൃഷ്ടിയിലേക്ക് തിരിഞ്ഞപ്പോൾ അതു ഒരു തരം പുകയായിരുന്നു (وهي دخان) എന്ന് പറഞ്ഞതിൻെറ താൽപര്യം എന്താണെന്ന് നമുക്ക് സൂക്ഷ്മമായി പറയുവാൻ തെളിവുകളില്ല. ശാസ്ത്രത്തിൻെറ അഭിപ്രായമനുസരിച്ച് ഉപരിഗോളങ്ങളെല്ലാം ഒരു കാലത്ത് ഒരു തരം മേഘപടലം (السقبا) അല്ലെങ്കിൽ ധൂമപടലം (الدخان) അഥവാ ഒരു തരം ആവി (البخار) യോ വാതകമോ ആയിരുന്നുവെന്നും, അതി ദീർഘമായ കാലങ്ങൾക്ക് ശേഷമാണ് അവ നിലവിലുള്ള പദാർത്ഥ ലോകങ്ങളായി പരിണമിച്ചിരിക്കുന്നതെന്നുമാണ് കാണുന്നത്. (*) അങ്ങിനെയുള്ള ഏതെങ്കിലും ഒരു അവസ്ഥയെക്കുറിച്ചായിരിക്കാം 'അത് പുകയായിരുന്നു' (وهي دخان) എന്ന് പറഞ്ഞിരിക്കുന്നത്. അല്ലാഹുവിനറിയാം, ഭൂമിയെയും, ആകാശത്തെയും അഭിമുഖീകരിച്ചുകൊണ്ട് അനുസരണപൂർവ്വമോ നിർബ്ബന്ധിതമായോ വരുവാൻ കൽപിച്ചുവെന്നും, അവ അനുസരണപൂർവ്വംതന്നെ വന്നുവെന്നും പറഞ്ഞിട്ടുള്ളത് കേവലം ഒരു ഉപമാലങ്കാരപ്രയോഗമാകുന്നു. അവയും അവയിലുള്ള സർവ്വ വസ്തുക്കളും അല്ലാഹുവിൻെറ ഉദ്ദേശത്തിനും, വ്യവസ്ഥകൾക്കും പരിപൂർണ്ണമായും വിധേയമാണെന്നും, അതിൽ എന്തെങ്കിലും വിഘ്നം വരുത്തുവാൻ അവയ്ക്ക് സാധ്യമല്ലെന്നും സാരം.

'പുക' യായിരുന്ന വസ്തുവെ അല്ലാഹു ഏഴാകാശങ്ങളാക്കി സൃഷ്ടി പൂർത്തിയാക്കി (فقضا هن سبع سموات) എന്ന് പറഞ്ഞുവല്ലോ. ആ പുക എന്തായിരുന്നു? അതെവിടെനിന്നുണ്ടായി? അതിനു മുമ്പ് അതെന്തായിരുന്നു? കേവലം ചില ശാസ്ത്രീയനിഗമനങ്ങളല്ലാതെ, യഥാർത്ഥവും ഖണ്ഡിതവുമായ ഉത്തരം കിട്ടാത്ത ചോദ്യങ്ങളാണവ. ഒരു കാര്യം, ബുദ്ധി നമുക്ക് കാട്ടിത്തരുന്നുണ്ട്: എല്ലാറ്റിൻെറയും ആദ്യത്തെ ഉത്ഭവസ്ഥാനം ശുദ്ധശൂന്യതയാണെന്നത്രെ അത്. ശുദ്ധശൂന്യതയിൽനിന്ന് എന്തെങ്കിലും ഒരു വസ്തുവിന് അസ്തിത്വം നൽകുവാൻ അദൃശ്യമായ ഒരു പരമശക്തിക്കല്ലാതെ (അല്ലാഹുവിനല്ലാതെ) മറ്റേതൊരു ശക്തിക്കും കിഴവില്ലതന്നെ. ഏത് പ്രകൃതിവാദിയും, ഏത് നിരീശ്വരവാദിയും ഇവിടെ മുട്ടുകുത്താതെ നിവൃത്തിയില്ല. രണ്ട് ദിവസങ്ങളിൽ (فى يومين) അഥവാ രണ്ട് ഘട്ടങ്ങളിൽ-ആയിട്ടാണ് ആകാശങ്ങളെയും സൃഷ്ടിച്ചതെന്ന് പറഞ്ഞുവല്ലോ. കഴിഞ്ഞ വചനത്തിൽ പ്രസ്താവിച്ച നാല് ദിവസത്തിന് പുറമെയാണിത്. അങ്ങിനെ, ആകാശഭൂമികളുടെ സൃഷ്ടി ആറ് ദിവസം കൊണ്ട് പൂർത്തിയായി. (ഏഴ് ആകാശങ്ങളെക്കുറിച്ച് സൂ: മുഅ്മിനൂൻ 17-ാം വചനത്തിൻെറ വിവരണത്തിൽ നാം പ്രസ്താവിച്ചത് ഓർക്കുക.)

ഓരോ ആകാശത്തിലെയും മലക്കുകൾ മുതലായ നിവാസികൾ, വിഭവങ്ങൾ, നടപടിക്രമങ്ങൾ, പ്രകൃതിവിശേഷങ്ങൾ ആദിയായ എല്ലാ കാര്യങ്ങളും നിശ്ചയിച്ച് വേണ്ടുന്ന വ്യവസ്ഥ ഏർപ്പെടത്തിയിട്ടുണ്ടെന്നത്രെ واوحى فى كل سماء امرها (എല്ലാ ആകാശത്തിലും അതിൻെറ കാര്യത്തെക്കുറിച്ച് ബോധനം നൽകി) എന്നു പറഞ്ഞതിൻെറ താൽപര്യം. നക്ഷത്രഗോളങ്ങൾ ഓരോന്നും നമ്മുടെ ഭൂമിയെക്കാൾ എത്രയോ മടങ്ങു വലുതാണെങ്കിലും, നമ്മുടെ ദൃഷ്ടിയിൽ അവ ഒരു മേൽപുരയിൽ മിന്നിത്തിളങ്ങുന്ന വൈദ്യുത വിളക്കുകൾ പോലെയാണല്ലോ. അതുകൊണ്ടാണ് وزينا السماء الدنيا بمصابيح (കൂടുതൽ അടുത്ത ആകാശത്തെ വിളക്കുകൾ കൊണ്ടു അലങ്കരിച്ചു)എന്ന് പറഞ്ഞിരിക്കുന്നത്.

* സൂ: കഹ്ഫിൻെറ 109-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ കൂടുതൽ വിവരം കഴിഞ്ഞുപോയിട്ടുണ്ട്.

തുടർന്ന് കൊണ്ട് وحفظا (ഒരു കാവലും) എന്ന് പറഞ്ഞതിൻെറ താൽപര്യം രണ്ട് പ്രകാരത്തിൽ ആയിരിക്കാനിടയുണ്ട്. രണ്ടായാലും സ്ഥലത്തേക്ക് യോജിച്ച ഒരു ക്രിയാരൂപം (فعل) ഇവിടെ ലോപിച്ചിരിക്കൽ വ്യാകരണനിയമപ്രകാരം അനിവാര്യമാണ്. അതിങ്ങിനെ വിവിരിക്കാം: 1) ای و حفظناها حفظا (അവയെ-ആകാശത്തെ-നാം ഒരു കാവൽകാക്കുകയും ചെയ്തിരിക്കുന്നു.) അഥവാ ആകാശത്തിൻെറ രക്ഷക്കാവശ്യമായ എല്ലാ ഏർപ്പാടും നാം ചെയ്തിരിക്കുന്നു. 2) وجعلنا ها حفظا (അവയെ-ആ വിളക്കുകളാകുന്ന നക്ഷത്രങ്ങളെ-നാം ഒരു കാവലാക്കുകയു ചെയ്തിരിക്കുന്നു.) നക്ഷത്രങ്ങളെ അടുത്ത ആകാശത്തിന് ഒരു അലങ്കാരമാണെന്ന പോലെത്തന്നെ, ആകാശത്തേക്ക് പിശാചുക്കളുടെ വരവിനെ തടയുകവഴി ആകാശത്തിന് അവയെ ഒരു കാവലായും ഏർപ്പെടുത്തിയിരിക്കുന്നു എന്ന് സാരം. നക്ഷത്രങ്ങൾകൊണ്ട് ആകാശത്തെ അലങ്കരിച്ച വിവരം പറയുന്നതോടൊപ്പം തന്നെ, അവയെ പിശാചുക്കളിൽ നിന്ന് കാവലും ആക്കിയിരിക്കുന്നുവെന്ന് (സൂ: ഹിജ്ർ 16. 17; സ്വാ-ഫാത്ത്; 6, 7; മുൽക്: 5 മുതലായ സ്ഥലങ്ങളിൽ) അല്ലാഹു വ്യക്തമായി പ്രസ്താവിച്ചതാണല്ലോ. അതാണ് ഈ വ്യാഖ്യാനത്തിന് അവലംബം. (കൂടുതൽ വിവരം സൂ: ഹിജ്റിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ നോക്കുക.) ഇതെല്ലാം സൃഷ്ടിച്ച് വ്യവസ്ഥപ്പെടുത്തി നിയന്ത്രിച്ചും പരിപാലിച്ചും പോരുന്ന മഹാ ശക്തി, പ്രതാപത്തിൻെറയും ജ്ഞാനത്തിൻെറയും പരമകേന്ദ്രംതന്നെ. (ذلك تقدير العزيز العليم)

فَإِنْ أَعْرَضُوا۟ فَقُلْ أَنذَرْتُكُمْ صَـٰعِقَةً مِّثْلَ صَـٰعِقَةِ عَادٍ وَثَمُودَ ﴿١٣﴾

13 എന്നിരിക്കെ, അവർ (ശ്രദ്ധിക്കാതെ) തിരിഞ്ഞു കളയുകയാണെങ്കിൽ (നബിയേ) പറയുക: ‘‘ആദിൻെറയും, ഥമൂദിൻെറയും ഇടിത്തീ (അഥവാ ഘോരശിക്ഷ) പോലെയുള്ള ഒരു ഇടിത്തീയിനെ [വമ്പിച്ച ശിക്ഷയെ]ക്കുറിച്ചു ഞാൻ (ഇതാ) നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നു!’’

---

13 **فَإِنْ أَعرضوا** എന്നിരിക്കെ (അപ്പോൾ) അവർ തിരിഞ്ഞാൽ, അവഗണിച്ചാൽ. **فَقُلْ** എന്നാൽ പറയുക. **أَنذَرْتُكُمْ** ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പു (താക്കീത്) തരുന്നു. **صاعقةً** ഒരു ഇടിത്തീ, ഘോരശിക്ഷ. **مِثْلَ صاعقة** ഇടിത്തീപോലെയുള്ള. **عاد وثمود** ആദിൻെറയും ഥമൂദിൻെറയും.

---

9 മുതൽ 12കൂടി വചനങ്ങളിലെ ഉള്ളടക്കം ഓർത്തുകൊണ്ട് ഈ വചനത്തിലെ താക്കീതിൻെറ ആഴം ഒന്ന് ആലോചിച്ച് നോക്കുക! മുമ്പ് പ്രസ്താവിച്ചതുപോലെ, ആ കടുത്ത മുശ്രിക്കായ ഉത്ത്ബത്തിൻെറ മുഖഭാവം മാറിയതും, കരിങ്കല്ല്പോലെ ഉറച്ച് കടുത്തിരുന്ന ആ ഹൃദയത്തിന് ചാഞ്ചല്യം നേരിട്ടതും ഈ താക്കീതിൻെറ ഗൗരവം നിമിത്തമാണല്ലോ. صاعقة (ഇടിത്തീ) എന്ന വാക്കുകൊണ്ട് ഘോരമായ ശിക്ഷ എന്നാണിവിടെ വിവക്ഷ. ആദു-ഥമൂദിൻെറ ശിക്ഷകളെക്കുറിച്ച തുടർന്ന് വിവരിക്കുന്നുണ്ട്.

إِذْ جَآءَتْهُمُ ٱلرُّسُلُ مِنۢ بَيْنِ أَيْدِيهِمْ وَمِنْ خَلْفِهِمْ أَلَّا تَعْبُدُوٓا۟ إِلَّا ٱللَّهَ ۖ قَالُوا۟ لَوْ شَآءَ رَبُّنَا لَأَنزَلَ مَلَـٰٓئِكَةً فَإِنَّا بِمَآ أُرْسِلْتُم بِهِۦ كَـٰفِرُونَ ﴿١٤﴾

14 അവരുടെ മുമ്പിലൂടെയും, അവരുടെ പിമ്പിലൂടെയും അവരുടെ അടുക്കൽ റസൂലുകൾ ചെ(ന്ന് ഉപദേശിച്ചു കൊണ്ടിരു)ന്നപ്പോൾ, അല്ലാഹുവിനെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന്; അവർ പറഞ്ഞു: ‘‘ഞങ്ങളുടെ റബ്ബ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ (ഞങ്ങളിലേക്ക്) ‘മലക്കു’കളെ ഇറക്കുമായിരുന്നു. അതുകൊണ്ട്, നിങ്ങൾ ഏതൊന്നുമായി

അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ നിശ്ചയമായും ഞങ്ങൾ അവിശ്വാസിക ളാണ്.''

---

14 **إِذْ جاءَتهم** അവർക്ക് വന്നപ്പോൾ. **الرسلُ** റസൂലുകൾ (ദൂതൻമാർ). **من بين أيديهم** അവരുടെ മുമ്പിൽക്കൂടി. **ومن خلفهم** അവരുടെ പിമ്പിൽക്കൂടിയും. **ألا تعبدوا** നിങ്ങളെ ആരാധിക്കരുതെന്ന്. إِلاَّ الله അല്ലാഹുവിനെയല്ലാതെ. **قالُوا** അവർ പറഞ്ഞു. **لو شاءَ** ഉദ്ദേശിച്ചിരുന്നെങ്കിൽ. رَبُّنَا നമ്മുടെ റബ്ബ്. لَأَنزَلَ അവൻ ഇറക്കുമായിരുന്നു, ഇറക്കേണ്ടതാണ്. **ملائكةً** മലക്കുകളെ. **فإنا** ആകയാൽ നിശ്ചയം ഞങ്ങൾ. **بما** യാതൊന്നിൽ. **أرسلتم به** അതുമായി നിങ്ങൾ അയക്കപ്പെട്ടിരിക്കുന്നു. **كافرونَ** അവിശ്വാ സികളാണ്.

മുമ്പിൽകൂടിയും, പിമ്പിൽക്കൂടിയും റസൂലുകൾ ചെന്നുവെന്ന് പറഞ്ഞിതിൻെറ താൽപ ര്യം, അവരുടെ വരവും ഉപദേശവും തുടർന്നുകൊണ്ടിരുന്നു എന്നാകുന്നു. ആദിൻെറയും ഥമൂ ദിൻെറയും പൊതുനിലയാണ് ഈ വചനത്തിൽ ചുരുക്കിപ്പറഞ്ഞത്. തുടർന്നുള്ള വചനങ്ങളിൽ അതിൻെറ വിശദീകരണം കാണാം.

فَأَمَّا عَادٌ فَٱسْتَكْبَرُوا۟ فِى ٱلْأَرْضِ بِغَيْرِ ٱلْحَقِّ وَقَالُوا۟ مَنْ أَشَدُّ مِنَّا قُوَّةً ۖ أَوَلَمْ يَرَوْا۟ أَنَّ ٱللَّهَ ٱلَّذِى خَلَقَهُمْ هُوَ أَشَدُّ مِنْهُمْ قُوَّةً ۖ وَكَانُوا۟ بِـَٔايَٰتِنَا يَجْحَدُونَ ﴿١٥﴾

15 എന്നാൽ 'ആദു' ഗോത്രമാകട്ടെ, അവർ ന്യായമല്ലാത്ത വിധത്തിൽ ഭൂമിയിൽ അഹംഭാവം കാണിച്ചു. ''ശക്തിയിൽ ഞങ്ങളെക്കാൾ ഊക്കേറിയവർ ആരാ ണുള്ളത്!?'' എന്ന് അവർ പറയുകയും ചെയ്തു. അവർക്ക് കണ്ടുകൂടേ; അവ രെ സൃഷ്ടിച്ച അല്ലാഹു അവരെക്കാൾ ശക്തിയിൽ ഊക്കേറിയവനാണെന്ന്?! അവർ നമ്മുടെ 'ആയത്തു' [ലക്ഷ്യദൃഷ്ടാന്തം] കളെ നിഷേധിക്കുകയും ചെയ്തിരുന്നു.

فَأَرْسَلْنَا عَلَيْهِمْ رِيحًا صَرْصَرًا فِىٓ أَيَّامٍ نَّحِسَاتٍ لِّنُذِيقَهُمْ عَذَابَ ٱلْخِزْىِ فِى ٱلْحَيَوٰةِ ٱلدُّنْيَا ۖ وَلَعَذَابُ ٱلْـَٔاخِرَةِ أَخْزَىٰ ۖ وَهُمْ لَا يُنصَرُونَ ﴿١٦﴾

16 അതിനാൽ, ദുശ്ശകുനം പിടിച്ച ചില ദിവസങ്ങളിൽ നാം അവരിൽ ('ശരശരേ'യുള്ള) ഉഗ്രമായ ഒരു കാറ്റിനെ അയച്ചു; ഐഹികജീവിതത്തിൽ (തന്നെ) അവർക്ക് അപമാനത്തിൻെറ ശിക്ഷ ആസ്വദിപ്പിക്കുവാൻ വേണ്ടി. പരലോകശിക്ഷയാകട്ടെ, കൂടുതൽ അപമാനകരവും! അവർ സഹായിക്കപ്പെടുകയില്ലതാനും.

---

15 **فأما عاد** എന്നാൽ ആദു (ഗോത്രം). **فاستكبروا** അവർ അഹംഭാവം (ഗർവ്വ്) നടിച്ചു. **في الأرض** ഭൂമിയിൽ. **بغير الحق** ന്യായം കൂടാതെ, അർഹതയില്ലാതെ. **وقالُوا** അവർ പറയുകയും ചെയ്തു. **من أشد** ആരാണ് ഊക്കുള്ളവർ, കഠിനൻമാർ. **منا** ഞങ്ങളെക്കാൾ. **قوةً** ശക്തിയിൽ, ബലംകൊ്. **أولم يروا** അവർക്ക് കണ്ടുകൂടേ, കാണുന്നില്ലേ. أَنَّ الله അല്ലാഹു ആണെന്ന്. **الذي خلقهم** അവരെ സൃഷ്ടിച്ചവനായ. **هو** അവൻ. **أشد منهم** അവരെക്കാൾ ഊക്കുള്ളവനാണ്. **قوةً** ശക്തിയിൽ. **وكانُوا** അവർ ആയിരുന്നുതാനും. **بِآياتنا** നമ്മുടെ ആയത്ത് (ദൃഷ്ടാന്തം, ലക്ഷ്യം)കളെ. **يجحدونَ** നിഷേധിക്കും.
16 **فأرسلنا عليهم** അപ്പോൾ (അതിനാൽ) അവരിൽ നാം അയച്ചു. رِيحًا ഒരു കാറ്റ്. **صرصرا** 'ശരശരേ' യുള്ള (ഉഗ്രമായ). **في أيامٍ** ചില ദിവസങ്ങളിൽ. **نحسات** ദുർദ്ദശ (ദുശ്ശകുനം) പിടിച്ച, അശുഭകരങ്ങളായ. **لنذيقهم** നാം അവർക്ക് ആസ്വദിപ്പിക്കുവാൻവേണ്ടി. **عذاب الخزي** അപമാനത്തിൻെറ (നിന്ദ്യത

യുടെ) ശിക്ഷ. **في الحياة الدنيا** ഐഹികജീവിതത്തിൽ. **ولعذاب الآخرة** പരലോകശിക്ഷയാകട്ടെ. **أخزى** കൂടുതൽ അപമാനകരം (നിന്ദ്യമായത്) ആകുന്നു. **وهم** അവർ, അവരോ. **لا ينصرونَ** സഹായിക്കപ്പെടുന്നതല്ലതാനും.

തുടർച്ചയായി ഏഴു രാത്രിയും എട്ട് പകലും പ്രസ്തുത കൊടുങ്കാറ്റ് അവരിൽ ആഞ്ഞടിച്ചു കൊണ്ടിരുന്നു. ഈന്തപ്പന കടപുഴങ്ങി വീഴുന്ന കണക്കെ അവർ ഒന്നടങ്കം ചത്തൊടുങ്ങിപ്പോയി. (69: 6--8) ആ ജനതയെ സംബന്ധിച്ചിടത്തോളം ആ ദിവസങ്ങളത്രയും ഏറ്റവും ലക്ഷണം കെട്ട ദുർദ്ദിനങ്ങളായിരുന്നുവെന്ന് പറയേണ്ടതില്ല. മാത്രമല്ല, ആ ലക്ഷണക്കേട് പിന്നീട് അവരെ വിട്ടുമാറുവാനും പോകുന്നില്ല. അതുകൊണ്ടാണ് ദുശ്ശകുനം പിടിച്ച-അഥവാ അശുഭകരങ്ങളായ ദിവസങ്ങൾ (ايام نحسات) എന്ന് ആ ദിവസങ്ങളെക്കുറിച്ച് പറഞ്ഞത്. മുറിഞ്ഞു പോകാതെ നിലനിൽക്കുന്ന ശകുനക്കേടിന്റെ ദിവസം (يوم نحس مستمر) എന്നത്രെ സു: ഖമറിൽ അവയെ വിശേഷിപ്പിച്ചിരിക്കുന്നത്.

ചില പ്രത്യേക ദിവസങ്ങൾ 'നഹ്സുള്ള' (അശുഭകരമായ) ദിവസങ്ങളാണെന്ന് എങ്ങിനെയോ ഒരു വിശ്വാസം പലരിലും കടന്ന് കൂടിയിട്ടുണ്ട്. ആ ദിവസങ്ങൾ അപകടം പിടിച്ചവയാണെന്നും, അതുകൊണ്ട് ആ ദിവസങ്ങളിൽ, യാത്ര വിവാഹം പോലെയുള്ളതൊന്നും നിർവ്വഹിക്കുന്നത് നന്നെല്ലെന്നുമാണ് അവരുടെ ധാരണ. ചില പഞ്ചാംഗങ്ങളിൽ ആ ദിവസങ്ങൾ ഏതെല്ലാമണെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്യാറുണ്ട്. ഇതിന് ഇസ്‌ലാമിൽ യാതൊരടിസ്ഥാനവുമില്ല. ഒരാളെയോ, ഒരു സമൂഹത്തെയോ സംബന്ധിച്ചിടത്തോളം ഒരു ദിവസം പല അനിഷ്ടസംഭവങ്ങളും ഉണ്ടായെന്ന് വരാം. അതേ സമയത്ത് ആ ദിവസം തന്നെ മറ്റൊരു കൂട്ടർക്ക് വളരെ സന്തോഷകരമായ അനുഭവങ്ങളും ഉണ്ടായെന്ന് വരും. എന്നല്ലാതെ, ചില പ്രത്യേക ദിവസങ്ങളിൽ എല്ലാവർക്കും പൊതുവിൽ ദോഷം ബാധിക്കുകയോ, അല്ലെങ്കിൽ ആ ദിവസങ്ങളിൽ മാത്രം ഭാഗ്യദോഷം സംഭവിക്കുകയോ ഉണ്ടാകുന്നതല്ല. ഇനി, ഏതെങ്കിലും ദിവസം ഒരു പൊതു ആപത്ത് സംഭവിച്ചുവെന്ന് വെക്കുക, എന്നാൽ അത് ആ ദിവസത്തിന്റെ ഫലമായുണ്ടാകുന്നതാണോ? അതുമല്ല. അതിനുള്ള കാരണം മറ്റൊന്നായിരിക്കും. ഒരു പക്ഷേ, ആ കാരണം നമുക്ക് വ്യക്തമായി അറിയുവാൻ കഴിയാത്തതായിരിക്കാം. ഏതായാലും 'നഹ്സു ദിവസ'ങ്ങളിൽ നടത്തപ്പെടുന്ന പ്രവർത്തനങ്ങൾ പലതും ശുഭകരമായി പര്യവസാനിക്കുന്നതും നാം സാധാരണ കാണാറുള്ളതാണ്. ശകുനം നോക്കൽ, മുഹൂർത്തം നോക്കൽ മുതലായതെല്ലാം ഹദീസുകളിൽ കർശനമായി വിരോധിച്ചിട്ടുള്ളത് പ്രസ്താവ്യമാകുന്നു.

17 എന്നാൽ 'ഥമൂദു' ഗോത്രമോ, അവർക്ക് നാം സൻമാർഗ്ഗം കാട്ടിക്കൊടുത്തു; അപ്പോഴവർ സൻമാർഗ്ഗത്തെക്കാൾ അന്ധതയോട് [ദുർമ്മാർഗ്ഗത്തോട്] സ്നേഹം കാണിച്ചുകളഞ്ഞു. അങ്ങനെ, അവർ ചെയ്തു കൂട്ടിയിരുന്നതു നിമിത്തം, നിന്ദ്യമായ ശിക്ഷയാകുന്ന ഇടിത്തീ [ഘോരശബ്ദം] അവരെ പിടികൂടി.

وَأَمَّا ثَمُودُ فَهَدَيْنَٰهُمْ فَٱسْتَحَبُّوا۟ ٱلْعَمَىٰ عَلَى ٱلْهُدَىٰ فَأَخَذَتْهُمْ صَٰعِقَةُ ٱلْعَذَابِ ٱلْهُونِ بِمَا كَانُوا۟ يَكْسِبُونَ ﴿١٧﴾

18 വിശ്വസിക്കുകയും, സൂക്ഷിച്ചു് കൊണ്ടിരിക്കുകയും ചെയ്തവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു.

وَنَجَّيْنَا ٱلَّذِينَ ءَامَنُوا۟ وَكَانُوا۟ يَتَّقُونَ ﴿١٨﴾

---

17 **وأما ثمود** എന്നാൽ 'ഥമൂദു'. **فَهديناهم** നാമവർക്ക് സൻമാർഗ്ഗം കാണിച്ചു. **فاستحبوا** അപ്പോഴവർ സ്നേഹം കാണിച്ചു. **العمى** അന്ധതയോട്. **على الهدى** സൻമാർഗ്ഗത്തെക്കാൾ, (എതിരെ). **فَأخذَتهم**

അപ്പോൾ അവരെ പിടിച്ചു. صاعقة ഇടിത്തീ. العذاب ശിക്ഷയാകുന്ന. الهون നിന്ദ്യമായ. بما كانوا അവരായിരുന്നതുകൊണ്ട്. يكسبون സമ്പാദിച്ച് (ചെയ്തുകൂട്ടി) കൊണ്ടിരിക്കും. 18 ونجينا നാം രക്ഷപ്പെടുത്തുകയും ചെയ്തു. الذين آمنوا വിശ്വസിച്ചവരെ. وكانوا يتقون സൂക്ഷിച്ചുവരുകയും ചെയ്തിരുന്ന.

ആദു-ഥമൂദിൻെറ സംഭവങ്ങളെ സംബന്ധിച്ച് കൂടുതൽ വിവരം ഒന്നിലധികം സ്ഥലങ്ങളിൽ ഇതിന്മുമ്പ് നാം വായിച്ച് കഴിഞ്ഞതാണ്. വിശദീകരിക്കേണ്ടതില്ല. ഐഹിക ജീവിതത്തിൽ തന്നെ അനുഭവപ്പെടുന്ന ഇത്തരം ശിക്ഷകൾക്കുപുറമെ, പരലോകത്ത് വെച്ച് ഇവർക്കും ഇവരെപ്പോലെ തൗഹീദിൽ വിശ്വസിക്കാത്തവർക്കും ആസ്വദിക്കേണ്ടി വരുന്ന ചില രംഗങ്ങളെ അല്ലാഹു തുടർന്ന് വിവരിക്കുന്നു:

വിഭാഗം-3

وَيَوْمَ يُحْشَرُ أَعْدَآءُ ٱللَّهِ إِلَى ٱلنَّارِ فَهُمْ يُوزَعُونَ ﴿١٩﴾

19 അല്ലാഹുവിൻെറ ശത്രുക്കൾ നരകത്തിലേക്ക് ഒരുമിച്ചുകൂട്ടപ്പെടുന്ന ദിവസം! അപ്പോഴവർ നിയന്ത്രിച്ചു കൊണ്ടു വരപ്പെടുന്നതാണ്.

---

19 ويوم يحشر ഒരുമിച്ച് കൂട്ടപ്പെടുന്ന ദിവസം. أعداء الله അല്ലാഹുവിൻെറ ശത്രുക്കൾ. إلى النار നരകത്തിലേക്ക്. فهم അപ്പോഴവർ. يوزعون നിയന്ത്രിച്ചുകൊണ്ടുവരപ്പെടും.

ഓരോ സംഘവും മറ്റേതുമായി കൂടിച്ചേരേണ്ടതിനും, കൂട്ടംവിട്ടുപോകാതിരിക്കേണ്ടതിനുമായി, അവരെ തെളിച്ച് നിയന്ത്രിച്ച്കൊണ്ട് നരകത്തിലേക്ക് കൊണ്ട് വരപ്പെടും.

حَتَّىٰٓ إِذَا مَا جَآءُوهَا شَهِدَ عَلَيْهِمْ سَمْعُهُمْ وَأَبْصَـٰرُهُمْ وَجُلُودُهُم بِمَا كَانُوا۟ يَعْمَلُونَ ﴿٢٠﴾

20 അങ്ങനെ, അവർ അതിൻെറ അടുക്കൽ വരുമ്പോൾ, അവരുടെ കേൾവിയും [കാതുകളും], അവരുടെ കാഴ്ചകളും [കണ്ണുകളും] അവരുടെ തൊലികളും അവർ പ്രവർത്തിച്ചു കൊണ്ടിരുന്നതിനെക്കുറിച്ച് അവർക്കെതിരിൽ സാക്ഷി പറയുന്നതാണ്.

---

20 حتى അങ്ങിനെ (ഇതുവരെ). إذا ما جاءوها അതിന്നടുക്കൽ അവർ വന്നാൽ (അപ്പോൾ). شهد عليهم അവരുടെമേൽ (അവർക്കെതിരെ) സാക്ഷിനിൽക്കും. سمعهم അവരുടെ കേൾവി (കാത്). وأبصارهم അവരുടെ ദൃഷ്ടി (കാഴ്ച, കണ്ണു)കളും. وجلودهم അവരുടെ തൊലികളും. بما كانوا അവരായിരുന്നതിനെപ്പറ്റി. يعملون പ്രവർത്തിച്ചുകൊണ്ടിരിക്കും.

അവയവങ്ങൾ സാക്ഷി പറയുന്നതിൻെറ രൂപം എങ്ങിനെയായിരിക്കുമെന്ന് നമുക്ക് തിട്ടപ്പെടുത്തുവാൻ സാധ്യമല്ലെങ്കിലും, അവ ഏതോ തരത്തിലുള്ള സംസാരം മുഖേനയാണ് നിർവ്വഹിക്കുക എന്ന് അടുത്ത വചനത്തിൽ നിന്ന് വ്യക്തമാണ്. പരലോകത്ത് വെച്ച് അല്ലാഹു നേരിട്ട് നടത്തുന്ന കോടതിയിലെ വർത്തമാനങ്ങളാണല്ലോ അത്. മനശ്ശാസ്ത്രപരവും സ്വഭാവി

കവുമായ നിലക്ക് കുറ്റവാളികളിൽ പ്രകടമാകുന്ന ചില ഭാവവികാരങ്ങളോ, പ്രതികരണങ്ങളോ ആയിരിക്കും ഇവിടെ ഉദ്ദേശ്യമെന്ന് വരുത്തിത്തീർക്കുവാൻ ചില ആധുനിക വ്യാഖ്യാതാക്കൾ സാഹസപ്പെടാറുണ്ട്. ഈ അഭിപ്രായത്തെ ന്യായീകരിക്കുവാൻവേണ്ടി ചില ശാസ്ത്രീയ സിദ്ധാന്തങ്ങളും ഉദാഹരണങ്ങളും അവർ എടുത്ത് കാട്ടുകയും ചെയ്യും. ഖുർആൻെറ ചില പ്രസ്താവനകൾ-അവ സ്വയം വ്യക്തമാണെങ്കിൽപോലും-അംഗീകരിക്കേണ്ടതിന് ശാസ്ത്രങ്ങളുടെ അനുമതികൂടി വേണമെന്നാണ് ഇവരുടെ പ്രസ്താവനകൾ തോന്നിപ്പിക്കുക. നാവും അധരങ്ങളും ചലിപ്പിക്കുകവഴി വായുമുഖേനയാണ് സംസാരം നമുക്ക് പരിചയപ്പെട്ടിട്ടുള്ളതെങ്കിലും, അല്ലാഹു ഉദ്ദേശിച്ചാൽ മറ്റേതെങ്കിലും അവയവം മുഖേനയോ, ബുദ്ധിജീവികളല്ലാത്ത വസ്തുക്കളിൽ നിന്നോ അതുണ്ടാകുന്നതിന് യാതൊരു തടസ്സവുമില്ല. വാസ്തവത്തിൽ, പാരത്രിക സംഭവങ്ങളെ ഭൗതിക പരിചയങ്ങളുമായി തുലനം ചെയ്യുന്നതിൽനിന്നും, അല്ലാഹുവിൻെറ അപാരമായ കഴിവുകളെ കുടുസ്സായ വീക്ഷണഗതിയോടെ വിലയിരുത്തുന്നതിൽ നിന്നുമാണ് ഇത്തരം സമീപനങ്ങൾ ഉടലെടുക്കുന്നത്. അടുത്ത വചനം നോക്കുക. അവയവങ്ങൾ ബോധപൂർവ്വം ശരിക്കും സംസാരിച്ചുകൊണ്ടാണ് തങ്ങളുടെ സാക്ഷ്യം നിർവ്വഹിക്കുന്നത് എന്നല്ലാതെ മറ്റ് വല്ലതും അതിൽനിന്ന് ഊഹിക്കുവാൻ കഴിയുമോ എന്ന് ഒന്ന് മനസ്സിരുത്തി ആലോചിച്ച് നോക്കുക

وَقَالُوا۟ لِجُلُودِهِمْ لِمَ شَهِدتُّمْ عَلَيْنَا ۖ قَالُوٓا۟ أَنطَقَنَا ٱللَّهُ ٱلَّذِىٓ أَنطَقَ كُلَّ شَىْءٍ وَهُوَ خَلَقَكُمْ أَوَّلَ مَرَّةٍ وَإِلَيْهِ تُرْجَعُونَ ﴿٢١﴾

21 അവർ തങ്ങളുടെ തൊലികളോട് പറയും: ''നിങ്ങൾ എന്തിനായിട്ടാണ് ഞങ്ങൾ (അഥവാ നമ്മൾ)ക്കെതിരിൽ സാക്ഷി പറഞ്ഞത്?!'' അവർ [തൊലികൾ] പറയും: ''എല്ലാ (സംസാരിക്കുന്ന) വസ്തുവെയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളെ സംസാരിപ്പിച്ചിരിക്കുകയാണ്. അവനാണല്ലോ നിങ്ങളെ ഒന്നാം പ്രാവശ്യം സൃഷ്ടിച്ചത്. അവനിലേക്കു തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.''

---

21 **وقَالُوا** അവർ പറയും. **لجلُودهم** അവരുടെ തൊലികളോട്. **لم شهدتم** എന്തിനാണ് നിങ്ങൾ സാക്ഷി നിന്നത്. **علينا** ഞങ്ങൾക്ക് (നമുക്ക്) എതിരെ. **قَالُوا** അവർ പറയും. **أنطقنا الله** അല്ലാഹു ഞങ്ങളെ സംസാരിപ്പിച്ച്. **الذي أنطق** സംസാരിപ്പിച്ചവനായ. **كُلَّ شَيْءٍ** എല്ലാ വസ്തുവെയും. **وهوَ** അവൻതന്നെ. **خلقكُم** നിങ്ങളെ സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു. **أولَ مرة** ഒന്നാംപ്രാവശ്യം. **وإليه** അവനിലേക്കുതന്നെ. **ترجعونَ** നിങ്ങൾ മടക്കപ്പെടുന്നു.

കുറ്റവാളികൾ 'മഹ്ശറി'ൽ വെച്ച് കളവുപറയുമെന്നും, അപ്പോൾ അവരുടെ വായകളിൽ അല്ലാഹു മുദ്രവെക്കുമെന്നും, അവരുടെ കൈകാലുകൾ സംസാരിക്കുകയും, സാക്ഷി പറയുകയും ചെയ്യുമെന്നും സൂ: യാസീൻ 65ൽ നാം കണ്ടു. ഇത് സംബന്ധിച്ച് ഇമാം മുസ്‌ലിം (رحمه الله)ഉദ്ധരിച്ച ഒരു നബിവചനവും നാം അവിടെ ഉദ്ധരിച്ചിരിക്കുന്നു. ഇതെല്ലാം കേവലം അലങ്കാരപ്രയോഗങ്ങളാണെന്നും മറ്റും ജല്പിക്കുന്നവർക്കുള്ള മറുപടി ഈ ആയത്തിൽ-തൊലികളുടെ മറുപടിയിൽ-തന്നെ അടങ്ങിയിരിക്കുന്നു. കൂടുതൽ വിവരിക്കേണ്ടതില്ല. തൊലികളെക്കുറിച്ച് 'അവർ പറഞ്ഞു'. (قالوا)എന്ന് ബുദ്ധിജീവികളെപ്പറ്റി പ്രയോഗിക്കുന്ന രൂപത്തിൽ പ്രസ്താവിച്ചിട്ടുള്ളതും ശ്രദ്ധേയമാണ്. സാധാരണഗതിയിൽ 'അവ പറഞ്ഞു' (قالت – اوقلن) എന്നായിരുന്നു പ്രയോഗിക്കേണ്ടിയിരുന്നത്. ബോധപൂർവ്വംതന്നെയാണ് അവ മറുപടി പറയുന്നതെന്നത്രെ ഇത് കാണിക്കുന്നത്. മറുപടിയാകട്ടെ, വളരെ അർത്ഥഗർഭവും! തുടർന്ന് പറയുന്നതും നോക്കുക:-

22 ‘‘നിങ്ങളുടെ കേൾവികളാകട്ടെ, കാഴ്ച കളാകട്ടെ, തൊലികളാകട്ടെ, നിങ്ങൾക്കെതിരിൽ സാക്ഷ്യം വഹിക്കുമെന്നതിൽ നിന്ന് നിങ്ങൾ മറഞ്ഞു നിൽക്കുകയും ചെയ്തിരുന്നില്ല. പക്ഷേ, നിങ്ങൾ ധരിച്ചു, നിങ്ങൾ പ്രവർത്തിക്കുന്നതിൽ നിന്ന് അധികവും അല്ലാഹു അറിയുകയില്ല എന്ന്!’’

وَمَا كُنتُمْ تَسْتَتِرُونَ أَن يَشْهَدَ عَلَيْكُمْ سَمْعُكُمْ وَلَآ أَبْصَٰرُكُمْ وَلَا جُلُودُكُمْ وَلَٰكِن ظَنَنتُمْ أَنَّ ٱللَّهَ لَا يَعْلَمُ كَثِيرًا مِّمَّا تَعْمَلُونَ ﴿٢٢﴾

23 ‘‘അത്- നിങ്ങളുടെ റബ്ബിനെക്കുറിച്ച് നിങ്ങൾ ധരിച്ചുവെച്ച (ആ) ധാരണ-നിങ്ങളെ നാശത്തിൽ പതിപ്പിച്ചു. അങ്ങനെ,നിങ്ങൾ നഷ്ടക്കാരിൽപെട്ടവരായിത്തീർന്നു.’’

وَذَٰلِكُمْ ظَنُّكُمُ ٱلَّذِى ظَنَنتُم بِرَبِّكُمْ أَرْدَىٰكُمْ فَأَصْبَحْتُم مِّنَ ٱلْخَٰسِرِينَ ﴿٢٣﴾

---

22 **وما كُنتم** നിങ്ങളായിരുന്നില്ല. **تستترونَ** നിങ്ങൾ മറഞ്ഞുനിൽക്കും. **أن يشهد** സാക്ഷിനിൽക്കുന്നതിന്, സാക്ഷിനിൽക്കുമെന്നതിനാൽ. **عليكُم** നിങ്ങളുടെമേൽ. **سمعكُم** നിങ്ങളുടെ കേൾവി. **ولا أبصاركُم** നിങ്ങളുടെ കാഴ്ച (കണ്ണു) കളും ഇല്ല. **ولا جلودكُم** നിങ്ങളുടെ തൊലികളും ഇല്ല. **ولكن ظننتم** പക്ഷേ നിങ്ങൾ ധരിച്ചു. **أن الله لا يعلم** അല്ലാഹു അറിയുകയില്ലെന്ന്. **كثيرا** അധികം, മിക്കതും. **مما تعملونَ** നിങ്ങൾ പ്രവർത്തിക്കുന്നതിൽനിന്ന്. 23 **وذلكُم** അത്. **ظنكُم** നിങ്ങളുടെ ധാരണ, വിചാരം. **الذي ظننتم** നിങ്ങൾ ധരിച്ചതായ. **بربكُم** നിങ്ങളുടെ റബ്ബിനെക്കുറിച്ച്. **أرداكُم** അത് നിങ്ങളെ നാശത്തിൽ പെടുത്തി. **فأصبحتم** അങ്ങനെ നിങ്ങളായിത്തീർന്നു. **من الْخاسرين** നഷ്ടപ്പെട്ടവരിൽ (പെട്ടവർ).

ഈ വാക്യങ്ങൾ അവയവങ്ങളുടെ പ്രസ്താവനയിൽ പെട്ടതാവാനും, അല്ലാഹുവിൻെറ സ്വന്തം പ്രസ്താവനയായിരിക്കുവാനും സാധ്യതയുണ്ട്. അല്ലാഹു പറയുന്നു:-

24 ഇനി, അവർ ക്ഷമിക്കുകയാണെങ്കിൽ, നരകമത്രെ അവർക്ക് പാർപ്പിടം! അവർ (ഖേദിച്ചു മടങ്ങി) തൃപ്തിക്കപേക്ഷിക്കുയാണെങ്കിലോ, എന്നാലവർ, (മടക്കം സ്വീകരിച്ച്) തൃപ്തി നൽകപ്പെടുന്നവരുടെ കൂട്ടത്തിലും (പെടുന്നത്) അല്ല.

فَإِن يَصْبِرُوا۟ فَٱلنَّارُ مَثْوًى لَّهُمْ ۖ وَإِن يَسْتَعْتِبُوا۟ فَمَا هُم مِّنَ ٱلْمُعْتَبِينَ ﴿٢٤﴾

---

24 **فإن يصبروا** ഇനി അവർ ക്ഷമിക്കുന്നപക്ഷം. **فالنار** എന്നാൽ നരകം, നരകമത്രെ. **مثْوى لهم** അവർക്ക് പാർപ്പിടം, വാസസ്ഥലമാണ്. **وإن يستعتبوا** അവർ മടക്കത്തിന്നപേക്ഷിച്ചാൽ, ഖേദം കാണിച്ചാൽ, തൃപ്തിക്കപേക്ഷിച്ചാൽ. **فما هم** എന്നാലവരല്ല. **من المعتبين** മടക്കം സ്വീകരിക്കപ്പെടുന്ന (തൃപ്തി നൽകപ്പെടുന്ന)വരിൽ (പെട്ടവർ).

ക്ഷമിച്ചാലും ഇല്ലെങ്കിലും ഇനി ഫലം ഒന്ന് തന്നെ. രണ്ടായാലും നരകശിക്ഷയാണവർക്ക് അനുഭവിക്കുവാനുള്ളത്. അത് ക്ഷമിക്കുവാൻ കഴിയുമോ? ഒരിക്കലും സാധ്യമല്ല. ഒരു പക്ഷേ, അവർ ഖേദം പ്രകടിപ്പിച്ചു. അല്ലെങ്കിൽ ഐഹിക ജീവിതത്തിലേക്ക് മടക്കിക്കൊടുക്കുവാൻ

അപേക്ഷിച്ചു. അല്ലെങ്കിൽ തങ്ങളുടെമേൽ പ്രീതിക്കുവേണ്ടി അപേക്ഷിച്ച് (*) ഇത് കൊണ്ടൊന്നും തന്നെ ഫലമില്ല. അതൊന്നും അവിടെ സ്വീകാര്യവുമല്ല. എന്നൊക്കെയാണ് അവസാന വാക്യത്തിന്റെ താൽപര്യം.

മനുഷ്യരോ, ഇതര വസ്തുക്കളോ കാണാതെ പാപങ്ങളും തെറ്റുകുറ്റങ്ങളും മറച്ചു ചെയ്‌വാൻ കഴിഞ്ഞേക്കും എന്നാൽ, സ്വന്തം അവയവങ്ങളറിയാതെ ആർക്കും അത് സാധ്യമല്ലല്ലോ. അവയവങ്ങൾപോലും പരലോകത്ത് സാക്ഷികളായി വരുമെന്നിരിക്കെ, മനുഷ്യൻ അവന്റെ രഹസ്യാവസ്ഥയിലും, പരസ്യാവസ്ഥയിലും-സദാസമയത്തും-അല്ലാഹുവിനെ സൂക്ഷിക്കേണ്ടതിന്റെ അനിവാര്യതയാണ് ഈ വചനങ്ങൾ നമ്മെ മനസ്സിലാക്കുന്നത്. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നൽകട്ടെ. آمين

അല്ലാഹുവിനെക്കുറിച്ച് നല്ല ധാരണയും സദ്‌വിചാരവുമുള്ളവൻ അല്ലാഹുവിന്റെ കല്പനക്കും പ്രീതിക്കും എതിരായ കാര്യങ്ങൾ പ്രവർത്തിക്കുകയില്ല. നേരെമറിച്ച് അല്ലാഹുവിനെക്കുറിച്ച് ചീത്ത ധാരണയും ദുർവിചാരവും പുലർത്തിപ്പോരുന്നവരിൽനിന്ന് ദുർവൃത്തികളും പാപങ്ങളും ഉണ്ടാകാതിരിക്കുകയുമില്ല. സൽവിചാരം നന്ദിയുടെയും വിശ്വാസത്തിന്റെയും ലക്ഷണമാണ്. ദുർവിചാരമാകട്ടെ, നന്ദികേടും വിശ്വാസക്കുറവുമാണ്. അല്ലാഹുവിനെപ്പറ്റി സദാ നല്ല ധാരണമാത്രം പുലർത്തിക്കൊണ്ടിരിക്കുന്നത് മനുഷ്യന്റെ സകലമാന വിജയത്തിനും, ചീത്ത ധാരണ അവന്റെ തീരാനഷ്ടത്തിനും കാരണമാകുന്നു. അല്ലാഹു പ്രസ്താവിച്ചതായി ഒരു ഹദീസിൽ നബി (ﷺ) ഉദ്ധരിക്കുന്നു: انا عند ظن عبدى بى الخ – متفق സാരം: എന്റെ അടിയാന്ന് എന്നെക്കുറിച്ചുള്ള ധാരണയനുസരിച്ചായിരിക്കും ഞാൻ വർത്തിക്കുക. (ബു: മു.) മറ്റൊരു ഹദീസിൽ നബി (ﷺ)പറയുന്നു: لايموتن احدكم الا وهو يحسن الظن بالله تعالى فان قوما ارادهم سوء ظنهم بالله فقال الله وذلكم ظنكم الخ - مسلم احمد وابوداود (നിങ്ങളിൽ ഒരാളും അല്ലാഹുവിനെപ്പറ്റി ധാരണ നന്നായിക്കൊണ്ടല്ലാതെ മരിച്ചുപോകരുത്. കാരണം, അല്ലാഹുവിനെക്കുറിച്ച് ഒരു ജനതയുടെ ദുഷിച്ച ധാരണ അവരെ നാശത്തിലകപ്പെടുത്തിയിരിക്കുന്നു. അല്ലാഹു-അവരെപ്പറ്റി ഖുർആനിൽ-പറയുന്നു: ''നിങ്ങളുടെ റബ്ബിനെപ്പറ്റി നിങ്ങൾ ആ ധാരണ നിങ്ങളെ നാശത്തിലാക്കിയിരിക്കുന്നു.'' (മു; അ; ദാ) എന്നാൽ, ദുഷ്പ്രവൃത്തികൾ പതിവാക്കുകയും, അതേ സമയത്ത് താൻ റബ്ബിനെപ്പറ്റി നല്ല ധാരണ വെക്കുന്നുവെന്ന് പറയുകയും ചെയ്യുന്നത് നിരർത്ഥവും, -ഇമാം ഹസൻബസരീ (رحمه الله)പറഞ്ഞതുപോലെ-കളളവുമായിരിക്കും. കാരണം, അല്ലാഹുവിനെപ്പറ്റി നല്ല ധാരണ വെക്കുന്നവൻ നിശ്ചയമായും നല്ല പ്രവർത്തികളായിരിക്കും ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു പറയുന്നു;-

۞ وَقَيَّضْنَا لَهُمْ قُرَنَآءَ فَزَيَّنُوا۟ لَهُم مَّا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَحَقَّ عَلَيْهِمُ ٱلْقَوْلُ فِىٓ أُمَمٍ قَدْ خَلَتْ مِن قَبْلِهِم مِّنَ ٱلْجِنِّ وَٱلْإِنسِ ۖ إِنَّهُمْ كَانُوا۟ خَـٰسِرِينَ ﴿٢٥﴾

25 നാം അവർക്ക് ചില കൂട്ടാളികളെ നിശ്ചയിച്ചു; എന്നിട്ട്, അവർ അവരുടെ മുമ്പിലുള്ളതും, പിമ്പിലുള്ളതും അവർക്ക് ഭംഗിയാക്കിക്കാണിച്ചു. ജിന്നുകളിൽ നിന്നും, മനുഷ്യരിൽനിന്നും തങ്ങളുടെ മുമ്പ് കഴിഞ്ഞുപോയിട്ടുളള സമുദായങ്ങളുടെ കൂട്ടത്തിൽ, അവരുടെമേൽ (ശിക്ഷയുടെ) വാക്ക് (യഥാർഥമായി) സ്ഥിരപ്പെടുകയും ചെയ്തു. നിശ്ചയമായും അവർ നഷ്ടപ്പെട്ടവരായിരുന്നു.

---

* يستعتب എന്ന ക്രിയക്കു ഈ അർത്ഥങ്ങളെല്ലാം വരും. സാരത്തിൽ എല്ലാം ഒന്നുതന്നെ.

25 وقيضنا നാം നിശ്ചയിച്ചു, നിയമിച്ചു. لهم അവർക്ക്. قرناء ചില കൂട്ടാളികളെ, തുണകളെ. فزينوا എന്നിട്ടവർ അലങ്കാരമാക്കി, ഭംഗിയാക്കിക്കാട്ടി. لهم അവർക്ക്. ما بين أيديهم അവരുടെ മുമ്പിലുള്ളതിനെ. وما خلفهم അവരുടെ പിമ്പിലുള്ളതിനെയും. وحق عليهم അവരിൽ യഥാർത്ഥമാകുക (സ്ഥിരപ്പെടുക) യും ചെയ്തു. القول വാക്ക്. في أمم സമുദായങ്ങളിലായിട്ട് (സമുദായങ്ങളുടെ കൂട്ടത്തിൽ). قد خلت കഴിഞ്ഞുപോയിട്ടുള്ള. من قبلهم അവരുടെ മുമ്പ്. من الجن ജിന്നുകളിൽനിന്ന്. والإنس മനുഷ്യരിൽ നിന്നും. إنهم كانوا നിശ്ചയമായും അവരാ. خاسرين നഷ്ടപ്പെട്ടവർ.

സഹവാസവും കൂട്ടുകെട്ടും നിമിത്തം മനുഷ്യൻ നന്നായിത്തീരുവാനും, ദുഷിച്ചുപോകുവാനും ഇടവരുമെന്ന് പറയേണ്ടതില്ല. കൂട്ടാളികളായി സ്വീകരിക്കപ്പെടുന്നവർ ഏതു തരത്തിലുള്ളവരാണെന്നതാണ് ഇതിന്റെ പശ്ചാത്തലം. നബി (ﷺ)പറയുന്നു:

المرأ على دين خليله فلينظر احدكم من يخالل – احمد والترمذى وابوداود والبيهقى

(മനുഷ്യൻ അവന്റെ ചങ്ങാതിയുടെ മതത്തിലായിരിക്കും നിലകൊള്ളുക. അതുകൊണ്ട് നിങ്ങളിൽ ഓരോരുത്തനും ആരോടാണ് താൻ ചങ്ങാത്തം സ്വീകരിക്കേണ്ടതെന്ന് നോക്കിക്കൊള്ളട്ടെ, (അ; തി; ദാ; ബ.) ഇമാം മാലിക് (رحمه الله) നിവേദനം ചെയ്യുന്ന മറ്റൊര് ഹദീസിൽ അല്ലാഹു പ്രസ്താവിച്ചതായി നബി (ﷺ) ഇപ്രകാരം അരുളിചെയ്യുന്നു: 'എന്റെ വിഷയത്തിൽ അന്യോന്യം സ്നേഹിക്കുന്നവർക്കും, എന്റെ വിഷയത്തിൽ അന്യോന്യം കൂടിയിരിക്കുന്നവർക്കും എന്റെ വിഷയത്തിൽ അന്യോന്യം സന്ദർശനം നടത്തുന്നവർക്കും, എന്റെ വിഷയത്തിൽ അന്യോന്യം കൊടുക്കുന്നവർക്കും എന്റെ സ്നേഹം നിർബ്ബന്ധമായും ലഭിക്കുന്നതാണ്.'

വിഭാഗം-4

26 അവിശ്വസിച്ചവർ പറയുകയാണ്: ''നിങ്ങൾ ഈ ഖുർആനിലേക്ക് ചെവികൊടുക്കരുത്; നിങ്ങൾ അതിൽ (ബഹളംകൂട്ടി) ഒച്ചപ്പാടുണ്ടാക്കുകയും ചെയ്യുവിൻ, നിങ്ങൾ ജയം നേടിയേക്കാം.''	وَقَالَ ٱلَّذِينَ كَفَرُوا۟ لَا تَسْمَعُوا۟ لِهَـٰذَا ٱلْقُرْءَانِ وَٱلْغَوْا۟ فِيهِ لَعَلَّكُمْ تَغْلِبُونَ ﴿٢٦﴾

---

26 وقال الذين كفروا അവിശ്വസിച്ചവർ പറയുകയാണ്, പറയും. لا تسمعوا നിങ്ങൾ കേൾക്കരുത് (ചെവികൊടുക്കരുത്). لهذا القرآن ഈ ഖുർആനിലേക്ക്. والغوا നിങ്ങൾ ഒച്ചപ്പാടുണ്ടാക്കുക (തിരക്കുകൂട്ടുക)യും ചെയ്യുവിൻ. فيه അതിൽ. لعلكم നിങ്ങളായേക്കാം, ആകുവാൻവേണ്ടി. تغلبون നിങ്ങൾ ജയിക്കും, മികച്ചുനിൽക്കുന്ന(വർ).

തെളിവ്, ന്യായം, മർദ്ദനം, ഉപായം എന്നിവകൊണ്ടൊന്നും ഖുർആന്റെ വശ്യശക്തിയെ മറികടക്കുവാൻ ഖുറൈശി മുശ്രിക്കുകൾക്ക് കഴിയാതിരുന്നപ്പോൾ അവർ പ്രയോഗിച്ച മറ്റൊരായുധമാണിത്. ഖുർആൻ ഓതിക്കേൾപ്പിക്കപ്പെടുമ്പോൾ അനാവശ്യം സംസാരം, ചൂളംവിളി, കൈമുട്ടുപോലെയുള്ള എന്തെങ്കിലും ശബ്ദകോലാഹലങ്ങൾവഴി ബഹളംകൂട്ടുക. എന്നാൽ മറ്റുള്ളവർക്ക് അത് കേൾക്കുവാൻ സാധിക്കാതെ വരുമല്ലോ. ഇങ്ങിനെ, ആ സംരംഭത്തെ പരാജയപ്പെടുത്തി തങ്ങൾക്ക് വിജയം നേടാമെന്നാണവരുടെ വ്യാമോഹം. പക്ഷെ, ഖുർആന്റെ അമാനുഷികമായ സ്വാധീനശക്തിയെ വെല്ലുവാൻ അവർക്കുണ്ടോ കഴിയുന്നു?!

'ഉത്തരം മുട്ടിയാൽ കൊഞ്ഞനംകാട്ടുക' എന്ന അപലപനീയമായ ഈ അടവ് ഖുറൈശികൾ മാത്രമല്ല സ്വീകരിക്കാറുള്ളത്. അന്ധവിശ്വാസത്തിനും അനാചാരങ്ങൾക്കും എതിരായി ശബ്ദം ഉയർത്തുന്നവരുടെ നേരെ ചില പാമരവിഡ്ഢികളും, അവരെ ചൂഷണം ചെയ്യുന്ന ദുഷ്ടനേതാക്കളും ഉപയോഗിച്ചുവരാറുള്ളതാണ്. നമ്മുടെ രാഷ്ട്രീയ വേദികളിലും, നിയമസഭായോഗങ്ങളിലുമെല്ലാം തന്നെ ഇന്നു ഇതു പ്രചാരത്തിൽ വന്നിരിക്കയാണല്ലോ. 1400 കൊല്ലം മുമ്പ് ജീവിച്ചിരുന്ന സത്യനിഷേധികളായ ആ അപരിഷ്കൃത അറബികൾ അന്നു ഖുർആന്റെ നേരെ സ്വീകരിച്ച അതേ പൈശാചിക അടവ് ഇന്ന് ഉൽബുദ്ധരെന്ന് അവകാശപ്പെടുന്ന ജനവിഭാഗങ്ങൾക്കിടയിൽപോലും അനുകരിക്കപ്പെടുന്നത് കാണുമ്പോൾ, മനുഷ്യ ഹൃദയമുള്ളവർക്ക് ലജ്ജയും വിസ്മയവും തോന്നിപ്പോകും!

അതിൽ ഒച്ചപ്പാടുണ്ടാക്കുവിൻ (والغوافيه) എന്ന വാക്യത്തിന് ഇമാം ബൈളാവീ (رحمه الله)നൽകിയ വ്യാഖ്യാനം ശ്രദ്ധേയമാകുന്നു. وعاوضوه بالخرافات او ارفعوا اصواتكم بها لتشوشوه على القارى (സാരം: വായിക്കുന്നവന് ശല്യമുണ്ടാക്കുവാനായി അടിസ്ഥാനരഹിതമായ വാർത്തകൾകൊണ്ട് നിങ്ങളതിനെ എതിർക്കുവിൻ. അല്ലെങ്കിൽ, അവ മുഖേന നിങ്ങൾ ശബ്ദം ഉയർത്തുവിൻ). ചെണ്ടമുട്ടിയും, കൂക്കിവിളിച്ചും, ഗാനാലാപങ്ങൾ നടത്തിയും, അനാവശ്യമായി സംസാരിച്ചും-എന്നുവേണ്ട മറ്റേതുവിധേനയും-സത്യം കേൾക്കുന്നതിൽനിന്ന് മറ്റുള്ളവരെ തടയുവാൻ പ്രതിയോഗികൾ ഉണ്ടാക്കുന്ന ശല്യങ്ങളെല്ലാം ഇതിന് ഉദാഹരണങ്ങളാകുന്നു.

27 എന്നാൽ, (ആ) അവിശ്വസിച്ചവർക്ക് നിശ്ചയമായും കഠിനമായ ശിക്ഷ നാം ആസ്വദിപ്പിക്കുന്നതാണ്. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിലെ തിൻമ(കൾ)ക്ക് അവർക്കു നാം പ്രതിഫലം നൽകുകയും തന്നെ ചെയ്യും.

فَلَنُذِيقَنَّ ٱلَّذِينَ كَفَرُوا۟ عَذَابًا شَدِيدًا وَلَنَجْزِيَنَّهُمْ أَسْوَأَ ٱلَّذِى كَانُوا۟ يَعْمَلُونَ ﴿٢٧﴾

28 അതാ, അല്ലാഹുവിന്റെ ശത്രുക്കളുടെ പ്രതിഫലം-നരകം! അവർക്കതിൽ സ്ഥിരവാസത്തിന്റെ ഭവനമുണ്ട്; നമ്മുടെ (ലക്ഷ്യ) ദൃഷ്ടാന്തങ്ങളെ അവർ നിഷേധിച്ചിരുന്നതിന് പ്രതിഫലമായിട്ട്.

ذَٰلِكَ جَزَآءُ أَعْدَآءِ ٱللَّهِ ٱلنَّارُ ۖ لَهُمْ فِيهَا دَارُ ٱلْخُلْدِ ۖ جَزَآءًۢ بِمَا كَانُوا۟ بِـَٔايَٰتِنَا يَجْحَدُونَ ﴿٢٨﴾

29 അവിശ്വസിച്ചവർ (അവിടെവെച്ച്) പറയും: ''ഞങ്ങളുടെ റബ്ബേ! ജിന്നുകളിൽ നിന്നും മനുഷ്യരിൽനിന്നും ഞങ്ങളെ വഴിപിഴപ്പിച്ച ഇരുകൂട്ടരെയും ഞങ്ങൾക്ക് കാട്ടിത്തരേണമേ; രണ്ടു കൂട്ടരും ഏറ്റവും അധമൻമാരുടെ കൂട്ടത്തിലായിത്തീരുവാൻ വേണ്ടി, ഞങ്ങൾ അവരെ ഞങ്ങളുടെ കാലടികൾക്കു താഴെയാ(ക്കി ചവിട്ടിയേ)ക്കട്ടെ.''

وَقَالَ ٱلَّذِينَ كَفَرُوا۟ رَبَّنَآ أَرِنَا ٱلَّذَيْنِ أَضَلَّانَا مِنَ ٱلْجِنِّ وَٱلْإِنسِ نَجْعَلْهُمَا تَحْتَ أَقْدَامِنَا لِيَكُونَا مِنَ ٱلْأَسْفَلِينَ ﴿٢٩﴾

---

27 **فَلَنُذيقَن** എന്നാൽ നിശ്ചയമായും നാം ആസ്വദിപ്പിക്കും (അനുഭവിപ്പിക്കും). **الذين كَفَروا** അവിശ്വസിച്ചവർക്ക്. **عذَابا شديدا** കഠിനമായ ശിക്ഷ. **ولَنجزينهم** അവർക്ക് നാം പ്രതിഫലം കൊടുക്കുകയും തന്നെ ചെയ്യും. **أسوأ الذي** യാതൊന്നിലെ തിൻമക്ക്. **كَانوا يعملُونَ** അവർ പ്രവർത്തിച്ചിരുന്ന. 28 **ذَلك** **جزاءُ** അത് (അതാ) പ്രതിഫലം. **أعداءِ اللهِ** അല്ലാഹുവിന്റെ ശത്രുക്കളുടെ. **النار** നരകം. **لَهم فيها** അതിൽ അവർക്കുണ്ട്. **دار الخلْد** സ്ഥിരവാസത്തിന്റെ വീട് (ഭവനം). **جزاءً** പ്രതിഫലമായിട്ട്. **بِما** **كَانوا** അവരായിരുന്നതിന്. **بِآياتنا** നമ്മുടെ ആയത്തുകളെ. **يجحدونَ** നിഷേധിക്കും. 29 **وقَالَ** പറയും.

الذين كفروا അവിശ്വസിച്ചവർ. **ربنا أرنا** ഞങ്ങളുടെ റബ്ബേ ഞങ്ങൾക്ക് കാട്ടിത്തരണം. **الذَين** യാതൊരു രണ്ടുകൂട്ടരെ. **أضلانا** ഞങ്ങളെ വഴിപിഴപ്പിച്ച. **من الجن** ജിന്നിൽനിന്ന്. **والإنس** മനുഷ്യരിൽനിന്നും. **نجعلهما** രണ്ടുകൂട്ടരെയും ഞങ്ങൾ ആക്കട്ടെ. **تحت أقدامنا** ഞങ്ങളുടെ കാലടികൾക്ക് താഴെ. **ليكونا** അവർ ആയിത്തീരുവാൻ. **من الأسفلين** ഏറ്റവും അധമൻമാരിൽ, താണവരിൽ.

തങ്ങളെ വഴിപിഴപ്പിക്കുന്നതിൽ പങ്കുവഹിച്ച മനുഷ്യപ്പിശാചുക്കളെയും, ജിൻപിശാചുക്കളെയും ചവിട്ടിമെതിച്ച് നിന്ദിച്ചുകൊണ്ടു പകപോക്കുവാൻ ഒരവസരം നലകണേ എന്ന് അവർ അപേക്ഷിക്കുകയാണ്. തങ്ങൾ അതികഠിനമായ ഈ ശിക്ഷകൾക്ക് വിധേയരായതിന് കാരണക്കാരാണല്ലോ അവർ. ഇഹത്തിൽവെച്ച് അവരോടുണ്ടായിരുന്ന സ്നേഹാദരവുകളും, ഇണക്കവണക്കങ്ങളുമെല്ലാം ഇപ്പോൾ അസ്തമിച്ചുപോയി. ഇപ്പോൾ അവരാണ് ഇവരുടെ ഏറ്റവും വെറുക്കപ്പെട്ട ശത്രുക്കൾ.

കഴിഞ്ഞ കുറെ ആയത്തുകളിൽ അവിശ്വാസികളുടെ സ്വഭാവങ്ങളും, ശിക്ഷകളുമായിരുന്നു സംസാരവിഷയം: തുടർന്നുള്ള ഏതാനും വചനങ്ങളിൽ-ഖുർആൻെറ സാധാരണ പതിവുപോലെ-സത്യവിശ്വാസികളെക്കുറിച്ച് പ്രസ്താവിക്കുന്നു:-

إِنَّ ٱلَّذِينَ قَالُواْ رَبُّنَا ٱللَّهُ ثُمَّ ٱسۡتَقَٰمُواْ تَتَنَزَّلُ عَلَيۡهِمُ ٱلۡمَلَٰٓئِكَةُ أَلَّا تَخَافُواْ وَلَا تَحۡزَنُواْ وَأَبۡشِرُواْ بِٱلۡجَنَّةِ ٱلَّتِي كُنتُمۡ تُوعَدُونَ ٣٠

30 'ഞങ്ങളുടെ റബ്ബ് അല്ലാഹുവാണ്' എന്ന് പറയുകയും, പിന്നീട് (അതനുസരിച്ചു) ചൊവ്വായി നിലകൊള്ളുകയും ചെയ്തിട്ടുള്ളവർ, അവരിൽ മലക്കുകൾ (സന്തോഷവാർത്തയുമായി) ഇറങ്ങിവരുന്നതാണ്: അതായത്: ''നിങ്ങൾ പേടിക്കേണ്ടാ, നിങ്ങൾ വ്യസനിക്കുകയും വേണ്ടാ, നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന സ്വർഗ്ഗം കൊണ്ട് നിങ്ങൾ സന്തോഷമടഞ്ഞുകൊള്ളുവിൻ!''

نَحۡنُ أَوۡلِيَآؤُكُمۡ فِي ٱلۡحَيَوٰةِ ٱلدُّنۡيَا وَفِي ٱلۡأٓخِرَةِۖ وَلَكُمۡ فِيهَا مَا تَشۡتَهِيٓ أَنفُسُكُمۡ وَلَكُمۡ فِيهَا مَا تَدَّعُونَ ٣١

31 ''ഇഹത്തിലും, പരത്തിലും നിങ്ങളുടെ ബന്ധുമിത്രങ്ങളാണ് ഞങ്ങൾ. നിങ്ങൾക്ക് അവിടത്തിൽ [പരലോകത്ത്] നിങ്ങളുടെ മനസ്സുകൾ എന്ത് ഇച്ഛിക്കുന്നുവോ അത് (മുഴുവനും) ഉണ്ടായിരിക്കും. നിങ്ങൾ അവിടെവെച്ച് എന്ത് ആവശ്യപ്പെടുന്നുവോ അതും നിങ്ങൾക്കുണ്ടായിരിക്കും;-

نُزُلٗا مِّنۡ غَفُورٖ رَّحِيمٖ ٣٢

32 വളരെ പൊറുക്കുന്നവനും, കരുണാനിധിയുമായ ഒരുവനിൽ [അല്ലാഹുവിൽ] നിന്നുള്ള സൽക്കാരമായിക്കൊണ്ട്!''

---

30 **إن الذين** നിശ്ചയമായും യാതൊരുവൻ. **قالُوا** പറഞ്ഞു. **ربنا الله** ഞങ്ങളുടെ റബ്ബ് അല്ലാഹുവാണ് എന്ന്. **ثُم استقاموا** പിന്നെ അവർ ചൊവ്വിന്ന് നിന്ന്, നേരെനിന്ന്. **تتنزلُ** ഇറങ്ങിവരും. **عليهم** അവരിൽ. **الملائكةُ** മലക്കുകൾ. **ألا تخافُوا** നിങ്ങൾ ഭയപ്പെടരുത് എന്ന് (പറഞ്ഞുകൊണ്ട്). **ولا تحزنوا** നിങ്ങൾ വ്യസനിക്കുകയും ചെയ്യരുത്. **وأبشروا** നിങ്ങൾ സന്തോഷപ്പെടുകയും ചെയ്യുവിൻ. **بالجنة التي**

യാതൊരു സ്വർഗ്ഗംകൊണ്ട്. **كُنتم توعدون** നിങ്ങളോട് വാഗ്ദാന ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന. 31 **نحن** ഞങ്ങൾ. **أولياؤكُم** നിങ്ങളുടെ ബന്ധുക്കളാണ്, മിത്രങ്ങളാണ്. **في الْحياة الدنيا** ഐഹികജീവിതത്തിൽ. **وفي الآخرة** പരലോകത്തിലും. **ولكُم فيها** അതിൽ നിങ്ങൾക്കുണ്ടുതാനും. **ما تشتهي** ഇച്ഛിക്കുന്നത്, ആശിക്കുന്നത്. **أنفُسُكم** നിങ്ങളുടെ മനസ്സുകൾ. **ولكُم فيها** അതിൽ നിങ്ങളൾക്കുണ്ട്. **ما تدعونَ** നിങ്ങൾ വിളിച്ചാവശ്യപ്പെടുന്നതും. 32 **نزلاً** വിരുന്ന് (ആതിഥ്യം) ആയിക്കൊണ്ട്. **من غفُور** വളരെ പൊറുക്കുന്ന ഒരുവനിൽനിന്നുളള. **رحيم** കരുണാനിധിയായ.

അല്ലാഹുവിൽ ശരിക്കും വിശ്വസിക്കുകയും, അതു പ്രഖ്യാപിക്കുകയും, അതിൻെറ താല്പര്യമനുസരിച്ച് നേർമാർഗ്ഗത്തിൽ ചരിക്കുകയും ചെയ്യുന്നവരുടെ അടുക്കൽ ഐഹികവും പാരത്രികവുമായ സന്തോഷവാർത്തകളുമായി മലക്കുകൾ ഇറങ്ങിവന്നു അവരെ സമാധാനിപ്പിച്ചു കൊണ്ടിരിക്കുമെന്നാണ് ഈ വചനങ്ങൾ മുഖേന അല്ലാഹു അറിയിക്കുന്നത്. പ്രസ്തുത സന്തോഷവാർത്തക്ക് പ്രധാന ഖുർആൻ വ്യാഖ്യാതാക്കൾ നൽകുന്ന വിശദീകരണം ഇങ്ങിനെ സംഗ്രഹിക്കാം.

നിങ്ങൾ പരലോകത്ത് വരുമ്പോൾ നിങ്ങൾക്കവിടെ പേടിക്കേണ്ടതായി ഒന്നും ഉണ്ടായിരിക്കയില്ല. നിങ്ങൾ ഇഹലോകത്ത് വിട്ടുപോകുന്ന മക്കൾ, കുടുംബങ്ങൾ മുതലായവയെപ്പറ്റി നിങ്ങൾ വ്യസനിക്കേണ്ടതുമില്ല. അല്ലാഹുവിൻെറ റസൂലുകൾമുഖാന്തരം സൽക്കർമ്മശാലികൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുളള സ്വർഗ്ഗം നിങ്ങൾക്കു ലഭിക്കുന്നതാണ്. ഞങ്ങളാകട്ടെ, ഇരുലോകത്തും നിങ്ങളുടെ മിത്രങ്ങളും ഗുണകാംക്ഷികളുമാകുന്നു. ഐഹിക ജീവിതത്തിൽ നിങ്ങൾക്ക് കാൺമാൻ കഴിയാത്ത പല സഹായങ്ങളും ഞങ്ങൾ നൽകുന്നുണ്ട്. നിങ്ങൾക്ക് സൽക്കർമ്മം ചെയ്വാനുളള പ്രചോദനം നൽകുക, നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക മുതലായവ ഞങ്ങൾ ചെയ്തുവരുന്നു. ഖബ്റിലെ ജീവിതത്തിലും, പുനരുത്ഥാനത്തിൻെറ ഭയങ്കര ഘട്ടങ്ങളിലുമെല്ലാം ഞങ്ങൾ നിങ്ങൾക്ക് മനസ്സമാധാനം നൽകികൊണ്ടിരിക്കും. സ്വർഗ്ഗത്തിലാണെങ്കിൽ, നിങ്ങൾ ഇച്ഛിക്കുന്നതും, നിങ്ങൾ ആവശ്യപ്പെടുന്നതുമെല്ലാം നിങ്ങൾക്കവിടെ തയ്യാറുണ്ടായിരിക്കുന്നതുമാകുന്നു. വളരെ പൊറുക്കുന്നവനും വളരെ കാരുണ്യവാനുമായ അല്ലാഹു നിങ്ങൾക്കായി ഒരുക്കിവെച്ചിട്ടുളള വിരുന്നുസൽക്കാരമായിരിക്കും അത്.'

സജ്ജനങ്ങളായ ആളുകൾക്ക് മലക്കുകളിൽനിന്ന് ഈ സന്തോവാർത്തകൾ ലഭിക്കുന്നത് എപ്പോഴായിരിക്കും? ഇതിനെക്കുറിച്ച് ചില നിവേദനങ്ങളും അഭിപ്രായങ്ങളും ഉദ്ധരിച്ചുകൊണ്ട് ഇമാം ഇബ്നുകഥീർ (رحمه الله) പറയുന്നു: 'മരണസമയത്തും, ഖബ്റിൽവെച്ചും, പുനരുത്ഥാനസമയത്തും മലക്കുകൾ സന്തോഷവാർത്ത അറിയിക്കുമെന്ന് സൈദുബ്നു അസ്‌ലം (رضي الله عنه) പറഞ്ഞതായി ഇബ്നു അബീഹാതിം (رحمه الله) നിവേദനം ചെയ്തിരിക്കുന്നു. ഈ പ്രസ്താവന മുൻപറഞ്ഞ എല്ലാ അഭിപ്രായങ്ങളും ഉൾക്കൊളളുന്നതാണ്. ഇതു വളരെ നല്ല അഭിപ്രായവും യഥാർത്ഥമായിട്ടുളളതുമാകുന്നു.'

ഇമാം മുസ്‌ലിം (رحمه الله) മുതലായവർ ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം: 'സുഫ്‌യാനുബ്നു അബ്ദില്ലാ (رضي الله عنه) റസൂൽ തിരുമേനിയോട് ചോദിച്ചു: 'അല്ലാഹുവിൻെറ റസൂലേ! അവിടുത്തേക്കുശേഷം മറ്റാരോടും ഞാൻ (കൂടുതൽ) ചോദിച്ചറിയേണ്ടി വരാത്ത ഒരു വാക്ക് ഇസ്‌ലാമിനെക്കുറിച്ച് എനിക്ക് പറഞ്ഞു തന്നേക്കണം. തിരുമേനി പറഞ്ഞു: 'ഞാൻ അല്ലാഹുവിൽ വിശ്വസിച്ചു എന്ന് നീ പറയുക, പിന്നീട് നീ ചൊവ്വായി നിലകൊളളുക.' (قل امنت بالله ثم استقم) പിന്നീടദ്ദേഹം, താൻ ഏറ്റവുമധികം സൂക്ഷിക്കേണ്ട കാര്യമെന്താണെന്ന് ചോദിച്ചു. തിരുമേനി, നാവിലേക്ക് ചൂണ്ടിക്കാട്ടിക്കൊണ്ട് 'ഇതാണ്' എന്ന് ഉത്തരം പറഞ്ഞു.'

33 അല്ലാഹുവിലേക്ക് ക്ഷണിക്കുകയും, സൽക്കർമ്മം പ്രവർത്തിക്കുകയും, നിശ്ചയമായും ഞാൻ 'മുസ്‌ലിം'കളിൽ പെട്ടവനാണ് എന്ന് പറയുകയും ചെയ്തവനെക്കാൾ നല്ല വാക്ക് പറയുന്നവൻ ആരാണുള്ളത്?! [ആരുമില്ലതന്നെ.]

وَمَنْ أَحْسَنُ قَوْلًا مِّمَّن دَعَآ إِلَى ٱللَّهِ وَعَمِلَ صَٰلِحًا وَقَالَ إِنَّنِى مِنَ ٱلْمُسْلِمِينَ ﴿٣٣﴾

33 ومن ആരാണ്. أحسن അധികം നല്ലവൻ. قولاً വാക്ക്, വാക്കിൽ. ممن دعا വിളിച്ച (ക്ഷണിച്ച) വനെക്കാൾ. إلى الله അല്ലാഹുവിലേക്ക്. وعملَ صالحا സൽക്കർമ്മം (നല്ലത്) പ്രവർത്തിക്കുകയും ചെയ്ത. وقالَ പറയുകയും ചെയ്തു. إنني നിശ്ചയമായും ഞാൻ. من المسلمين മുസ്‌ലിംകളിൽപെട്ട(വനാണ്).

മനുഷ്യർ പലതും പറയുന്നു, പ്രഖ്യാപിക്കുന്നു, പ്രചാരവേല ചെയ്യുന്നു, പലതിലേക്കും ക്ഷണിക്കുന്നു. ഇവരിൽവെച്ച് ഏറ്റവും നല്ല വക്താവ് ഏതാണ്? മൂന്നു കാര്യങ്ങൾ ആരിൽ സമ്മേളിച്ചിട്ടുണ്ടോ അവരാണ് അതെന്ന് അല്ലാഹു ചൂണ്ടക്കാട്ടുന്നു: 1) അല്ലാഹുവിലേക്കു ക്ഷണിക്കുക. അതായത്, തൗഹീദിലേക്കും, ഇസ്‌ലാമിലേക്കും ക്ഷണിക്കുകയും, അതിനു വേണ്ടി ഉപദേശവും പ്രചാരവും നടത്തുകയും ചെയ്യുക. 2) സൽക്കർമ്മം ചെയ്യുക. അന്യരെ ക്ഷണിക്കുകയും ഉപദേശിക്കുകയും ചെയ്യുന്നവൻ നിഷ്കളങ്കനും, മാതൃകായോഗ്യനുമായിരിക്കേണ്ടതാണല്ലോ. അതുകൊണ്ട് അവൻ സ്വന്തം നിലക്കും, മറ്റുള്ളവരുടെ ഉപദേശകനെന്ന നിലക്കും സദ്വൃത്തനായിത്തീരേണ്ടതുണ്ട്. അല്ലാത്തപക്ഷം അവൻ വഞ്ചകനും, കപടനുമായിരിക്കും. 3) താനൊരു മുസ്‌ലിമാണ്-അഥവാ അല്ലാഹുവിൻെറ വിധി വിലക്കുകളനുസരിച്ചു ജീവിക്കുന്നവനാണ്-എന്നു പറയുക അതെ, പരസ്യമായും, ധൈര്യസമേതവും അതു തുറന്നു പ്രഖ്യാപിക്കുകയും, അതിൽ അഭിമാനം കൊള്ളുകയും ചെയ്യുക. അതവൻെറ വിശ്വാസദാർഢ്യത്തെയും, കർമ്മധീരതയെയും, സ്ഥിരചിത്തതയെയും കുറിക്കുന്നു.

ഒരാൾക്ക് നല്ല വിശ്വാസവും, ഉൽകൃഷ്ടമായ ആദർശവും ഉണ്ടായാൽ മാത്രം പോരാ. അവനതുപ്രകാരം ആചരിച്ചാലുംപോരാ, അതു പ്രഖ്യാപിക്കുകയും, അതിലേക്ക് മറ്റുള്ളവരെ ക്ഷണിക്കുകയും കൂടി വേണ്ടതുണ്ടെന്ന് ഈ വചനത്തിൽനിന്നു മനസ്സിലാക്കാം. ഈ മൂന്നു ഗുണങ്ങളും സമ്മേളിച്ച വ്യക്തികൾ ഇന്നു മുസ്‌ലിം സമുദായത്തിൽ വളരെ വിരളമാണെന്ന് അത്യധികം വ്യസനത്തോടെ പറയേണ്ടിയിരിക്കുന്നു. മുസ്‌ലിം സമുദായത്തിന് ഇന്നുള്ള അധഃപതത്തിൻെറ കാരണവും ഇതൊന്നുമാത്രമാണെന്ന് പറയാം താനൊരു മുസ്‌ലിമാണെന്നു ധൈര്യത്തോടും അഭിമാനത്തോടും കൂടി ഏതു രംഗങ്ങളിലും തുറന്നു പ്രഖ്യാപിക്കുന്നത് പോകട്ടെ, താനൊരു മുസ്‌ലിമാണെന്ന വസ്തുത മറ്റുള്ളവർ അറിയുന്നതുപോലും ലജ്ജയോ, ഭീരുത്വമോ ആയിത്തീർന്നിട്ടുള്ള ധാരാളം മുസ്‌ലിം നാമധാരികളെ ഇന്നു കാണാവുന്നതാണ്. ഇതുനിമിത്തം, തങ്ങളുടെ പേരും വേഷവും ഇസ്‌ലാമികമല്ലെന്ന് തോന്നിക്കുന്ന ഏതെങ്കിലും വികൃതരൂപം സ്വീകരിക്കുവാനും ചിലർ തയ്യാറാകുന്നു. ഇത്തരക്കാർ, തങ്ങൾ മുസ്‌ലിംകളല്ലെന്ന് തുറന്നുപറയുന്നതായിരക്കും വാസ്തവത്തിൽ അവർക്കും മുസ് ലിംകൾക്കും ഗുണം. പാരമ്പര്യമായി ഇസ്‌ലാമിക നാമത്തിൽ അറിയപ്പെട്ടുവെന്നല്ലാതെ, ഇസ്‌ലാമിനെക്കുറിച്ചുള്ള അറിവോ, ബോധമോ തൊട്ടുതീണ്ടിയിട്ടില്ലെന്നുള്ളതാണ് ഇതിനെല്ലാം യഥാർത്ഥ കാരണം. പോരാത്തത്-മറ്റേതെങ്കിലും പേരിൽ ജാതിവ്യത്യാസം അംഗീകരിക്കപ്പെടാമെങ്കിലും-മതത്തിൻെറ പേരിൽ ജാതിവ്യത്യാസം കണക്കാക്കുന്നത് ഇന്നത്തെ ആധുനിക പരിഷ്കാരത്തിന് വിരുദ്ധവുമാണല്ലോ. അല്ലാഹുവിൽ ശരണം!

34 നൻമയും തിൻമയും സമമാകുകയില്ല തന്നെ. കൂടുതൽ നല്ലതേതോ അതു കൊണ്ടു നീ (തിൻമയെ) തടുത്തു കൊള്ളുക. എന്നാൽ, നിൻെറയും യാതൊരുവൻെറയും ഇടയിൽ വല്ല ശത്രുതയുമുണ്ടോ അവൻ, ഒരു ഉറ്റബന്ധുവെന്നപോലെ ആയിരിക്കുന്നതാണ്.

وَلَا تَسْتَوِى ٱلْحَسَنَةُ وَلَا ٱلسَّيِّئَةُ ۚ ٱدْفَعْ بِٱلَّتِى هِىَ أَحْسَنُ فَإِذَا ٱلَّذِى بَيْنَكَ وَبَيْنَهُۥ عَدَٰوَةٌ كَأَنَّهُۥ وَلِىٌّ حَمِيمٌ ﴿٣٤﴾

35 ക്ഷമ (അഥവാ സഹനം) കൈക്കൊണ്ടവർക്കല്ലാതെ ഇത് [ഇക്കാര്യം] എത്തപ്പെടുകയില്ല; വമ്പിച്ച ഭാഗ്യവാന്നുമല്ലാതെ ഇത് എത്തപ്പെടുന്നതല്ല.

وَمَا يُلَقَّىٰهَآ إِلَّا ٱلَّذِينَ صَبَرُوا۟ وَمَا يُلَقَّىٰهَآ إِلَّا ذُو حَظٍّ عَظِيمٍ ﴿٣٥﴾

---

34 **ولا تستوي** സമമാവുകയില്ല. **الْحسنةُ** ³\മ. **ولا السيئةُ** തിൻമയും ഇല്ല. **ادفَع** നീ തടുക്കുക, തട്ടുക. **بِالتي** യാതൊന്നുകൊണ്ട്. **هي أحسن** അത് കൂടുതൽ നല്ലതാണ്. **فَإِذا** എന്നാലപ്പോൾ. **الذي** യാതൊരുവൻ. **بينك وبينه** നിൻെറയും അവൻെറയും ഇടയിലുണ്ട്. **عداوةٌ** വല്ല ശത്രുതയും. **كأنه ولي** അവനൊരു ബന്ധുവെന്നപോലെയിരിക്കും. **حميم** ചൂടുപടിച്ച (ഉറ്റ, അടുത്ത). 35 **وما يلقاها** അത് കണ്ടെത്തിക്കപ്പെടുകയില്ല (എത്തിപ്പെടുക--ലഭിക്കുക-യില്ല). **إلا** ഒഴികെ. **الذين صبروا** ക്ഷമിച്ചവർ, സഹിച്ചവർ. **وما يلقاها** അത് കണ്ടെത്തപ്പെടുന്ന (ലഭിക്കുന്ന)തുമല്ല. **إلا ذو حظ** ഭാഗ്യമുളളവനല്ലാതെ. **عظيم** വമ്പിച്ച, മഹത്തായ.

വളരെ മഹത്തായ ഒരു തത്വമാണ് ഈ വചനം ഉൾക്കൊളളുന്നത്. 'നൻമയും തിൻമയും സമമാവുകയില്ല' (ولا تستوى الحسنة ولا السيئة) എന്നതാണ് ആ തത്വത്തിൻെറ അടിത്തറ. നൻമക്ക് അതിമേതായ നല്ല ഗുണങ്ങളും, തിൻമക്ക് അതിമേതായ ചീത്ത ഗുണങ്ങളുമാണുളളത്. നൻമ വരുത്തുവാൻ തിൻമക്ക് സാധ്യമല്ല. ഒരു തിൻമ പലപ്പോഴും പല തിൻമകൾ ചെയ്വാൻ കാരണമായേക്കും. അതുകൊണ്ട് തിൻമയെ തടുക്കുവാനും, മുടക്കുവാനും ഏറ്റവും നല്ല ആയുധം നൻമയാകുന്നു. പക്ഷേ, നയപൂർവ്വം അതു പ്രയോഗിക്കേണ്ടതുണ്ട്. അപ്പോൾമാത്രമേ അതിൻെറ യഥാർത്ഥ ഫലം അനുഭവപ്പെട്ടെന്നുവരികയുളളു. 'കൂടുതൽ നല്ലത് ഏതോ അതുകൊണ്ട് തിൻമയെ തടയണം' (ادفع بالتي هى احسن) എന്നു അല്ലാഹു ഉപദേശിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. ഉദാരമായ പെരുമാറ്റം, ക്ഷമ, മാപ്പ്, വിട്ടുവീഴ്ച, നല്ലവാക്ക്, പ്രതികാരമനസ്ഥിതി ഉപേക്ഷിക്കുക മുതലായവയാണ് ഇതിനുളള മാർഗ്ഗങ്ങൾ. ഈ മാർഗ്ഗം സ്വീകരിക്കുന്നപക്ഷം തമ്മിൽ ശത്രുതയോടെ വർത്തിക്കുന്നവർ പരസ്പരം ഉറ്റ ബന്ധുക്കളായി മാറുമെന്ന് തീർച്ചയാണ്. (فاذا الذى بينك وبينة عداوة كانه ولى حميم)

പക്ഷേ, ഈ മഹത്തായ തത്വം പ്രായോഗികമാക്കുന്നവർ എത്ര ചുരുക്കം?! നൻമ ചെയ്തവരോടു പോലും തിൻമ ചെയ്യുന്നവർ, ഒരു തിൻമക്കുപകരം ഒന്നിലധികം തിൻമ ചെയ്യുന്നവർ, ഇങ്ങിനെയുളളവരാണ് അധിവും നൻമക്കു നൻമയും, തിൻമക്ക് അതേ അളവിൽ കവിയാത്ത തിൻമയും ചെയ്യുകയെന്ന നീതിബോധമെങ്കിലും ഉളളവർ തുലോം കുറവായിരിക്കും. എന്നിരിക്കെ, തിൻമയെ തടയുവാൻ നൻമയെ മാത്രം ഉപയോഗപ്പെടുത്തുകയും, അതു കൂടുതൽ പ്രായോഗികമായ രീതിയിലാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നവരുടെ കാര്യം പറയുവാനുണ്ടോ?! അതുകൊണ്ടുതന്നെയാണ്, ക്ഷമയും സഹനവുമുളളവർക്കും, മഹാഭാഗ്യവാൻമാരായ ആളുകൾക്കും അല്ലാതെ ഇതു സാധിച്ചു കിട്ടുന്നതല്ല (وما يلقها الا الذين صبروا وما يلقها الا ذو حظ عظ) എന്നു അല്ലാഹു പ്രത്യേകം ഉണർത്തിയിരിക്കുന്നതും. ഈ മഹാ ഭാഗ്യവാൻമാരായ സഹനശീലൻമാരിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തട്ടെ. ആമീൻ.

നബി (ﷺ) അരുളിച്ചെയ്തതായി ബുഖാരീ (رحمه الله) ഉദ്ധരിച്ച ഒരു ഹദീസിൻെറ സാരം ഇതാണ്: 'ഇങ്ങോട്ടു ചെയ്തതുപോലെ അങ്ങോട്ടും-സമത്തിനു സമമായി-പ്രവർത്തിക്കുന്നവനല്ല ബന്ധം പാലിക്കുന്നവൻ. പക്ഷേ, തന്നോടുള്ള ബന്ധം മുറിക്കപ്പെട്ടാൽ അങ്ങോട്ട് ആ ബന്ധം പാലിക്കുന്നവനാണ് ബന്ധം പാലിക്കുന്നവൻ. (ليس الواصل بالمكافئ الخ) ഉമർ (رضي الله عنه) ഇപ്രകാരം പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: 'നിൻെറ കാര്യത്തിൽ അല്ലാഹുവിൻെറ കൽപനക്കെതിരായി പ്രവർത്തിക്കുന്ന ആളോട് അവൻെറ കാര്യത്തിൽ അല്ലാഹു കൽപിച്ചതനുസരിച്ച് പ്രവർത്തിക്കുന്നതിന് തുല്യമായി മറ്റൊരു പ്രതികാരനടപടിയും നിനക്കു എടുക്കുവാനില്ല.' (حكاه ابن كثير) ഒരു കവി പറയുന്നു:-

وما شيئ احب الى سفيه × اذا سب الكريم من الجواب
متاركة السفيه بلا جوا ب × اشد على السفيه من السباب

(സാരം: ഭോഷനായ ഒരാൾ മാന്യനായ ഒരാളെ ചീത്ത പറയുമ്പോൾ അയാളിൽനിന്ന് അതിന് മറുപടി ലഭിക്കുന്നതിനെക്കാൾ തൃപ്തികരമായി അവന് മറ്റൊന്നുമുണ്ടായിരിക്കയില്ല. ഭോഷനോട് മറുപടി പറയാതെ വിട്ടേക്കുന്ന നയം, അവനോട് ചീത്ത പറയുന്നതിനെക്കാൾ അവന് അസഹനീയമായിരിക്കും.) മറ്റൊരു കവി ആയത്തിലെ ആശയം അദ്ദേഹത്തിൻെറ ഭാഷയിൽ ഇങ്ങിനെ വിവരിക്കുന്നു: بتدار ك الهفوات بالحسنات × ان العداوة تستحيل مودة

(അബദ്ധങ്ങൾക്ക് നൻമകൾവഴി പരിഹാരം ഉണ്ടാക്കുന്നതായാൽ നിശ്ചയമായും ശത്രുത സ്നേഹബന്ധമായി മാറും എന്നു സാരം.)

അല്ലാഹു എടുത്തുകാട്ടിയ ആ മഹാഭാഗ്യം നേടുന്നതിന് പ്രധാന തടസ്സം, മനുഷ്യൻെറ കോപവും, അവൻെറ പ്രതികാരവാഞ്ഛയുമാകുന്നു. മനുഷ്യപ്പിശാചുക്കളും, ജിൻപിശാചുക്കളും അവനെ അതിന് പ്രോത്സാഹിപ്പിക്കുകയും ചെയ്യും. എന്നാൽ, മനുഷ്യപ്പിശാചുക്കളുടെ ദുഷ്പ്രേരണകളിൽനിന്ന് രക്ഷപ്പെടുവാനുള്ള മാർഗ്ഗത്തെപ്പറ്റി മനുഷ്യന് ഏറെക്കുറെ ആലോചിച്ചു രൂപം കാണുവാൻ സാധിച്ചേക്കും. ജിൻപിശാചുക്കളുടെ ദുഷ്പ്രേരണകളിൽനിന്നു രക്ഷപ്പെടുവാൻ അവന് പ്രത്യക്ഷത്തിൽ മാർഗ്ഗമൊന്നുമില്ലല്ലോ. അതിനുള്ള മാർഗ്ഗമാണ് അടുത്ത വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്.

وَإِمَّا يَنزَغَنَّكَ مِنَ ٱلشَّيۡطَٰنِ نَزۡغٞ فَٱسۡتَعِذۡ بِٱللَّهِۖ إِنَّهُۥ هُوَ ٱلسَّمِيعُ ٱلۡعَلِيمُ ٣٦

36 പിശാചിൽനിന്ന് വല്ല ദുഷ്പ്രേരണയും (എപ്പോഴെങ്കിലും) നിന്നെ ഇളക്കിവിട്ടേക്കുന്നപക്ഷം, അപ്പോൾ നീ അല്ലാഹുവിനോട് ശരണം തേടുകയും ചെയ്തുകൊള്ളുക. നിശ്ചയമായും, അവനത്രെ, (എല്ലാം) കേൾക്കുന്നവനും അറിയുന്നവനും.

---

36 **وإما ينزَغَنك** നിന്നെ (വല്ലപ്പോഴും--വല്ല വിധത്തിലും) ഇളക്കിവിടുന്നപക്ഷം (ദുഷ്പ്രേരണ ഉണ്ടാക്കിയാൽ). **من الشيطان** പിശാചിൽനിന്ന്. **نزغٌ** വല്ല ഇളക്കിവിടലും (ദുഷ്പ്രേരണയും). **فـاستعذ** അപ്പോൾ നീ ശരണം (കാവൽ) തേടുക. **بالله** അല്ലാഹുവിനോട്. **إنه هو** നിശ്ചയമായും അവൻ തന്നെ. **السميع** (എല്ലാം) കേൾക്കുന്നവൻ. **العليم** അറിയുന്നവൻ.

കഴിഞ്ഞ ആയത്തിലെയും ഈ ആയത്തിലെയും ആശയങ്ങൾ ഉൾക്കൊള്ളുന്ന ചില വചനങ്ങളും അവയുടെ വിവരണവും സൂ: മുഅ്മിനൂൻ 96-98-ൽ കഴിഞ്ഞുപോയിട്ടുള്ളത്

ഓർമ്മിക്കുക. കൂടാതെ, സൂ: അഅ്റാഫ് 199-200-ലും ഇതിനെപ്പറ്റി പ്രസ്താവിച്ചിട്ടുണ്ട്. പിശാചിൻെറ ദുഷ്പ്രേരണകളെയും ദുർബോധനങ്ങളെയും ഗൗരവപൂർവ്വം കണക്കിലെടുത്തു സൂക്ഷിക്കേണ്ടതുണ്ടെന്നും, കേവലം അദൃശ്യശക്തിയായ അവൻെറ ഉപദ്രവത്തിൽ നിന്നു രക്ഷപ്പെടേണ്ടതിന് അല്ലാഹുവിൽ ശരണം തേടുകയും, അവനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നത് അത്യാവശ്യമാണെന്നും ഇതുപോലെയുള്ള ഖുർആൻ വചനങ്ങൾ നമ്മെ ഓർമ്മപ്പിക്കുന്നു. പിശാചിൻെറ നാശത്തിൽനിന്ന് മുക്തി ലഭിക്കുവാനുള്ള മാർഗ്ഗം അല്ലാഹുവിനോടുള്ള പ്രാർത്ഥനയായിരിക്കുവാൻ കാരണമെന്താണെന്നും ഈ വചനത്തിലെ അവസാനത്തെ വാക്യം ചൂണ്ടിക്കാട്ടുന്നുണ്ട്. അതെ, രഹസ്യപരസ്യമെന്നോ, ചെറുതുവലുതു എന്നോ വ്യത്യാസമില്ലാതെ എല്ലാം കേൾക്കുന്നവനും അറിയുന്നവനും അവൻമാത്രമാണല്ലോ.(انه هو السميع العليم) അതുകൊണ്ടാണ് ചില സന്ദർഭങ്ങളിൽ പിശാചിനെക്കുറിച്ച് രക്ഷക്കപേക്ഷിക്കുമ്പോൾ നബി (ﷺ) ഇങ്ങിനെ പറഞ്ഞിരുന്നത്: اعوذ بالله السميع العليم من الشيطان الرجيم (എല്ലാം കേൾക്കുന്നവനും അറിയുന്നവനുമായ അല്ലാഹുവിനോട് ആട്ടപ്പെട്ട പിശാചിൽനിന്ന് ഞാൻ രക്ഷ തേടുന്നു.)

وَمِنْ ءَايَـٰتِهِ ٱلَّيْلُ وَٱلنَّهَارُ وَٱلشَّمْسُ وَٱلْقَمَرُ ۚ لَا تَسْجُدُوا۟ لِلشَّمْسِ وَلَا لِلْقَمَرِ وَٱسْجُدُوا۟ لِلَّهِ ٱلَّذِى خَلَقَهُنَّ إِن كُنتُمْ إِيَّاهُ تَعْبُدُونَ ﴿٣٧﴾

37 അവൻെറ [അല്ലാഹുവിൻെറ] ദൃഷ്ടാന്തങ്ങളിൽപെട്ടവയാണ് രാവും, പകലും, സൂര്യനും, ചന്ദ്രനും. സൂര്യന്നാകട്ടെ, ചന്ദ്രന്നാകട്ടെ, നിങ്ങൾ 'സുജൂദ്' [സാഷ്ടാംഗവണക്കം] ചെയ്യരുത്. അവയെ സൃഷ്ടിച്ചവനായ അല്ലാഹുവിന് നിങ്ങൾ 'സുജൂദ്' ചെയ്യുകയും ചെയ്യുക; നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ.

فَإِنِ ٱسْتَكْبَرُوا۟ فَٱلَّذِينَ عِندَ رَبِّكَ يُسَبِّحُونَ لَهُۥ بِٱلَّيْلِ وَٱلنَّهَارِ وَهُمْ لَا يَسْـَٔمُونَ ۩ ﴿٣٨﴾

38 ഇനി, അവർ അഹംഭാവം നടിക്കുകയാണെങ്കിൽ, എന്നാൽ (നബിയേ) നിൻെറ റബ്ബിൻെറ അടുക്കലുള്ളവർ [മലക്കുകൾ] രാത്രിയിലും പകലിലും അവന്ന് 'തസ്ബീഹു' [സ്തോത്രകീർത്തനം] നടത്തിക്കൊണ്ടിരിക്കുന്നു. അവരാകട്ടെ, മടി കാട്ടുകയുമില്ല.

---

37 **ومن آياته** അവൻെറ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ്. **الليلُ** രാത്രി. **والنهار** പകലും. **والشمس والقمر** സൂര്യനും ചന്ദ്രനും. **لا تسجدوا** നിങ്ങൾ സുജൂദു ചെയ്യരുത്. **للشمس** സൂര്യന്. **ولا للقمر** ചന്ദ്രനും അരുത്. **واسجدوا** സുജൂദു ചെയ്യുകയും ചെയ്യുവിൻ. **لله** അല്ലാഹുവിന്. **الذي خلقهن** അവയെ സൃഷ്ടിച്ചവനായ. **إن كُنتم** നിങ്ങളാണെങ്കിൽ. **إياه تعبدونَ** അവനെത്തന്നെ ആരാധിക്കും. 38 **فإن استكبروا** ഇനി (എന്നാൽ) അവർ അഹംഭാവം നടിച്ചാൽ. **فالذين عند ربك** എന്നാൽ നിൻെറ റബ്ബിൻെറ അടുക്കൽ. **يسبحونَ له** അവന് തസ്ബീഹ് ചെയ്യുന്നു. **بالليل والنهار** രാത്രിയും പകലും. **وهم** അവരാകട്ടെ. **لا يسأمونَ** മടിക്കുകയില്ല, മടുക്കുകയില്ല, ക്ഷീണിക്കുകയില്ല.

ഓതുമ്പോൾ സുജൂദു ചെയ്യേണ്ടുന്ന ആയത്തുകളിൽ ഒന്നാണ് ഈ ആയത്തും. ഇതു നിമിത്തമാണ് ഈ സൂറത്തിന്ന് حم السجدة (സുജൂദുള്ള 'ഹാമീം') എന്നു പേർ പറയുന്നത്.

സൂര്യചന്ദ്രൻമാർ വമ്പിച്ച ചില വസ്തുക്കളാണെന്ന കാരണത്താലാണ് അവയെ പലരും ആരാധിച്ചുവരുന്നത്. അവ എത്രതന്നെ വമ്പിച്ചതാണെങ്കിലും അവയെല്ലാം അല്ലാഹുവിൻെറ സൃഷ്ടികളും, അവൻെറ നിയന്ത്രണത്തിന് വിധേയങ്ങളുമാണല്ലോ. അപ്പോൾ യഥാർത്ഥത്തിൽ ആരാധിക്കേണ്ടത് ആ സ്രഷ്ടാവിനെയല്ലേ?! മറ്റൊരാളെക്കൂടി പങ്കുചേർത്തുകൊണ്ടുള്ള ആരാധ

ന അവങ്കൽ സ്വീകാര്യവുമല്ല. അതുകൊണ്ട് അവനെ ആരാധിക്കുവാൻ തയ്യാറുള്ളവർ അവനെ മാത്രമെ ആരാധിച്ചുകൂടു. ഇനി-എണ്ണംകൊണ്ടും, വണ്ണം കൊണ്ടുമെല്ലാം-നിസ്സാര സൃഷ്ടിയായ മനുഷ്യൻ അവനെ ആരാധിക്കുവാൻ തയ്യാറില്ലാതെ അഹംഭാവം നടിക്കുകയാണെങ്കിൽ അതു മൂലം അവന് എന്തെങ്കിലും പോരായ്മയോ ദോഷമോ ബാധിക്കാനില്ലതാനും. അതേസമയത്ത്, രാപ്പകൽ വ്യത്യാസമെന്യെ, ലവലേശം മടിയോ മടുപ്പോ ക്ഷീണമോ ബാധിക്കാതെ, അവൻെറ വൻ സൃഷ്ടികളായ എണ്ണമറ്റ മലക്കുകൾ ഉപരിലോകങ്ങളിൽവെച്ച് സദാസമയവും അവന് ആരാധനാവണക്കങ്ങളും, സ്തോത്രകീർത്തനങ്ങളും നടത്തിക്കൊണ്ടിരിക്കുന്നുണ്ടുതാനും.

وَمِنْ ءَايَـٰتِهِۦٓ أَنَّكَ تَرَى ٱلْأَرْضَ خَـٰشِعَةً فَإِذَآ أَنزَلْنَا عَلَيْهَا ٱلْمَآءَ ٱهْتَزَّتْ وَرَبَتْ ۚ إِنَّ ٱلَّذِىٓ أَحْيَاهَا لَمُحْىِ ٱلْمَوْتَىٰٓ ۚ إِنَّهُۥ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٣٩﴾

39 അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടത് തന്നെയാണ് ഭൂമിയെ അടങ്ങി (ഇറുകി) യതായി നീ കാണുന്നതും. എന്നിട്ട് അതിൽ നാം (മഴ) വെള്ളം ഇറക്കിയാൽ അത് (കുതിർന്ന്) ഇളകുകയും,ചീർക്കുകയും ചെയ്യുന്നു. അതിന് ജീവസ്സു നൽകുന്നവൻ, നിശ്ചയമായും മരണപ്പെട്ടവരെ ജീവിപ്പിക്കുന്നവൻ തന്നെയാകുന്നു. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവൻ തന്നെ.

---

39 **ومن آياته** അവൻെറ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ്. **أنك ترى** നീ കാണുന്നുവെന്നുള്ളത്. **الأرض** ഭൂമിയെ. **خاشعةً** (ഭയപ്പെട്ടമാതിരി) അടങ്ങിയതായി. **فإذا أنزلنا** എന്നിട്ട് നാം ഇറക്കിയാൽ. **عليها** അതിൽ, അതിൻമേൽ. **الماءَ** വെള്ളം. **اهتزت** അത് കിളറും (കുതിരും, തരിക്കും, ഇളകും). **وربت** ചീർക്കുക (പൊന്തുക)യും ചെയ്യും. **إن** നിശ്ചയമായും. **الذي أحياها** അതിനെ ജീവിപ്പിച്ചവൻ. **لمحيي** ജീവിപ്പിക്കുന്നവൻ തന്നെ. **الموتى** മരണപ്പെട്ടവരെ. **إنه** നിശ്ചയമായും അവൻ. **على كل شيءٍ** എല്ലാ കാര്യത്തിന്നും. **قدير** കഴിവുള്ളവനാണ്.

കഴിഞ്ഞ ആയത്തുകളിൽ വാനസംബന്ധമായ ചില ദൃഷ്ടാന്തങ്ങളെ ചൂണ്ടിക്കാട്ടിക്കൊണ്ട് തൗഹീദിലേക്ക് ക്ഷണിച്ചു. ഈ ആയത്തിൽ ഭൗമികമായ ചില ദൃഷ്ടാന്തങ്ങളെ ചൂണ്ടിക്കാട്ടിക്കൊണ്ട് പുനരുത്ഥാനത്തെ സ്ഥാപിക്കുകയാണ്. പച്ച മുളക്കാതെ അടങ്ങിയൊതുങ്ങി നിർജ്ജീവമായിക്കിടക്കുന്ന തരിശുഭൂമിയിൽ അല്ലാഹു മഴ വർഷിപ്പിക്കുമ്പോൾ, മണ്ണു കുതിർന്നു കിളറുകയും, ചീർക്കുകയും, അങ്ങിനെ അതിൽ സസ്യലതാദികൾ ഉൽപാദിക്കുകയും ചെയ്യുന്നു. ഇതുപോലെ, മരിച്ചു മണ്ണായ ശരീരങ്ങളെ അല്ലാഹു വീണ്ടും ജീവിപ്പിക്കുന്നു. അപ്പോൾ, മേലോട്ടു നോക്കിയാലും, കീഴോട്ടു നോക്കിയാലും ചുറ്റുപാടിൽ നോക്കിയാലും എല്ലാംതന്നെ ധാരാളം ദൃഷ്ടാന്തങ്ങൾ നിലവിലുണ്ട്. എന്നിരിക്കെ, അവയുടെ നേരെ കണ്ണടച്ചും, അവയെ അന്യഥാ വ്യാഖ്യാനിച്ചും കഴിഞ്ഞുകൂടുന്നവരുടെ സ്ഥിതി എത്ര ശോചനീയം! അല്ലാഹു പറയുന്നു:

إِنَّ ٱلَّذِينَ يُلْحِدُونَ فِىٓ ءَايَـٰتِنَا لَا يَخْفَوْنَ عَلَيْنَآ ۗ أَفَمَن يُلْقَىٰ فِى ٱلنَّارِ خَيْرٌ أَم مَّن يَأْتِىٓ ءَامِنًا يَوْمَ ٱلْقِيَـٰمَةِ ۚ ٱعْمَلُوا۟ مَا شِئْتُمْ ۖ إِنَّهُۥ بِمَا تَعْمَلُونَ بَصِيرٌ ﴿٤٠﴾

40 നമ്മുടെ 'ആയത്തു'കളിൽ [ലക്ഷ്യദൃഷ്ടാന്തങ്ങളിൽ] വക്രത കാണിക്കുന്നവർ നമുക്ക് (കാൺമാൻ കഴിയാതെ) നിശ്ചയമായും മറഞ്ഞുപോകുന്നതല്ല. എന്നാൽ, നരകത്തിൽ ഇടപ്പെടുന്ന ഒരുവനോ ഉത്തമൻ, അതല്ല ഖിയാമത്തുനാളിൽ നിർഭയനായ നിലയിൽ വരുന്നവനോ?! (ഹേ വക്രൻമാരേ) നിങ്ങളുദ്ദേശിച്ചത്

നിങ്ങൾ പ്രവർത്തിച്ചുകൊള്ളുക! നിശ്ചയമായും അവൻ [അല്ലാഹു] നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

إِنَّ ٱلَّذِينَ كَفَرُوا۟ بِٱلذِّكْرِ لَمَّا جَآءَهُمْ ۖ وَإِنَّهُۥ لَكِتَـٰبٌ عَزِيزٌ ﴿٤١﴾

41 (ഈ ഖുർആനാകുന്ന) സന്ദേശം തങ്ങൾക്കുവന്നെത്തിയപ്പോൾ അതിൽ അവിശ്വസിച്ചിട്ടുള്ളവർ നിശ്ചയമായും.....! [അവർ അങ്ങേഅറ്റം കഷ്ടനഷ്ടത്തിൽ തന്നെ!] അതാകട്ടെ, പ്രബലമായ (അഥവാ വീര്യപ്പെട്ട) ഒരു ഗ്രന്ഥം തന്നെയാകുന്നു;-

لَّا يَأْتِيهِ ٱلْبَـٰطِلُ مِنۢ بَيْنِ يَدَيْهِ وَلَا مِنْ خَلْفِهِۦ ۖ تَنزِيلٌ مِّنْ حَكِيمٍ حَمِيدٍ ﴿٤٢﴾

42 അതിൻെറ മുന്നിൽകൂടിയാകട്ടെ, അതിൻെറ പിന്നിൽകൂടിയാകട്ടെ, മിഥ്യയായുള്ളത് അതിൽ വന്നുചേരുന്നതല്ല, അഗാധജ്ഞനും, സ്തുത്യാർഹനുമായുള്ള ഒരുവൻെറ [അല്ലാഹുവിൻെറ] അടുക്കൽ നിന്നുള്ള അവതരണമാണ് (അത്).

---

40 **إن الذين** നിശ്ചയമായും യാതൊരുകൂട്ടർ. **يلحدونَ** വക്രതകാണിക്കുന്ന, കുത്തിപ്പറയുന്ന, തെറ്റിക്കളയുന്ന. **في آياتنا** നമ്മുടെ ആയത്തുകളിൽ. **لا يخفَونَ** അവർ മറഞ്ഞുപോകയില്ല, അജ്ഞാതമല്ല. **علينا** നമ്മുടെ മേൽ, നമുക്ക്. **أفَمن** അപ്പോൾ (എന്നാൽ) യാതൊരുവനോ. **يلقى في النار** നരകത്തിൽ ഇടപ്പെടുന്ന. **خير** ഉത്തമം. **أم من** അതോ ഒരുവനോ. **يأتي** അവൻ വരും. **آمنا** നിർഭയനായിക്കൊണ്ട്. **يوم القيامة** ഖിയാമത്തുനാളിൽ. **اعملوا** നിങ്ങൾ പ്രവർത്തിച്ചുകൊള്ളുക. **ما شئتم** നിങ്ങൾ ഉദ്ദേശിച്ചത്. **إنه بما تعملونَ** നിശ്ചയമായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അവൻ. **بصير** കണ്ടറിയുന്നവനാണ്. 41 **إن الذين كفروا** നിശ്ചയമായും അവിശ്വസിച്ചവർ. **بالذكر** (ഈ) സന്ദേശത്തിൽ, പ്രമാണത്തിൽ. **لما جاءهم** അതവർക്ക് വന്നപ്പോൾ. **وَإِنَّهُ** അതാകട്ടെ, നിശ്ചയമായും അത്. **لكتاب** ഒരു ഗ്രന്ഥം തന്നെ. **عزيز** വീര്യപ്പെട്ട, പ്രബലമായ. 42 **لا يأتيه** അതിൽ വരികയില്ല. **الباطلُ** മിഥ്യ, നിരർത്ഥം, (അനാവശ്യം). **من بين يديه** അതിൻെറ മുമ്പിൽക്കൂടി. **ولا من خلفه** അതിൻെറ പിമ്പിൽക്കൂടിയും ഇല്ല. **تنزيلٌ** അവതരിപ്പിച്ചതാണ്. **من حكيم** ഒരു അഗാധജ്ഞനിൽ (യുക്തിമാനിൽ) നിന്ന്. **حميد** സ്തുത്യാർഹനായ, സ്തുതിക്കപ്പെടുന്ന.

الذين يلحدون എന്ന വാക്കിനാണ് 'വക്രത കാണിക്കുന്നവർ' എന്നും നാം അർത്ഥം കൽപിച്ചത്. കുത്തിപ്പറയുക, മാറ്റിമറിക്കുക, വളച്ചുതിരിക്കുക, ദുർവ്യാഖ്യാനം നടത്തുക മുതലായ വിക്രയകൾ മുഖേന നേരായ മാർഗ്ഗത്തിൽനിന്നു തെറ്റിപ്പോയവർ എന്നാണതുകൊണ്ട് ഉദ്ദേശ്യം. അതുകൊണ്ടാണ് നിർമ്മതവാദികൾക്കും, മതകാര്യങ്ങളിൽ താന്തോന്നിത്തരം പറയുന്നവർക്കും ملحد (മുൽഹിദ്) എന്ന് പറയുന്നത്. യുക്തിവാദങ്ങളും, ദുർന്യായങ്ങളും വഴി അല്ലാഹുവിൻെറ ലക്ഷ്യദൃഷ്ടാന്തങ്ങളെയും, വേദവാക്യങ്ങളെയും വിമർശിച്ചു തള്ളുന്നവരും, ദുർവ്യാഖ്യാനം വഴി സത്യത്തെ അലങ്കോലപ്പെടത്തി പ്രദർശിപ്പിക്കുന്നവരും അല്ലാഹു നൽകിയ ഈ കനത്ത താക്കീതുകൾക്ക് പാത്രങ്ങളാകുന്നു. ആദ്യം അർത്ഥഗർഭമായ ഒരു താക്കീതു നൽകി. അതായത്, അവർ നമ്മുടെ ദൃഷ്ടിയിൽ പെടാതെ മറഞ്ഞുപോയയില്ല എന്ന്. അവർ നരകത്തിൽ ഇടപ്പെടുമെന്നും, ഖിയാമത്തുനാളിൽ അവർക്ക് ഒരു രക്ഷയുമില്ല എന്നും തുടർന്നു ചൂണ്ടിക്കാട്ടി. ഇതുകൊണ്ടും അവസാനിപ്പിക്കാതെ, 'ഹേ കൂട്ടരേ, നിങ്ങളുദ്ദേശിച്ചതു നിങ്ങൾ പ്രവർത്തിച്ചേക്കുവിൻ, നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു കണ്ടറിയുന്നവനാണ്' (اعملوا ماشئتم انه بما تعملون بصير) എന്നു ശക്തിയായ ഭാഷയിൽ നാലാമത് നേരിട്ടൊരു താക്കീതും! അല്ലാ

ഹുവിൻെറ ആയത്തുകളിൽ വക്രതകാണിക്കുന്നവരെക്കുറിച്ച് അവനുള്ള വെറുപ്പിൻെറയും, അമർഷത്തിൻെറയും കാഠിന്യത്തെയാണ് ഇതെല്ലാം കാണിക്കുന്നത്.

41-ാം വചനത്തിൻെറ ആരംഭത്തിൽ, ഖുർആൻ തങ്ങൾക്ക് വന്നുകിട്ടിയശേഷം അതിൽ വിശ്വസിക്കാതെ-നിഷേധിച്ചോ വക്രതകാണിച്ചോ-പുറംതള്ളിക്കളയുന്നവർക്ക് മൗനരൂപത്തിൽ-എന്നാൽ ആഴമേറിയതും അർത്ഥഗർഭവുമായ-മറ്റൊരു താക്കീതുകൂടി അടങ്ങുന്നു. ആ വാചകത്തിൻെറ ബാക്കിഭാഗം മുഴുമിക്കാതെ അല്ലാഹു വിട്ടുകളഞ്ഞിരിക്കുകയാണ്. ഓരോരുത്തനും അവൻെറ ബുദ്ധിയുടെയും, ചിന്തയുടെയും തോതുപോലെ കാര്യത്തിൻെറ ഗൗരവം മനസ്സിലാക്കുവാൻവേണ്ടിയാകുന്നു അത്. ഖുർആൻെറ വിഷയത്തിൽ ഇത്രയധികം ഊന്നിപ്പറയുവാനുള്ള കാരണവും അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു: 1) അതു പ്രബലവും വീര്യപ്പെട്ടതുമായ ഒരു ഗ്രന്ഥമാണ് (وانه لكتاب عزيز) ലോകോത്തമമായ ശാശ്വതമൂല്യങ്ങൾ നിറഞ്ഞതും, മറ്റേതെങ്കിലും ഗ്രന്ഥത്തിനോ, എതിരാളികൾക്കോ വെല്ലാൻ കഴിയാത്തതുമാണത്. 2) ഏതെങ്കിലും മാർഗ്ഗേണ അതിൽ അന്യായമോ, അസത്യമോ നിരർത്ഥമോ ആയ മിഥ്യകളൊന്നും കടന്നുകൂടുന്നതല്ല.(لا ياتيه الباطل الخ) സത്യസമ്പൂർണ്ണവും കാര്യമാത്ര പ്രസക്തവും കാലദേശവ്യത്യാസമില്ലാതെ സർവ്വത്ര പ്രായോഗികവും, ഇരുലോക നൻമകളുടെ ഉറവിടവുമാണത്. അതെ, ആ ഗ്രന്ഥം അപ്രകാരമല്ലാതെ ആയിരിക്കുവാൻ നിവൃത്തിയില്ലതാനും. കാരണം: 3) അഗാധജ്ഞനും, അങ്ങേയറ്റത്തെ തത്വജ്ഞാനിയും, പരമ യുക്തിമാനുമായ-പ്രശംസനീയമായ സർവ്വ കാര്യങ്ങളുടെയും, എല്ലാവിധ അനുഗ്രഹങ്ങളുടെയും കേന്ദ്രവും സകലവിധ പുകഴ്ചക്കും സ്തുതിക്കും അവകാശപ്പെട്ടവനുമായ-അല്ലാഹുവാണ് അതിനെ അവതരിപ്പിച്ചിരിക്കുന്നത്. (تنزيل من حكيم حميد)

43 (നബിയേ) നിൻെറ മുമ്പുണ്ടായിരുന്ന 'റസൂലു'കളോട് പറയപ്പെടുകയുണ്ടായിട്ടുള്ളതല്ലാതെ (പുതുതായൊന്നും) നിന്നോട് പറയപ്പെടുന്നില്ല. നിശ്ചയമായും നിൻെറ റബ്ബ് പാപമോചനം നൽകുന്നവനും, വേദനയേറിയ ശിക്ഷ നൽകുന്നവനും ആകുന്നു.

مَّا يُقَالُ لَكَ إِلَّا مَا قَدْ قِيلَ لِلرُّسُلِ مِن قَبْلِكَ ۚ إِنَّ رَبَّكَ لَذُو مَغْفِرَةٍ وَذُو عِقَابٍ أَلِيمٍ ﴿٤٣﴾

43 **ما يقالُ** പറയപ്പെടുന്നില്ല, പറയപ്പെടുകയില്ല. **لك** നിന്നോട്. **إلا ما** യാതൊന്നല്ലാതെ. **قد قيلَ** പറയപ്പെട്ടിട്ടുള്ള. **للرسل** റസൂലുകളോട്. **من قبلك** നിൻെറ മുമ്പുള്ള. **إن ربك** നിശ്ചയമായും നിൻെറ റബ്ബ്. **لذُو مغفرة** പാപമോചനം ഉള്ള(നൽകുന്ന)വനാണ്. **وذُو عقابٍ** ശിക്ഷയുള്ള(ശിക്ഷിക്കുന്ന)വനുമാണ്. **أليم** വേദനയേറിയ.

മുൻകഴിഞ്ഞുപോയ ദൈവദൂതൻമാരോട് അവരുടെ എതിരാളികളായ നിഷേധികൾ പറഞ്ഞിരുന്ന അതേ തരത്തിലുള്ള ആക്ഷേപങ്ങളും, ദുർന്യായങ്ങളും തന്നെയാണ് ഇക്കൂട്ടർ തന്നോടും പറയുന്നത്. ഇതൊന്നും പുത്തരിയല്ല. അതുകൊണ്ട് ക്ഷമിച്ചുകൊള്ളുക. അല്ലാഹു പൊറുക്കേണ്ടവർക്ക് പൊറുത്തുകൊടുക്കുകയും, ശിക്ഷിക്കേണ്ടവരെ കഠിനമായി ശിക്ഷിക്കുകയും ചെയ്തുകൊള്ളും എന്ന് സാരം. ഒരു പക്ഷേ, ആയത്തിൻെറ താൽപര്യം ഇപ്രകാരവും വരാം: മുമ്പുള്ള പ്രവചാകൻമാരോട് പറയപ്പെട്ട കാര്യങ്ങൾ- അഥവാ അല്ലാഹുവിങ്കൽനിന്ന് അവർക്ക് നൽകപ്പെട്ടിരുന്ന സന്ദേശങ്ങളും നിയമനിർദ്ദേശങ്ങളും-തന്നെയാണ് നിന്നോടും പറയപ്പെടുന്നത്. എന്നിരിക്കെ, നിയൊരു നവീനവാദിയാണെന്നും, മുമ്പില്ലാത്ത ഒരു പുത്തൻ മതത്തിൻെറ സ്ഥാപകനാണെന്നുമുള്ള ഇവരുടെ ആരോപണങ്ങൾ നിരർത്ഥമാണ്. الله اعلم

സത്യദീക്ഷയോ, വീണ്ടുവിചാരമോ ഇല്ലാത്തവർ സത്യത്തിനുനേരെ നടത്തുന്ന ആരോപണങ്ങൾ കഴമ്പുള്ളതായിക്കൊള്ളണമെന്നില്ലല്ലോ. ഇത്തരത്തിൽപ്പെട്ട ഒരാക്ഷേപമാണ്, എന്തുകൊണ്ട് ഖുർആൻ അറബിയല്ലാത്ത ഒരു ഭാഷയിൽ ആയില്ല എന്ന ആക്ഷേപം അറബിയായ മുഹമ്മദു ഒരു അറബിഗ്രന്ഥം കൊണ്ടുവരുന്നത് സ്വഭാവികമാണ്. അതിലൊരു പ്രത്യേകതയുമില്ല. അല്ലാഹുവിങ്കൽ നിന്നുള്ളതാണെങ്കിൽ എന്തുകൊണ്ട് അത് വേറൊരു ഭാഷയിൽ ആയിക്കൂടാ? അല്ലാഹുവിന് എല്ലാ ഭാഷയും ഒരുപോലെയല്ലേ? ഇതാണവരുടെ ന്യായം. അടുത്ത ആയത്തിൽ ഇതിന് അല്ലാഹു മറുപടി പറയുന്നു:-

وَلَوْ جَعَلْنَـٰهُ قُرْءَانًا أَعْجَمِيًّا لَّقَالُوا۟ لَوْلَا فُصِّلَتْ ءَايَـٰتُهُۥٓ ۖ ءَا۬عْجَمِىٌّ وَعَرَبِىٌّ ۗ قُلْ هُوَ لِلَّذِينَ ءَامَنُوا۟ هُدًى وَشِفَآءٌ ۖ وَٱلَّذِينَ لَا يُؤْمِنُونَ فِىٓ ءَاذَانِهِمْ وَقْرٌ وَهُوَ عَلَيْهِمْ عَمًى ۚ أُو۟لَـٰٓئِكَ يُنَادَوْنَ مِن مَّكَانٍۭ بَعِيدٍ ﴿٤٤﴾

44 നാം അതിനെ അറബിയല്ലാത്ത 'ഖുർആൻ' ആക്കിയിരുന്നുവെങ്കിൽ അവർ പറഞ്ഞേക്കും: ''അതിൻെറ 'ആയത്തു'കൾ [സൂക്തങ്ങൾ] വിശദീകരിച്ചു പറയപ്പെടാത്തതെന്താണ്?! (ഗ്രന്ഥം) ഒരു അനറബിയും, (പ്രവാചകൻ) ഒരു അറബിയുമോ [ഇതെന്തു കഥ]?!'' പറയുക: ''വിശ്വസിച്ചവർക്ക് അത് മാർഗ്ഗദർശനവും (രോഗശ)മനവും (അഥവാ ആശ്വാസപ്രദവും) ആകുന്നു. വിശ്വസിക്കാത്തവർക്കാകട്ടെ, അവരുടെ കാതുകളിൽ ഒരു (തരം) കട്ടിയുണ്ട്; അത് അവർക്ക് ഒരു (തരം) അന്ധതയുമാണ്.'' അക്കൂട്ടർ ഒരു വിദൂരമായ സ്ഥലത്തുനിന്ന് വിളിക്കപ്പെടുകയാണ്.

---

44 **ولو جعلناه** നാമതിനെ ആക്കിയിരുന്നെങ്കിൽ. **قُرآنا أعجميا** അനറബി (അറബിയല്ലാത്ത) ഭാഷയിലുള്ള ഖുർആൻ. **لقالوا** അവർ പറയുകതന്നെ ചെയ്യും. **لولا فُصلت** എന്തുകൊണ്ട് വിശദീകരിക്കപ്പെട്ടില്ല, വിവരിച്ച് പറയപ്പെടാത്തതെന്താണ്. **آياته** അതിലെ ആയത്തു(സൂക്തം) കൾ. **أأعجمي** ഒരു അനറബിയോ. **وعربي** ഒരു അറബിയുമോ. **قُلْ هو** പറയുക അത്. **للذين آمنوا** വിശ്വസിച്ചവർക്ക്. **هدى** മാർഗ്ഗദർശനമാണ്. **وشفَاءٌ** ശമനവും, ആശ്വാസവും. **والذين لا يؤمنونَ** വിശ്വസിക്കാത്തവരാകട്ടെ. **في آذَانِهم** അവരുടെ കാതുകളിലുണ്ട്. **وقر** ഒരു കട്ടി, ഭാരം. **وهو** അത്. **عليهم** അവരിൽ, അവർക്ക്. **عمى** ഒരു അന്ധതയുമാണ്. **أُولئك** അക്കൂട്ടർ. **ينادونَ** അവർ വിളിക്കപ്പെടുന്നു. **من مكان** ഒരു സ്ഥലത്തുനിന്ന്. **بعيد** ദൂരമായ.

വളരെ ദൂരത്തുനിന്ന് ഒരാളെ വിളിച്ചാൽ അയാൾക്കത് കേൾക്കുവാനോ അതിന് ഉത്തരം നൽകുവാനോ സാധിക്കുകയില്ലല്ലോ. ഉപദേശിക്കുന്ന കാര്യം മനസ്സിലാക്കാതെയും ഗൗനിക്കാതെയും ഇരിക്കുന്നവരെ അങ്ങിനെയുള്ളവരോട് സാദൃശ്യപ്പെടുത്തിക്കൊണ്ട് ഉപമാരൂപത്തിൽ പറയപ്പെടുന്നതാണ് 'അവർ വിദൂരമായ സ്ഥലത്ത്നിന്ന് വിളിക്കപ്പെടുന്നു' എന്ന വാക്യം.

ഖുർആൻ എന്തുകൊണ്ട് അറബിയല്ലാത്ത മറ്റൊരു ഭാഷയിൽ ആയില്ല എന്നതിനുള്ള മറുപടിയാണ് ഈ വചനത്തിലുള്ളത്. അറബികളായ ഞങ്ങൾക്ക് മറ്റൊരു ഭാഷയിൽ ഉപദേശം നൽകിയിട്ടെന്താണ് ഫലം?! ഞങ്ങളുടെ ഭാഷയിൽ എന്തുകൊണ്ട് ഞങ്ങൾക്ക് കാര്യങ്ങൾ വിവരിച്ച് തന്നുകൂടാ?! ഇതിൻെറ പ്രബോധകനാണെങ്കിൽ അറബി, അദ്ദേഹം അറബികളായ ഞങ്ങളുമായിട്ടാണ് ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നതും, എന്നിരിക്കെ, അദ്ദേഹത്തിന് നൽകപ്പെടുന്ന വേദഗ്രന്ഥം ഒരന്യ ഭാഷയിലാകുന്നത് ഒരിക്കലും ന്യായമല്ലല്ലോ എന്നൊക്കെ അവർ

വാദിച്ചേക്കും. ഈ വാദം ന്യായവുമാണ്. അതുകൊണ്ടാണ് ഖുർആൻ അറബി ഭാഷയിലാക്കിയത് എന്ന് സാരം.

ഖുർആനിലേക്കു മനസ്സുകൊടുത്ത് ശ്രദ്ധിക്കുകയും അതിൽ വിശ്വസിക്കുകയു ചെയ്യുന്നവർക്ക് അത് മാർഗ്ഗദർശനം നൽകുന്നു. മാനസികമായ രോഗങ്ങൾക്ക്-അഥവാ സംശയങ്ങൾക്കും, വിശ്വാസവൈകല്യങ്ങൾക്കും-അത് ശമനവും നൽകുന്നു. നേരെമറിച്ച് അതിലേക്ക് ശ്രദ്ധ കൊടുക്കാതെ നിഷേധിക്കുന്നവർക്ക് അതുമൂലം യാതൊരു നൻമയും സിദ്ധിക്കുന്നില്ലെന്ന് മാത്രമല്ല, നിഷേധം നിമിത്തം അവർ നഷ്ടം മാത്രം സമ്പാദിക്കുകയും ചെയ്യും. ولا يزيد الظالمين الا خسارا – بنوا اسرائيل (അക്രമികൾക്ക് അത്-ഖുർആൻ-നഷ്ടത്തെയല്ലാതെ വർദ്ധിപ്പിക്കുകയില്ല.) ഖുർആന്റെ നേരെ അവർ കേവലം ബധിരൻമാരും, അന്ധൻമാരുമായി ചമഞ്ഞതാണ് അതിന് കാരണം. അല്ലാതെ, ഖുർആന്റെ പോരായ്മയോ കൊള്ളരുതായ്മയോ അല്ല. അവർ കണ്ണ് തുറന്നുനോക്കുകയോ, ചെവികൊടുത്ത് കേൾക്കുകയോ ചെയ്തിരുന്നെങ്കിൽ ഈ ഖുർആൻ അവർക്കും മാർഗ്ഗദർശനവും ശമനവും നൽകുമായിരുന്നു.

ഇവിടെയും, സൂ: ഇസ്രാഉ് 82ലും ഖുർആനെപ്പറ്റി شفاء (രോഗശമനം-അല്ലെങ്കിൽ ആശ്വാസം എന്ന്) പറഞ്ഞതിന്റെ താൽപര്യം ശാരീരികമായ രോഗങ്ങൾക്കുള്ള ശമനം എന്ന അർത്ഥത്തിലല്ല. സംശയം, വിശ്വാസവൈകല്യം മുതലായ മാനസികമായ രോഗങ്ങൾക്കുള്ള ശമനം എന്ന അർത്ഥത്തിലാകുന്നു. സൂ: യൂനുസ് 57ൽ و شفاء لما في الصدور (ഹൃദയങ്ങളിൽ ഉള്ളതിന് ശമനവും) എന്ന് അല്ലാഹു അത് വ്യക്തമായിത്തന്നെ പ്രസ്താവിച്ചിരിക്കുന്നു.

വിഭാഗം-6

وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَـٰبَ فَٱخْتُلِفَ فِيهِ ۗ وَلَوْلَا كَلِمَةٌ سَبَقَتْ مِن رَّبِّكَ لَقُضِىَ بَيْنَهُمْ ۚ وَإِنَّهُمْ لَفِى شَكٍّ مِّنْهُ مُرِيبٍ ﴿٤٥﴾

45 മൂസാക്ക് നാം വേദഗ്രന്ഥം കൊടുക്കുകയുണ്ടായി. എന്നിട്ട് അതിലും ഭിന്നിപ്പുണ്ടായി. നിന്റെ റബ്ബിന്റെ പക്കൽനിന്ന് ഒരു വാക്ക് മുമ്പുണ്ടായിട്ടില്ലായിരുന്നുവെങ്കിൽ, അവർക്കിടയിൽ (ഉടൻതന്നെ) വിധി നടത്തപ്പെടുമായിരുന്നു. നിശ്ചയമായും അവർ, ഇതിനെ [ഖുർആനെ] ക്കുറിച്ച് ആശങ്കാജനകമായ സംശയത്തിൽ തന്നെ.

مَّنْ عَمِلَ صَـٰلِحًا فَلِنَفْسِهِۦ ۖ وَمَنْ أَسَآءَ فَعَلَيْهَا ۗ وَمَا رَبُّكَ بِظَلَّـٰمٍ لِّلْعَبِيدِ ﴿٤٦﴾

46 ആരെങ്കിലും സൽക്കർമ്മം പ്രവർത്തിച്ചാൽ, തനിക്കുതന്നെയാണ് (അതിന്റെ ഗുണം). ആരെങ്കിലും തിൻമ ചെയ്താലും തന്റെ മേൽതന്നെ (അതിന്റെ ദോഷം). നിന്റെ റബ്ബ് അടിമകളോട് അക്രമം പ്രവർത്തിക്കുന്നവനല്ലതന്നെ.

---

45 **ولقد آتينا** നാം കൊടുത്തിട്ടുണ്ട്. **موسى الكتاب** മൂസാക്ക് ഗ്രന്ഥം. **فاختلف** എന്നിട്ട് ഭിന്നിക്കപ്പെട്ട് (ഭിന്നിപ്പുണ്ടായി). **فيه** അതിൽ. **ولولا كلمةٌ** ഒരു വാക്ക് ഇല്ലായിരുന്നുവെങ്കിൽ. **سبقت** മുൻകഴിഞ്ഞ, മുമ്പുണ്ടായി. **من ربك** നിന്റെ റബ്ബിന്റെ പക്കൽനിന്ന്. **لقُضي** വിധിക്ക(തിരുമാനിക്ക)പ്പെടുമായിരുന്നു. **بينهم** അവർക്കിടയിൽ. **وإنهم** നിശ്ചയമായും അവർ. **لفي شك** സംശയത്തിൽ തന്നെയാണ്. **منه** അതിനെപ്പറ്റി. **مريبٍ** സന്ദേഹകരമായ, ആശങ്കാജനകമായ. 46 **من عملَ** ആരെങ്കിലും പ്രവർത്തി

ച്ചാൽ. **صالحا** നല്ലത് (സൽക്കർമ്മം). **فلنفسه** എന്നാൽ (അത്) തനിക്ക് (തൻെറ ദേഹത്തിന്) തന്നെ. **ومن أساء** ആരെങ്കിലും തിന്മ ചെയ്താൽ. **فعليها** തൻെറ (അതിൻെറ) മേൽ തന്നെ. **وما** അല്ല. **ربك** നിൻെറ റബ്ബ്. **بظلام** അക്രമകാരി. **للعبيد** അടിമകളോട്.

മുൻപുണ്ടായിട്ടുള്ള വാക്ക് (كلمة سبقة) എന്നു പറഞ്ഞതു, ഐഹികജീവിതത്തിൽ വെച്ച് ചെയ്യുന്ന ദുഷ്കർമ്മങ്ങളുടെ ശിക്ഷ പരലോകത്തുവെച്ചാണ് നൽകുക എന്ന നിശ്ചയത്തെ ഉദ്ദേശിച്ചാകുന്നു. ഈ വചനങ്ങൾ നബി (ﷺ) തിരുമേനിക്ക് മനസ്സമാധാനം നൽകുന്നതും, അതേസമയത്ത് അവിശ്വാസികൾക്ക് താക്കീത് ഉൾക്കൊള്ളുന്നതുമാകുന്നു.

ജുസ്ഉ് - 25

۞ إِلَيْهِ يُرَدُّ عِلْمُ ٱلسَّاعَةِ ۚ وَمَا تَخْرُجُ مِن ثَمَرَٰتٍ مِّنْ أَكْمَامِهَا وَمَا تَحْمِلُ مِنْ أُنثَىٰ وَلَا تَضَعُ إِلَّا بِعِلْمِهِۦ ۚ وَيَوْمَ يُنَادِيهِمْ أَيْنَ شُرَكَآءِى قَالُوٓا۟ ءَاذَنَّٰكَ مَا مِنَّا مِن شَهِيدٍ ﴿٤٧﴾

47 അവങ്കലേക്കാണ് അന്ത്യസമയത്തിൻെറ [ലോകാവസാനഘട്ടത്തിൻെറ] അറിവ് മടക്കപ്പെടുന്നത്. ഏതു ഫലങ്ങളുംതന്നെ, അവയുടെ (കുലകളിലുള്ള) പോളകളിൽനിന്ന് പുറത്തുവരുന്നില്ല; ഒരു സ്ത്രീയും ഗർഭം ധരിക്കുന്നുമില്ല; പ്രസവിക്കുന്നുമില്ല; അവൻെറ അറിവോടുകൂടിയല്ലാതെ! ''എൻെറ പങ്കുകാർ എവിടെ?!'' എന്ന് അവൻ അവരെ വിളി(ച്ചു ചോദി) ക്കുന്ന ദിവസം, അവർ പറയും: ''ഞങ്ങൾ നിന്നോടു പ്രഖ്യാപിക്കുന്നു,ഞങ്ങളിൽ (അതിനു) സാക്ഷ്യം വഹിക്കുന്ന ഒരാളുമില്ലെന്ന്!''

وَضَلَّ عَنْهُم مَّا كَانُوا۟ يَدْعُونَ مِن قَبْلُ ۖ وَظَنُّوا۟ مَا لَهُم مِّن مَّحِيصٍ ﴿٤٨﴾

48 അവർ മുമ്പ് വിളിച്ചു (പ്രാർത്ഥിച്ചു) വന്നിരുന്നവ അവരിൽനിന്ന് തെറ്റി (മറഞ്ഞു) പോകയും ചെയ്യും. ഓടിപ്പോകാവുന്ന ഒരു (രക്ഷാ) സ്ഥലവും തങ്ങൾക്ക് ഇല്ലെന്ന് അവർക്ക് വിചാരം [ഉറപ്പ്] വരുകയും ചെയ്യും.

---

47 **إليه يرد** അവങ്കലേക്കത്രെ മടക്കപ്പെടുക. **علم الساعة** അന്ത്യഘട്ടത്തിൻെറ അറിവ്. **وما تخرج** പുറപ്പെടുന്നില്ല, പുറത്തുവരികയില്ല. **من ثمرات** ഫലങ്ങളിൽ നിന്ന് (യാതൊന്നും). **من أكمامها** അവയുടെ പാള (പോള, പൊതുമ്പ്) കളിൽനിന്ന്. **وما تحمل** ഗർഭം ധരിക്കുന്നുമില്ല. **من أنثى** ഒരു സ്ത്രീയും. **ولا تضع** അവൾ പ്രസവിക്കുന്നുമില്ല. **إلا بعلمه** അവൻെറ അറിവോടെയല്ലാതെ. **ويوم** ദിവസം. **يناديهم** അവൻ അവരെ വിളിക്കുന്ന (വിളിച്ചു ചോദിക്കുന്ന). **أين شركائي** എൻെറ പങ്കുകാർ എവിടെ. **قالوا** അവർ പറയും. **آذناك** ഞങ്ങൾ നിന്നോട് പ്രഖ്യാപിക്കുന്നു, അറിയിപ്പ് നൽകുന്നു. **ما منا** ഞങ്ങളിൽനിന്ന് (ആരും) ഇല്ല. **من شهيد** സാക്ഷ്യം വഹിക്കുന്ന ഒരാളും, ദൃക്സാക്ഷിയും. 48 **وضل** പിഴച്ച് (തെറ്റി, മറഞ്ഞു) പോകയും ചെയ്യും. **عنهم** അവരെ വിട്ട്. **ما كانوا** അവരായിരുന്നത്. **يدعون** അവർ വിളിക്കുക, പ്രാർത്ഥിക്കുക. **من قبل** മുമ്പ്. **وظنوا** അവർക്ക് വിചാരമുണ്ടാകുക (അവർ ധരിക്കുക, ഉറപ്പിക്കുക)യും ചെയ്യും. **ما لهم** അവർക്കില്ല എന്ന്. **من محيص** ഓടിപ്പോകാനുള്ള(രക്ഷപ്പെടാനുള്ള ഒരു സ്ഥലവും).

ലോകാവസാന സമയമാകുന്ന ആ അന്ത്യനിമിഷത്തെപ്പറ്റി അല്ലാഹുവിനുമാത്രമേ അറിഞ്ഞുകൂടൂ. അതിനെപ്പറ്റി ആരോട് ചോദിച്ചാലും, അത് അല്ലാഹുവിനറിയാമെന്ന് പറഞ്ഞ് അല്ലാഹുവിങ്കലേക്ക് മടക്കുവാനേ സാധിക്കുകയുള്ളു. മനുഷ്യരിൽനിന്നോ, മലക്കുകളിൽ നിന്നോ ഉള്ള ദൈവദൂതൻമാർക്കുപോലും അതറിയുകയില്ല. മനുഷ്യരിൽവെച്ച് ഏറ്റവും ഉന്നത നായ നബി (ﷺ)തിരുമേനിയോട്, മലക്കുകളിൽവെച്ച് ഏറ്റവും ശ്രേഷ്ഠനായ ജിബ്‌രിൽ (عليه السلام)അതിനെപ്പറ്റി ചോദിച്ചപ്പോൾ, നബി കൊടുത്ത മറുപടി ما المسئول عنها باعلم من السائل (അതിനെക്കുറിച്ച് ചോദിക്കപ്പെട്ടവൻ ചോദ്യകർത്താവിനേക്കാൾ അിറയുന്നവനല്ല) എന്നാണല്ലോ. (*)

ലോകത്ത് നടക്കുന്ന സകല കാര്യങ്ങളും ചെറുതെന്നോ വലുതെന്നോ വ്യത്യാസമില്ലാതെ, സൂക്ഷമമായും, കൃത്യമായും, അല്ലാഹു അറിയുന്നു. സംഭവിക്കുമ്പോൾ മാത്രമല്ല, അതിന് മുമ്പുതന്നെ അവനറിയാം. ചില ആളുകൾ-ഇവരിൽ മുസ്‌ലിം സമുദായത്തിലുള്ള ചില വിഡ്ഢികളെയും കാണാം-അല്ലാഹുവിൻെറ അറിവ് കേവലം മൊത്തക്കണക്കിലാണെന്നും, ഓരോ കാര്യത്തെയും സംബന്ധിച്ച വിശദവിവരം അവനില്ലെന്നും ജൽപിക്കാറുണ്ട്. വാസ്‌തവത്തിൽ അവരുടെ കുടുസ്സായ ചിന്താഗതിയും, അല്ലാഹുവിൻെറ മഹൽഗുണങ്ങളുടെ പരിപൂർണ്ണതയെക്കുറിച്ചുള്ള അജ്ഞതയുമാണതിന് കാരണം. 47-ാം വചനത്തിൽ കാണുന്ന മൂന്ന് ഉദാഹരണങ്ങളിൽനിന്ന് നിഷ്പക്ഷബുദ്ധികൾക്ക് ഈ വാസ്‌തവം കണ്ടെത്താവുന്നതാണ്. ഇതുമാത്രമല്ല, ഇതുപോലെയും, ഇതിനെക്കാൾ വ്യക്തമായും ഖുർആൻ പലേടത്തും ഈ വാസ്‌തവം തുറന്ന് പ്രസ്‌താവിച്ചിട്ടുള്ളതാണ്. ഇവിടെ അതിനെപ്പറ്റി കൂടുതൽ വിവരിക്കുന്നില്ല. ഉദാഹരണമായി, സൂ; സബഉ്: 3, 4; ഫാത്വിർ: 11; അൻആം: 59 മുതലായവ നോക്കുക.

അല്ലാഹുവിൻെറ അധികാരാവകാശങ്ങളിലും, ഗുണഗണങ്ങളിലും സമത്വം കല്‌പിച്ചു കൊണ്ട് പരദൈവങ്ങളെ സ്വീകരിച്ചുവന്നിരുന്ന മുശ്‌രിക്കുകളെ ആക്ഷേപിച്ചും പരിഹസിച്ചും കൊണ്ട് മഹ്ശറിൽവെച്ച് അല്ലാഹു ചോദിക്കുന്ന ചോദ്യവും, അവരുടെ മറുപടിയുമാണ് 47-ാം വചനത്തിൽ കാണുന്നത്. ആ മറുപടിയുടെ താല്‌പര്യം രണ്ടുമൂന്ന് പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്: 1) ഞങ്ങൾ മുമ്പ് അബദ്ധത്തിൽ അവരെ പങ്കുകാരാക്കിവെച്ചിരുന്നുവെങ്കിലും, ഇപ്പോഴതിൽനിന്ന് ഞങ്ങൾ ഒഴിഞ്ഞുമാറിയിരിക്കുന്നു. ഇപ്പോൾ ഞങ്ങൾ അതിന് സാക്ഷ്യം നൽകുന്നില്ല എന്നുള്ള പ്രഖ്യാപനമാണത്. 2) ഞങ്ങൾ അവരെ ആരാധിച്ചിട്ടില്ല. അവർ നിൻെറ പങ്കുകാരാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിച്ചിട്ടുമില്ല എന്നുള്ള വ്യാജപ്രസ്‌താവനയാണത്. 3) അവർ എവിടെപ്പോയെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. ഞങ്ങളാരും തന്നെ അവരെ കാണുന്നില്ല എന്ന് അറിയിക്കുകയാണ്. ഒടുവിലത്തെ അഭിപ്രായമനുസരിച്ച് شهيد എന്ന വാക്കിന് 'കാണുന്നവൻ' എന്നായിരിക്കും അർത്ഥം.

لَّا يَسْـَٔمُ ٱلْإِنسَـٰنُ مِن دُعَآءِ ٱلْخَيْرِ وَإِن مَّسَّهُ ٱلشَّرُّ فَيَـُٔوسٌ قَنُوطٌ ﴿٤٩﴾

49 ഗുണത്തിനു (വേണ്ടി) പ്രാർത്ഥിക്കുന്നതിനാൽ മനുഷ്യന് മടുപ്പുണ്ടാകുന്നതല്ല; അവനെ ദോഷംബാധിച്ചുവെങ്കിലോ, അപ്പോൾ (അവൻ) ആശ മുറിഞ്ഞു നിരാശനുമായിരിക്കും.

---

49 لَا يَسْأَمُ മടക്കുക (വെറുക്കുക, കുഴങ്ങുക)യില്ല. الْإِنسَانُ മനുഷ്യൻ. مِن دُعَاءِ പ്രാർത്ഥന നിമിത്തം, പ്രാർത്ഥനയാൽ. الْخَيْرِ നൻമയുടെ (ഗുണത്തിനുള്ള). وَإِن مَسَّهُ അവനെ ബാധിച്ചുവെങ്കിൽ. الشَّرُّ ദോഷം, തിൻമ. فَيَئُوسٌ അപ്പോൾ നിരാശനായിരിക്കും. قَنُوطٌ ആശയറ്റ, ആശ മുറിഞ്ഞവൻ.

---

* നബി (ﷺ)യോടു മതകാര്യങ്ങൾ ചോദിച്ചറിയേണ്ടുന്നവിധം സഹാബികൾക്കു മനസ്സിലാക്കി കൊടുപ്പാനായി ജിബ്‌രീൽ (عليه السلام)മനുഷ്യരൂപത്തിൽ വന്ന് നബി (ﷺ)യുമായി പല ചോദ്യോത്തരങ്ങൾ നടത്തിയ സംഭവം വിവരിക്കുന്നതും,ഇമാം മുസ്‌ലിം(رحمه الله)രേഖപ്പെടുത്തിയിട്ടുള്ളതുമായ പ്രസിദ്ധ ഹദീസിലെ ഒരു വാചകമാണിത്.

മനുഷ്യൻെറ ചില സ്വഭാവങ്ങളാണ് ഈ വചനത്തിലും അടുത്ത വചനങ്ങളിലും അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. ആരോഗ്യം, ധനം, സൗഖ്യം ആദിയായ ഗുണങ്ങൾക്കുവേണ്ടി അവൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കും. അതിലവന് മടുപ്പും ക്ഷീണവും തോന്നുകയില്ല. എത്ര കിട്ടിയാലും മതിവരികയുമില്ല. നബി (ﷺ) പറയുന്നു: لو كان لابن ادم واديان من دهب لتمنى ثالثا ولا يملاه جوف ابن ادم الا التراب – متفق (ആദമിൻെറ മകന്-മനുഷ്യന്-സ്വർണ്ണത്തിൻെറ രണ്ട് താഴ്വരകൾ ഉണ്ടായെങ്കിൽ അവൻ മൂന്നാമത്തേതിനും വ്യാമോഹിക്കുന്നതാണ്. ആദമിൻെറ മകൻെറ വയറ് മണ്ണുകൊണ്ടല്ലാതെ നിറയുകയില്ല. (ബു: മു.) നേരെമറിച്ച് എന്തെങ്കിലുമൊരു ദോഷമോ കെടുതിയോ ബാധിക്കുമ്പോഴേക്കും അവൻെറ ക്ഷമയും ആശയും നശിച്ച് അക്ഷമയും നിരാശയും അനുഭവപ്പെടുന്നു. എന്നാൽ, കഷ്ടത നീങ്ങി സന്തോഷം ലഭിച്ചുകൊണ്ടിരിക്കുമ്പോൾ അതിനവൻ നന്ദിയുളളവനായിരിക്കുമോ? അതുമില്ല. അപ്പോഴേക്കും അവൻ അഹങ്കാരിയും അവകാശവാദിയുമായി മാറുകയാണ് ചെയ്യുന്നത്. ക്രമേണ ധിക്കാരവും നിഷേധവും! അല്ലാഹു പറയുന്നു:-

وَلَئِنْ أَذَقْنَٰهُ رَحْمَةً مِّنَّا مِنۢ بَعْدِ ضَرَّآءَ مَسَّتْهُ لَيَقُولَنَّ هَٰذَا لِى وَمَآ أَظُنُّ ٱلسَّاعَةَ قَآئِمَةً وَلَئِن رُّجِعْتُ إِلَىٰ رَبِّىٓ إِنَّ لِى عِندَهُۥ لَلْحُسْنَىٰ ۚ فَلَنُنَبِّئَنَّ ٱلَّذِينَ كَفَرُوا۟ بِمَا عَمِلُوا۟ وَلَنُذِيقَنَّهُم مِّنْ عَذَابٍ غَلِيظٍ ﴿٥٠﴾

50 അവന് ബാധിച്ച കഷ്ടതക്കുശേഷമായി നമ്മുടെ പക്കൽനിന്ന് വല്ല കാരുണ്യവും (അഥവാ അനുഗ്രഹവും) നാമവനെ ആസ്വദിപ്പിച്ചുവെങ്കിലോ, നിശ്ചയമായും അവൻ പറയും: ‘‘ഇത് എനിക്ക് (അർഹതയു) ള്ളതാണ്; അന്ത്യസമയം നിലവിൽ വരുന്ന ഒന്നാണെന്ന് ഞാൻ വിചാരിക്കുന്നില്ല; എൻെറ രക്ഷിതാവിങ്കലേക്ക് (ഒരു പക്ഷേ,) ഞാൻ മടക്കപ്പെട്ടാൽപോലും, നിശ്ചയമായും എനിക്ക് അവൻെറ അടുക്കൽ ഏറ്റവും നല്ല നില തന്നെ ഉണ്ടായിരിക്കുന്നതാണ്.’’ എന്നാൽ, (ഇങ്ങിനെ) അവിശ്വസിച്ചവരെ അവർ പ്രവർത്തിച്ചതിനെപ്പറ്റി നാം ബോധപ്പെടുത്തുകതന്നെ ചെയ്യും; അവർക്ക് കടുത്ത ശിക്ഷയിൽനിന്നു നാം ആസ്വദിപ്പിക്കുകയും ചെയ്യും.

وَإِذَآ أَنْعَمْنَا عَلَى ٱلْإِنسَٰنِ أَعْرَضَ وَنَـَٔا بِجَانِبِهِۦ وَإِذَا مَسَّهُ ٱلشَّرُّ فَذُو دُعَآءٍ عَرِيضٍ ﴿٥١﴾

51 മനുഷ്യൻെറമേൽ നാം അനുഗ്രഹം ചെയ്താൽ, അവൻ (അവഗണിച്ച്) തിരിഞ്ഞുകളയുകയും, (അഹംഭാവം നടിച്ച്) തൻെറ പാർശ്വവുമായി അകന്നുപോകുകയും ചെയ്യും. അവനെ ദോഷം ബാധിച്ചാൽ, അപ്പോൾ (അവൻ) വിശാലമായ പ്രാർത്ഥനക്കാരനുമായിരിക്കും.

---

50 **ولئن أذقناه** അവനെ നാം ആസ്വദിപ്പിച്ചുവെങ്കിലോ. **رحمة منا** നമ്മുടെ പക്കൽനിന്ന് വല്ല കാരുണ്യവും. **من بعد ضراء** കഷ്ടതക്കുശേഷം. **مسته** അവനെ ബാധിച്ച. **ليقولن** നിശ്ചയമായും അവൻ പറയും. **هذا لي** ഇത് എനിക്കുള്ളതാണ്, എൻെറതാണ്. **وما أظن** ഞാൻ വിചാരിക്കുന്നുമില്ല. **الساعة** അന്ത്യസമയത്തെ. **قائمة** നിലവിൽ വരുന്നതാണെന്ന്. **ولئن رجعت** ഞാൻ (എന്നെ) മടക്കപ്പെട്ടുവെങ്കിൽതന്നെ. **إلى ربي** എൻെറ റബ്ബിങ്കലേക്ക്. **إن لي** നിശ്ചയമായും എനിക്കുണ്ടായിരിക്കും. **عنده** അവൻെറ അടുക്കൽ. **للحسنى** ഏറ്റവും നല്ലതുതന്നെ. **فلننبئن** എന്നാൽ നിശ്ചയമായും നാം ബോധ

പ്പെടുത്തും, അറിയിച്ചുകൊടുക്കും. **الذين كَفَروا** അവിശ്വസിച്ചവർക്ക്. **بما عملُوا** അവർ പ്രവർത്തിച്ച തിനെപ്പറ്റി. **ولَنذيقَنهم** അവർക്ക് നാം ആസ്വദിപ്പിക്കുകയും ചെയ്യും. **من عذَابٍ** ശിക്ഷയിൽനിന്ന്. **غَليظ** കടുത്ത, ഉരത്ത, കനത്ത. 51 **وإذَا أنعمنا** നാം അനുഗ്രഹം ചെയ്താൽ. **على الإنسان** മനുഷ്യൻെറ മേൽ. **أَعرض** അവൻ തിരിഞ്ഞുകളയും. **ونأَى** അവൻ അകന്ന് (ഒഴിഞ്ഞ്) പോകയും ചെയ്യും. **بِجانِبِه** അവൻെറ പാർശ്വവുമായി, പാർശ്വംകൊണ്ട്. **وإذَا مسه** അവനെ സ്പർശിച്ചാൽ, തൊട്ടാൽ. **الشر** ദോഷം, തിന്മ. **فَذُو دعاءٍ** അപ്പോൾ പ്രാർത്ഥനക്കാരനായിരിക്കും. **عريض** വിശാല (വിസ്തൃത) മായ.

نأى بجانبه (അവൻ തൻെറ പാർശ്വവുമായി അകന്നുപോയി) എന്ന് പറഞ്ഞതിൻെറ താൽ പര്യം, നന്ദിയില്ലാതെ അഹംഭാവം നടിച്ചുനിന്നു എന്നത്രെ. 'അവൻ ഊരതിരിച്ചു' എന്ന് മലയാ ളത്തിൽ പറയാറുള്ളതുപോലെ ഒരു അലങ്കാര പ്രയോഗമാണിത്. ഒരു വ്യാഖ്യാനത്തിൻെറ സഹായംകൂടാതെത്തന്നെ ഈ വചനങ്ങളുടെ ആശയം വ്യക്തമാണല്ലോ. സൂറത്തുൽ മആരി ജിൽ അല്ലാഹു പറയുന്നു: ان الانسان خلق هلوعا واذامسه الشر جزوعا واذامسه الخير منوعا – المعارج (സാരം: മനുഷ്യൻ വളരെ ദുർബ്ബലനായ നിലയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവനെ ദോഷം സ്പർശിച്ചാൽ അവൻ അക്ഷമനായിരിക്കും. അവനെ ഗുണം സ്പർശിച്ചാൽ അവൻ തടസ്സം വരുത്തുന്നവനുമായിരിക്കും. 70:19-21 നമസ്കാരം പതിവാക്കുക, ചോദിച്ചുവരുന്നവർക്കും ചോദിക്കാൻ മടിക്കുന്നവർക്കും ദാനധർമ്മങ്ങൾ ചെയ്യുക, അന്ത്യനാളിനെക്കുറിച്ച് വിശ്വാസമു ണ്ടായിരിക്കുക, അല്ലാഹുവിൻെറ ശിക്ഷയെക്കുറിച്ച ഭയമുണ്ടായിരിക്കുക, ചാരിത്രശുദ്ധിയെ സംരക്ഷിക്കുക, വിശ്വസ്തത പാലിക്കുക, സാക്ഷ്യം ശരിക്ക് നിർവ്വഹിക്കുക, നമസ്കാരത്തെ ക്കുറിച്ച് സൂക്ഷമതയുണ്ടായിരിക്കുക എന്നിത്യാദി ഗുണങ്ങളുള്ളവർ ഈ സ്വഭാവത്തിൽനിന്ന് ഒഴിവായിരിക്കുമെന്ന് ഇതിനെത്തുടർന്നുള്ള വചനങ്ങളിൽ അവിടെ അല്ലാഹു എടുത്തപറഞ്ഞി ട്ടുമുണ്ട്. കൂടുതൽ വിവരം അവിടെവെച്ച് കാണാം. ان شاء الله

52 (നബിയേ) പറയുക: ''നിങ്ങൾ കണ്ടുവോ (-ഒന്നു പറയുവിൻ): ഇത് [ഖുർആൻ] അല്ലാഹുവിങ്കൽ നിന്നുള്ളതായിരിക്കുകയും, എന്നിട്ട് നിങ്ങളതിൽ അവിശ്വസിക്കുകയുമാണ് ചെയ്യുന്നതെങ്കിൽ, വിദൂരമായ കക്ഷി മത്സരത്തിൽ സ്ഥിതി ചെയ്യുന്നവരെ[നിങ്ങളെ] ക്കാൾ വഴിപിഴച്ചവർ (വേറെ) ആരാണ്?!''

قُلۡ أَرَءَيۡتُمۡ إِن كَانَ مِنۡ عِندِ ٱللَّهِ ثُمَّ كَفَرۡتُم بِهِۦ مَنۡ أَضَلُّ مِمَّنۡ هُوَ فِي شِقَاقِۭ بَعِيدٖ ﴿٥٢﴾

---

52 **قُلْ** പറയുക. **أرأَيتم** നിങ്ങൾ കണ്ടുവോ. **إن كَانَ** അതാണെങ്കിൽ. **من عند الله** അല്ലാഹുവിൻെറ പക്കൽനിന്ന്. **ثُم** എന്നിട്ട് (പിന്നെ). **كَفَرتم** നിങ്ങൾ അവിശ്വസിച്ചു, അവിശ്വസിച്ചിരിക്കയാണ്. **به** അതിൽ. **من أَضل** ആരാണ് അധികം വഴിപിഴച്ചവൻ. **ممن** ഒരുവനെക്കാൾ. **هو** അവൻ. **في شقَاقٍ** കക്ഷിത്വത്തിൽ (ചേരിപിരിവിൽ, ഭിന്നിപ്പിൽ ആകുന്നു). **بعيد** വിദൂരമായ, അകന്ന.

ഖുർആനെയും, അതിൻെറ സിദ്ധാന്തങ്ങളെയും നിഷേധിക്കുന്നവർക്ക്-അൽപമെങ്കിലും മനസ്സാക്ഷിയോ, സത്യാന്വേഷണബുദ്ധിയോ ഉണ്ടെങ്കിൽ-അവഗണിക്കുവാൻ കഴിയാത്ത ഒരു ചോദ്യമാണിത്. ഈ ഖുർആൻ-നബി (ﷺ) പറയുന്നതുപോലെ-അല്ലാഹുവിങ്കൽ നിന്നുള്ളതാ ണെന്ന വസ്തുത യഥാർത്ഥമാണെന്നിരിക്കട്ടെ, (വാസ്തവത്തിൽ അതാണ് യഥാർത്ഥ്യവും) അപ്പോൾ അതിൽ വിശ്വസിക്കാതെ നിഷേധിച്ച് മത്സരത്തിനും, കക്ഷിത്വത്തിനും മിനക്കെടുന്ന വരെക്കാൾ വഴിപിഴച്ച ദുർഭഗൻമാർ മറ്റാരെങ്കിലുമുണ്ടായിരിക്കുമോ? ഇല്ലതന്നെ. ഇനി, വാസ്ത വത്തിൽ അത് അല്ലാഹുവിങ്കൽനിന്നുള്ളതല്ല-നബി (ﷺ) കളവ് പറയുകയാണ്-എന്ന് സങ്കൽപി

ക്കുക. (معاذ الله) എന്നാലും അതില്‍ വിശ്വസിക്കുന്നതുമൂലം അവര്‍ക്ക് വളരെയേറെ നന്‍മകള്‍ കൈവരാനുണ്ടെന്ന് തീര്‍ച്ചയാണ്. അതും ഇല്ലെന്ന് വെക്കുക. എന്നാല്‍ പോലും അതുമൂലം അവര്‍ക്ക് ഭാവിയില്‍ ഒരാപത്തും വരാനില്ലതാനും. ഒരു കവി പറഞ്ഞതെത്ര വാസ്തവം!-

قال المنجم والطبيب كلاهما × لن يحشر الاموات قلت اليكما
ان صح قولكما فلست بخاسر × اوصح قولى فالخسار عليكما

(സാരം: ഗോളശാസ്ത്രക്കാരനും, പ്രകൃതി ശാസ്ത്രക്കാരനും പറയുന്നു: മരിച്ചുപോയവര്‍ പിന്നീട് ഒരുമിച്ചുകൂട്ടപ്പെടുന്നതേയല്ല എന്ന്. ഞാന്‍ പറഞ്ഞു: ''നില്‍ക്കട്ടെ! നിങ്ങള്‍ രണ്ടുകൂട്ടരു പറയുന്നത് ശരിയാണെങ്കില്‍ ഞാന്‍ ഒട്ടും നഷ്ടക്കാരനാവുകയില്ല. അതല്ല, എന്‍റെ വാക്ക് ശരിയാണെന്നുവന്നാല്‍, അപ്പോള്‍ നിങ്ങള്‍ക്ക് നഷ്ടം വരുവാനുണ്ടുതാനും.)''

سَنُرِيهِمْ ءَايَـٰتِنَا فِى ٱلْـَٔافَاقِ وَفِىٓ أَنفُسِهِمْ حَتَّىٰ يَتَبَيَّنَ لَهُمْ أَنَّهُ ٱلْحَقُّ ۗ أَوَلَمْ يَكْفِ بِرَبِّكَ أَنَّهُۥ عَلَىٰ كُلِّ شَىْءٍ شَهِيدٌ ﴿٥٣﴾

53 നാനാഭാഗങ്ങളിലും-അവരില്‍തന്നെയും -നമ്മുടെ ദൃഷ്ടാന്തങ്ങള്‍ നാമവര്‍ക്ക് അടുത്തു കാട്ടിക്കൊടുക്കുന്നതാണ്; അങ്ങനെ, അത് [ഖുര്‍ആന്‍] യഥാര്‍ത്ഥം തന്നെയാണെന്ന് അവര്‍ക്ക് സ്പഷ്ടമായിത്തീരുന്നതാണ്. (നബിയേ) നിന്‍റെ രക്ഷിതാവ്-അതായത്, അവന്‍ എല്ലാ കാര്യത്തിനും ദൃക്സാക്ഷിയാണെന്നുള്ളതു-തന്നെ മതിയാകയില്ലേ?! [എന്നിരിക്കെ വല്ല തെളിവിന്‍റെയും ആവശ്യമുണ്ടോ?!]

---

53 **سنريهم** അവര്‍ക്ക് നാം അടുത്തു കാട്ടിക്കൊടുക്കും. **آياتنا** നമ്മുടെ ദൃഷ്ടാന്തങ്ങള്‍. **في الآفاق** നാനാഭാഗങ്ങളില്‍, പല മണ്ഡലങ്ങളില്‍. **وفي أنفسهم** അവരില്‍ തന്നെയും. **حتى يتبين** വ്യക്തമാകുന്നതുവരെ, അങ്ങിനെ സ്പഷ്ടമാകും. **لهم** അവര്‍ക്ക്. **أنه الحق** അത് യഥാര്‍ത്ഥമാണെന്ന്. **أولم يكف** പോരേ, മതിയാവുകയില്ലേ. **بربك** നിന്‍റെ റബ്ബ് തന്നെ. **أنه** അതായത് അവനാണെന്നുള്ളത്. **على كل شيء** എല്ലാ കാര്യത്തിനും,. **شهيد** ദൃക്സാക്ഷിയാണ്.

ഖുര്‍ആന്‍ അവതരിച്ച കാലത്തുള്ള മുശ്രിക്കുകളെ സംബന്ധിച്ചിടത്തോളം, ഈ ദീര്‍ഘദര്‍ശനം വ്യക്തമായി പുലര്‍ന്ന് കഴിഞ്ഞതാണ്. മക്കാപരിസരങ്ങള്‍ മാത്രമല്ല. അറേബ്യ മുഴുവനും ഏറെക്കുറെ പത്തുകൊല്ലങ്ങള്‍കൊണ്ട് ഇസ്‌ലാമിന്‍റെ അധീനത്തില്‍ വരുകയും, ഖുര്‍ആന്‍റെ സത്യത സ്വീകരിക്കുകയും ചെയ്തു. അധികം താമസിയാതെ, അറേബ്യായുടെ മിക്ക അയല്‍നാടുകളും, ഇസ്‌ലാമിന്‍റെ നാടായി മാറി. ലോകത്തിന്‍റെ ഇതരഭാഗങ്ങളില്‍ അതിന്‍റെ മാറ്റൊലി വീശുകയും ചെയ്തു. അന്ന് ഇസ്‌ലാം ജയിച്ചടക്കിയ രാജ്യങ്ങള്‍-ചിലതെല്ലാം നാമമാത്രമാണെങ്കിലും ഇന്നിതുവരെയും മുസ്‌ലിം രാജ്യങ്ങളായിത്തന്നെ അവശേഷിക്കുകയു ചെയ്യുന്നു.

നാനാഭാഗങ്ങളിലും, അവരില്‍തന്നെയും ദൃഷ്ടാന്തങ്ങള്‍ കാട്ടിക്കൊടുക്കുമെന്ന് പറഞ്ഞത് കുറെകൂടി വിശാലമായ അര്‍ത്ഥത്തിലും വ്യാഖ്യാനിക്കപ്പെടാറുണ്ട്. അല്ലാഹുവിന്‍റെ സൃഷ്ടി മാഹാത്മ്യത്തെയും, ഖുര്‍ആന്‍റെ സിദ്ധാന്തങ്ങളെയും സാക്ഷീകരിക്കുന്നതായി ആകാശത്തും, ഭൂമിയിലും നിലകൊള്ളുന്ന കണക്കറ്റ പ്രകൃതി ദൃഷ്ടാന്തങ്ങള്‍, മനുഷ്യന്‍റെ ആകൃതി, പ്രകൃതി, ജനനം വളര്‍ച്ച, ശരീരഘടന, മാനസിക വിശേഷത ആദിയായ എല്ലാറ്റിലും അടങ്ങിയ അത്ഭുത രഹസ്യങ്ങള്‍ പലതും അല്ലാഹു ജനങ്ങള്‍ക്ക് പൂര്‍വ്വാധികം മനസ്സിലാക്കിക്കൊടുക്കും എന്നാണിതിന്‍റെ ചുരുക്കം. പുരോഗമിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രീയ നേട്ടങ്ങളും ഗവേഷണ

പരമ്പരകളും വഴി ഈ തുറകളിലെല്ലാം മനുഷ്യന്റെ അറിവ് വർദ്ധിച്ചു കൊണ്ടിരിക്കുകയാണല്ലോ. പ്രസ്തുത അറിവുകൾ ഓരോന്നും നിഷേധത്തിന്റെ കറ പറ്റാത്ത ഹൃദയങ്ങൾക്ക് അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള ദൃഷ്ടാന്തങ്ങളായി ബോധ്യപ്പെടുന്നതാണെന്ന് തീർത്ത് പറയാം. وا لله اعلم

أَلَآ إِنَّهُمْ فِى مِرْيَةٍ مِّن لِّقَآءِ رَبِّهِمْ ۗ أَلَآ إِنَّهُۥ بِكُلِّ شَىْءٍ مُّحِيطٌۢ ﴿٥٤﴾

54 അല്ലാ! (അറിയുക;) നിശ്ചയമായും അവർ തങ്ങളുടെ രക്ഷിതാവുമായി കണ്ടുമുട്ടുന്നതിനെക്കുറിച്ച് സന്ദേഹത്തിലാണ്. അല്ലാ! (അറിയുക:) നിശ്ചയമായും, അവൻ എല്ലാ വസ്തുവെയും വലയം ചെയ്തവനാകുന്നു.

---

54 ألا അല്ലാ, അറിയുക. إنهم നിശ്ചയമായും അവർ. في مرية സന്ദേഹ (സംശയ) ത്തിലാണ്. من لقاءِ കാണുന്ന (കണ്ട് മുട്ടുന്ന)തിനെക്കുറിച്ച്. ربهم തങ്ങളുടെ റബ്ബിനെ, റബ്ബുമായി. ألا إنه അല്ലാ (അറിയുക) നിശ്ചയമായും അവൻ. بِكُلِّ شيءٍ എല്ലാ വസ്തുവിനെയും. محيطٌ വലയം ചെയ്തവനാണ്.

ഖുർആനെ നിഷേധിക്കുന്നവരുടെ നിഷേധത്തിന്റെ മൂലകാരണമാണ് ആദ്യത്തെ വാക്യം ചൂണ്ടിക്കാട്ടുന്നത്. അല്ലാഹുവുമായി കണ്ടുമുട്ടേണ്ടിവരുമെന്ന കാര്യത്തിൽ-അഥവാ മരണാനന്തര ജീവിതത്തിൽ-അവർ സംശയാലുക്കളാണ്. ഭൗതിക ജീവിതം അവസാനിക്കുന്നതോടെ എല്ലാം കഴിഞ്ഞുവെന്നാണവരുടെ ധാരണ. ഇതാണ് അതിന്റെ മൂലകാരണം. അല്ലാഹുവിന്റെ അറിവിലും, കഴിവിലും ഉൾപെടാത്തതായി യാതൊന്നും തന്നെയില്ല. ഓരോ കാര്യത്തിലും വേണ്ടുന്ന നടപടികൾ അവൻ എടുക്കാതെ വിട്ടുകളയുന്നതുമല്ല. അതവർ ഓർത്തിരിക്കട്ടെ. എന്നിങ്ങിനെയുള്ള ഒരു വമ്പിച്ച താക്കീതാണ് രണ്ടാമത്തെ വാക്യത്തിൽ അടങ്ങിയിരിക്കുന്നത്.

ولله الحمد والمنة

Translation & Intereptation by:

Muhammed Amani Moulavi
Published by:

Kerala Nadvathul Mujahideen – Mujahid Centre – Calicut -4

Prepared by:
www.islamhouse.com as per the copyright received from the Publishers:
To be used for Reference and Daawa purpose only.